بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 21

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 മെയ് 23/ഹി:ശം:1398 ഹിജ്റത്ത് 23/ഹി:ഖ:1440 റമളാൻ 17


## അല്ലാഹുവിന്റെ വചനം

اَفَغَیۡرَ دِیۡنِ اللّٰہِ یَبۡغُوۡنَ وَلَہٗۤ اَسۡلَمَ مَنۡ فِی السَّمٰوٰتِ وَالۡاَرۡضِ طَوۡعًا وَّکَرۡہًا وَّاِلَیۡہِ یُرۡجَعُوۡنَ ○

"അപ്പോൾ അല്ലാഹുവിന്റെ മതത്തെയല്ലാതെ മറ്റു വല്ലതിനേയുമാണോ അവർ അന്വേഷിക്കുന്നത്? വാസ്തവത്തിൽ ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം സ്വമനസ്സാലെയോ നിർബന്ധിതമായോ അവന് കീഴ്പെട്ടിരിക്കുന്നു. ഒടുവിൽ അവങ്കലേക്കു തന്നെ അവർ തിരിച്ചയക്കപ്പെടുന്നതുമാണ്."(3:84)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നിങ്ങൾ സത്യഹൃദയത്തോടെ തൗബ ചെയ്യുക. തഹജ്ജുദിന് എഴുന്നേല്ക്കുക. ദുആ ചെയ്യുക. മനസ് നേരെയാക്കുക. ദുർബലതകൾ കൈയൊഴിയുക. അല്ലാഹുവിന്റെ ഇംഗിതമനുസരിച്ച് നിങ്ങളുടെ വാക്കും പ്രവൃത്തിയും ആക്കുക. ഈ ഉപദേശത്തെ നിത്യജപമാക്കുന്നവരുടേയും കർമപരമായ നിലയിൽ ദുആ ചെയ്യുന്നവരുടേയും അല്ലാഹുവിന്റ മുമ്പിൽ കേഴുന്നവരുടേയുംമേൽ അല്ലാഹു കരുണ ചെയ്യുമെന്ന് ദൃഢമായും വിശ്വസിക്കുക. അവന്റെ മനസ്സിൽ മാറ്റമുണ്ടാകുന്നതായിരിക്കും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### അല്ലാഹുവിനോടു നിരാശരാകരുത്.

"എത്രത്തോളം ഒരാൾ സാമീപ്യം കരസ്ഥമാക്കുന്നുവോ അത്രത്തോളം അയാൾ ചോദ്യം ചെയ്യലിന് അർഹനാണെന്ന് ഞാൻ പലവട്ടം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. അകലത്തുള്ളവർ ചോദ്യം ചെയ്യലിന് അർഹരല്ല; പക്ഷേ, നിങ്ങളാണ്. നിങ്ങൾക്ക് അവരുടെമേൽ എന്തെങ്കിലും ഈമാനികമായ ആധിക്യമില്ലെങ്കിൽ നിങ്ങളും അവരും തമ്മിൽ വ്യത്യാസമെന്താണ്? ആയിരക്കണക്കിനാളുകളുടെ ദൃഷ്ടിക്ക് താഴെയാണ് നിങ്ങളുള്ളത്. അവർ സർക്കാരിന്റെ ചാരന്മാരെപോലെ നിങ്ങളുടെ അനക്കമടക്കങ്ങളെല്ലാം നോക്കിക്കൊണ്ടിരിക്കുന്നു. അവർ സത്യവാന്മാരാണ്. മസീഹിന്റെ കൂട്ടുകാർ സ്വഹാബാക്കളുടെ തോളോടുതോൾ ചേർന്ന് നടക്കാൻ തുടങ്ങിയപ്പോൾ നിങ്ങൾ അവരെ പോലെയായോ? നിങ്ങൾ അവരെ പോലെയല്ലെങ്കിൽ പിടിക്കപ്പെടാൻ അർഹരാണ്. ഇത് പ്രാരംഭ അവസ്ഥയാണെങ്കിലും മരണത്തെ വിശ്വസിക്കാൻ പറ്റുമോ? മരണമെന്ന് പറയുന്നത് എല്ലാവർക്കും വന്നുഭവിക്കുന്ന അനിഷേധ്യമായൊരു കാര്യമാണ്. ഈ അവസ്ഥയിൽ നിങ്ങൾ എങ്ങനെയാണ് അശ്രദ്ധരാകുന്നത്? ഞാനുമായി ആരെങ്കിലും ബന്ധംവെക്കുന്നില്ലെങ്കിൽ അത് മറ്റൊരു കാര്യമാണ്. പക്ഷേ, നിങ്ങൾ എന്റെയടുക്കൽ വന്ന സ്ഥിതിക്ക്, എന്റെ വാദം സ്വീകരിക്കുകയും എന്നെ മസീഹായി വിശ്വസിക്കുകയും ചെയ്ത സ്ഥിതിക്ക് 'മിൻവജ്ഹിൻ' നിങ്ങൾ ആദരണീയരായ സ്വഹാബാക്കളുടെ തോളോട് തോൾ ചേർന്ന് നടക്കുന്നുവെന്ന് വാദിച്ചിരിക്കുകയാണ്. സത്യസന്ധതയിലും കൂറിലും നടക്കുന്നതിന് സ്വഹാബാക്കൾ എപ്പോഴെങ്കിലും മടികാണിച്ചുവോ? അവരിൽ എന്തെങ്കിലും അലസത ഉണ്ടായിരുന്നുവോ? അവർ ശല്യപ്പെടുത്തുന്നവരായിരുന്നോ? അവർ തങ്ങളുടെ വികാരങ്ങൾ നിയന്ത്രിച്ചിരുന്നില്ലേ? അവർ സൽസ്വഭാവികളായിരുന്നില്ലേ? അവരിൽ അങ്ങേയറ്റത്തെ വിനയമായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് അല്ലാഹു നിങ്ങൾക്കും അങ്ങനെയുള്ള തൗഫീഖ് നല്കാൻ ദുആ ചെയ്യുക. കാരണം അല്ലാഹുവിന്റെ സഹായമില്ലാതെ ആർക്കും വണക്കത്തോടും വിനയത്തോടും ജീവിക്കാൻ സാധിക്കുകയില്ല. നിങ്ങൾ ആത്മപരിശോധന നടത്തുക. കുട്ടിയെപോലെ നിങ്ങൾ നിങ്ങളെ ദുർബലരായി കണ്ടാൽ പരിഭ്രമിക്കരുത്. *ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം* എന്ന ദുആ സ്വഹാബാക്കളെ പോലെ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു തന്റെ വഴി നിങ്ങൾക്ക് കാണിക്കുന്നതിന് രാത്രികളിൽ എഴുന്നേറ്റ് ദുആ ചെയ്യുക. നബി(സ)തിരുമേനിയുടെ സ്വഹാബത്തും ഘട്ടം ഘട്ടമായാണ് ശിക്ഷണം പ്രാപിച്ചത്. അവർ ആദ്യം എന്തായിരുന്നു? അവർ ഒരു കർഷകന്റെ വിത്തിടൽപോലെയായിരുന്നു. പിന്നീട് നബി(സ) തിരുമേനി നനച്ചു വളർത്തി. അവിടന്ന് അവർക്കു വേണ്ടി ദുആ ചെയ്തു. വിത്ത് നല്ലതായിരുന്നു; മണ്ണും നല്ലത്. ആ നനവിന്റെ ഫലം നല്ലതായി പുറത്തുവന്നു. നബി(സ)തിരുമേനി നടന്നതുപോലെ അവർ നടന്നു. അവർ രാവും പകലും കാത്തു നിന്നില്ല. നിങ്ങൾ സത്യഹൃദയത്തോടെ തൗബ ചെയ്യുക. തഹജ്ജുദിന് എഴുന്നേല്ക്കുക. ദുആ ചെയ്യുക. മനസ് നേരെയാക്കുക. ദുർബലതകൾ കൈയൊഴിയുക. അല്ലാഹുവിന്റെ ഇംഗിതമനുസരിച്ച് നിങ്ങളുടെ വാക്കും പ്രവൃത്തിയും ആക്കുക. ഈ ഉപദേശത്തെ നിത്യജപമാക്കുന്നവരുടേയും കർമപരമായ നിലയിൽ ദുആ ചെയ്യുന്നവരുടേയും കർമപരമായ നിലയിൽ അല്ലാഹുവിന്റ മുമ്പിൽ കേഴുന്നവരുടേയുംമേൽ അല്ലാഹു കരുണ ചെയ്യുമെന്ന് ദൃഢമായും വിശ്വസിക്കുക. അവന്റെ മനസ്സിൽ മാറ്റമുണ്ടാകുന്നതായിരിക്കും. അല്ലാഹുവിനോടു നിരാശരാകരുത്.

***ബർകരീമാൻ കാരഹാ ദുശ്വാർ നീസ്ത്***

### പൗരുഷശാലിക്ക് ഒരു ജോലിയും പ്രയാസമാകുകയില്ല

തങ്ങൾ എന്താ വൊലിയാകാൻ പോകുന്നോ എന്ന് ചിലർ ചോദിക്കാറുണ്ട്. അഹോ കഷ്ടം! അവർ ഒട്ടും വില നല്കിയില്ല. മനുഷ്യൻ വൊലിയാകുമെന്നതിൽ സംശയമില്ല. അവർ സിറാത്തെ മുസ്തഖീമിലൂടെ നടക്കുകയാണെങ്കിൽ അല്ലാഹുവും അവനിലേക്ക് നടന്നടുക്കും. പിന്നീട് ഒരു സ്ഥലത്ത് അവനുമായി കൂടിക്കാഴ്ചയും നടക്കും. അവനിൽനിന്ന് നടത്തം വളരെ പെട്ടെന്നായിരിക്കും. *വല്ലദീന ജാഹദൂ ഫീന ലനഹ്ദിയന്നഹും സുബുലനാ*(29:70)എന്ന വചനം അതാണ് സൂചിപ്പിക്കുന്നത്. അതിനാൽ ഏതൊരു കാര്യങ്ങളാണോ ഞാൻ ഇന്ന് വസിയ്യത്ത് ചെയ്തത് അവ ഓർമവെക്കുക. മോക്ഷത്തിന്റെ അച്ചുതണ്ട് അതിലാണ്. അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള നിങ്ങളുടെ കാര്യങ്ങൾ എങ്ങനെയാകണമെന്നാൽ അതിൽ ദൈവപ്രീതി മാത്രമുണ്ടാകണം. അതിൽനിന്ന് നിങ്ങൾ *വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം* എന്നതിന്റെ പ്രതിഭകളാകണം (62:4).

### ഇസ്റായീലി ഇസ്മായീലി പരമ്പരകളിൽ മസീഹിന്റെ നിയോഗം

അതേ! മുമ്പേ വിവരിച്ചുകഴിഞ്ഞിട്ടുള്ളതുപോലെ അല്ലാഹുവിന്റെ യുക്തിജ്ഞാനം ഇഷ്ടപ്പെട്ടത് ഇസ്റായീലി ഇസ്മായീലി രണ്ടു പരമ്പര ലോകത്ത് സ്ഥാപിതമാകണമെന്നാണ്. ആദ്യപരമ്പര ഹദ്റത്ത് മൂസായിൽനിന്ന് തുടങ്ങി ഹദ്റത്ത് മസീഹിൽ അവസാനിച്ചു. ഇത് 1400 വർഷം വരെ നിന്നു. ഇതേപോലെ ഹദ്റത്ത് നബി(സ) തിരുമേനി മുതൽ ഈ 14-ാം നൂറ്റാണ്ടിൽ ഒരു മസീഹ് വരുമെന്നുള്ള സൂചനയുണ്ട്. 14 എന്ന സംഖ്യയ്ക്കുള്ള പ്രത്യേകബന്ധം ഒന്ന് മനുഷ്യൻ 14-ാം വയസ്സിലാണ് പക്വപ്രായമാകുന്നത് എന്നതാണ്. യഹൂദികളിൽ ഒരുപാട് കക്ഷികളുണ്ടാകുമ്പോഴാണ് മസീഹ് വരികയെന്നുള്ള വിവരം ഹദ്റത്ത് മൂസായ്ക്ക് കിട്ടിയിരുന്നു; അവരുടെ വിശ്വാസങ്ങളിൽ കഠിനമായ ഭിന്നതകളുണ്ടാകും. ചിലർ മലക്കുകളെ നിഷേധിക്കും. ചിലർ ഖിയാമത്തിനേയും പുനരുത്ഥാനത്തേയും നിഷേധിക്കും. അങ്ങനെ എല്ലാ തരത്തിലുള്ള അന്ധവിശ്വാസങ്ങളും പരക്കുമ്പോൾ 'ഹക്കം'(നീതിമാനായ വിധികർത്താവ്) എന്ന നിലയിൽ മസീഹ് അവരിൽ വരും. ഇപ്രകാരം തന്നെ നമ്മുടെ സമ്പൂർണ മാർഗദർശിയും(സ)നിങ്ങളിലും യഹൂദികളെപോലെ ധാരാളം കക്ഷികളുണ്ടാകുമ്പോൾ, അവരെപോലെ വിവിധതരത്തിലുള്ള അന്ധവിശ്വാസങ്ങളുണ്ടാകുമ്പോൾ, ദുഷ്കർമങ്ങൾ തുടങ്ങുമ്പോൾ ഉലമാ യഹൂദികളെപോലെ ചിലർ ചിലരെ കാഫിറാക്കുമ്പോൾ ഈ കരുണ ചെയ്യപ്പെട്ട ഉമ്മത്തിൽ മസീഹും 'ഹക്കം' എന്ന നിലയിൽ വരുന്നതായിരിക്കും. അദ്ദേഹം എല്ലാ കാര്യങ്ങളും ഖുർആൻകൊണ്ട് വിധിക്കും. മസീഹിനെപോലെ അദ്ദേഹവും ജനതയുടെ കൈയാൽ പീഢിപ്പിക്കപ്പെടും. കാഫിർ എന്ന ഫത്വ നല്കപ്പെടും. ഇവർ അജ്ഞതകൊണ്ട് ആ വ്യക്തിയെ ദജ്ജാലെന്നും

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദർ ബോർഡ്,ഖാദിയാൻ

**ഏകഉമ്മത്തിന്റെ സ്ഥാപനം നിലവിൽവരുക എന്ന അടിസ്ഥാനപരമായ തത്ത്വത്തിലാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അടിത്തറയിട്ടിരിക്കുന്നതെന്ന കാര്യം എപ്പോഴും ഓർക്കുക.**

**കൂടുതൽ മുത്തഖിയായിട്ടുള്ളവനാണ് അല്ലാഹുവിന്റെ പക്കൽ ഏറ്റവും വലിയ ആദരണീയൻ. അതുകൊണ്ട് വ്യക്തിത്വങ്ങളിൽ അഭിമാനിക്കുകയും അഹങ്കരിക്കുകയുമരുത്. അത് നന്മയ്ക്ക് തടസ്സത്തിന് കാരണമാകും. നന്മയിലും ഭക്തിയിലും അഭിവൃദ്ധിപ്പെടുക എന്നതാണ് ആവശ്യം. അല്ലാഹുവിന്റെ ഫള്‌ലും ബർക്കത്തുകളും ആ വഴിയിലൂടെയാണ് വരുന്നത്.**

**അല്ലാഹു തീരുമാനിച്ചുകഴിഞ്ഞ സ്ഥിതിക്ക് എന്റെ പക്കൽ വ്യക്തിത്വം ഒരു സർട്ടിഫിക്കറ്റുമല്ല. യഥാർഥ ആദരവിനും മഹത്വത്തിനും കാരണം തഖ്‌വ മാത്രമാണ്.**

**നമ്മുടെ വീക്ഷണം രാജ്യങ്ങൾക്കും ഗോത്രങ്ങൾക്കും വലിയ മഹത്വത്തിനും അതീതമാകുമ്പോഴാണ് ഒരൊറ്റസമുദായം രൂപംകൊള്ളുന്നത്. അല്ലാഹു നമുക്ക് ഒരൊറ്റജമാഅത്തിന്റെ സ്ഥാപനത്തിന്റെ അത്തരം ദൃശ്യങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ ഒരു ജമാഅത്തായിക്കൊണ്ട് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു.**

## 2019 ജനുവരി 4മുതൽ 6വരെ നടന്ന ഘാന ജൽസസാലാനയിൽ അമീറുൽമുഅ്മിനീന്റെ സന്ദേശം.

ഘാന അഹ്മദിയ്യാ ജമാഅത്തിന്റെ 87-ാമത് ജൽസസാലാന 2019 ജനുവരി 4മുതൽ 6വരെ ബാഗെ അഹ്മദിൽ സംഘടിപ്പിച്ചു. ഇതിൽ രാജ്യത്തെ 38079 അഹ്മദി അംഗങ്ങൾ, സ്ത്രീകൾക്കു പുറമെ രാഷ്ട്രീയ സാമാജിക മതനേതാക്കളും പങ്കെടുത്തു. ആദ്യ ദിവസം 2019 ജനുവരി 4 വെള്ളിയാഴ്ച: ജൽസാ പരിപാടികൾ തഹജ്ജുദ് നമസ്കാരത്തോടെ ആരംഭിച്ചു. സുബ്ഹി നമസ്കാരത്തിനുശേഷം 'ദാമ്പത്യബന്ധങ്ങളിൽ ആത്മാർഥതയുടേയും സ്നേഹത്തിന്റേയും പ്രാധാന്യം' എന്ന വിഷയത്തിൽ ദർസ് നടന്നു. ഉൽഘാടന യോഗം: ഘാന ഇന്റർനാഷണൽ ജാമിഅ അഹ്മദിയ്യ വിദ്യാർഥി ഹാഫിള് ഉഥ്മാൻ യബോഹ സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ചു. ഇതിനുശേഷം മദ്റസത്തുൽ ഹിഫ്ള് ക്ലാസിലെ വിദ്യാർഥികൾ 'ഖിലാഫത്ത് കെ അമീൻ ഹം ഹൈ' എന്ന പദ്യം സംഘമായി ആലപിച്ചു. അതിനുശേഷം അമീർ സാഹിബ്, സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ ജൽസ സാലാന ഘാനയ്ക്കുവേണ്ടിയുള്ള സ്നേഹനിർഭരമായ സന്ദേശം വായിച്ചുകേൾപ്പിച്ചു. തുടർന്ന് അമീർ സാഹിബ് പ്രാരംഭ ദുആ ചെയ്യിച്ചു. ഇതിനു ശേഷം ദോൽട്ടാസോണിലെ അംഗങ്ങൾ തദ്ദേശഭാഷയിൽ സംഘഗാനം ആലപിച്ചു. ജൽസയിൽ ആദ്യപ്രസംഗം നാഷണൽ സെക്രട്ടറി സ്വൻഅത്ത് വ തിജാറത്ത് അബ്ദുസ്സ്വമദ് ഈസാ സാഹിബിന്റേതായിരുന്നു. ഈ മീറ്റിംഗിനുശേഷം ജൽസാഗാഹിൽ ജുമുഅ നിർവഹിക്കപ്പെട്ടു. രാത്രിയിലെ യോഗം മഗ്‌രിബ് ഇശാ നമസ്കാരത്തിനുശേഷം ഗ്രേഡാക്കറ സോണൽ മുബല്ലിഗ് മൗലവി ബിലാൽ അഹ്മദ് ഖമർ സാഹിബ് 'ഹദ്റത്ത് അമ്മാജാൻ സ്ത്രീകൾക്കു മാതൃക' എന്ന ശീർഷകത്തിൽ ദർസ് നല്കി. 2019 ജനുവരി 5 ശനിയാഴ്ച: തഹജ്ജുദ് നമസ്കാരത്തിനും സുബ്ഹി നമസ്കാരത്തിനുശേഷം 'ഖുർആൻ പാരായണത്തിന്റെ ബർക്കത്തുകൾ' എന്ന ശീർഷകത്തിൽ ദർസ് നടന്നു. രണ്ടാമത്തെ യോഗത്തിൽ ഘാനാ വൈസ് പ്രസിഡണ്ട് ജനാബ് മഹാമൂദോ ബാവോമിയാ സാഹിബ് എത്തിയിരുന്നു. അമീർ സാഹിബ് അഹ്മദിയ്യത്തിന്റെ പതാകയും വൈസ് പ്രസിഡണ്ട് ഘാന, ഘാനയുടെ പതാകയും ഉയർത്തി. ഘാന വൈസ് പ്രസിഡണ്ടിനു പുറമെ ഭരണരംഗത്തും മതരംഗത്തും സാമാജികരംഗത്തും പ്രവർത്തിക്കുന്ന സംഘടനകളിലെ ഉന്നത വ്യക്തികളും പങ്കെടുത്തിരുന്നു. ഉമർ ഫാറൂഖ് സാഹിബാണ് ഖുർആൻ പാരായണം ചെയ്തത്. സഈദ് ഫള്‌ലുല്ലാഹ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖസീദ കേൾപ്പിച്ചു. കുറച്ചംഗങ്ങൾ തദ്ദേശ ഭാഷകളിൽ അഹ്മദിയ്യാ ഗാനങ്ങൾ ആലപിച്ചു. തുടർന്ന് അമീർ സാഹിബ് സ്വാഗതഭാഷണം നടത്തി. നാഷണൽ ചീഫ് ഇമാം അൽഹാജ് ഉഥ്മാൻ നൂഹ് ശർബാനോ സാഹിബ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. അതിനുശേഷം അതിഥികൾ തങ്ങളുടെ പ്രതികരണങ്ങളും വിവരിച്ചു. ജാമിഅത്തുൽ മുബശ്ശിരിനീലെ വിദ്യാർഥികൾ സ്തുതിഗീതങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ഘാന വൈസ്പ്രസിഡണ്ട് ജനാബ് മഹാമോദോ ബാവോമിയാ സാഹിബ് പ്രസംഗിച്ചു. അതോടെ ജൽസയുടെ ആദ്യ സെഷൻ സമാപിച്ചു. മൂന്നാമത്തെ സെഷൻ വൈകുന്നേരം 5 മണിക്ക് നാഇബ് അമീർ ദോമും അഫ്സർ ജൽസ സാലാനയുമായ അൽഹാജ് വഹാബ് ഈസാ സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ഘാന മദ്റസത്തുൽ ഹിഫ്ള് വിദ്യാർഥി ഫോഫാന അബ്ദുൽ വൊലി സാഹിബ് ഖുർആൻ പാരായണം ചെയ്തു. ഘാന ഇന്റർനാഷണൽ ജാമിഅ അഹ്മദിയ്യാ വിദ്യാർഥി ത്വാഹിർ റമളാൻ സാഹിബ് ഉർദു പദ്യം മനോഹരമായ ഈണത്തിൽ ആലപിച്ചു. ബോദോ മുബല്ലിഗ് മൗലവി ശാഹിദ് മഹ്മൂദ് സാഹിബും മൗലവി അബ്ദുൽ ഹക്കീം സാഹിബും പ്രസംഗിച്ചു. അധ്യക്ഷഭാഷണത്തിനുശേഷം ഈ സെഷൻ സമാപിച്ചു. 2019 ജനുവരി 6 ഞായറാഴ്ച സമാപന യോഗം: ഘാന മദ്റസത്തുൽ ഹിഫ്ള് വിദ്യാർഥി ഇസ്മായീൽ സുൽത്വാൻ അഹ്മദ് സാഹിബ് ഖുർആൻ പാരായണം ചെയ്തു. ഘാന ഇന്റർനാഷണൽ ജാമിഅ അഹ്മദിയ്യ വിദ്യാർഥി വലീദ് അഹ്മദ് സാഹിബ് ഒരു പദ്യം ആലപിച്ചു. ഡോക്ടർ കലീം ഇബ്റാഹീം സാഹിബ് പ്രസംഗിച്ചു. തുടർന്ന് ഒരു സംഘഗാനം അവതരിപ്പിച്ചു. അമീർ സാഹിബ് കോളേജുകളിൽനിന്നും യൂണിവേഴ്സിറ്റികളിൽനിന്നും ഉന്നതമാർക്കോടെ പാസായ വിദ്യാർഥി വിദ്യാർഥിനികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സർട്ടിഫിക്കറ്റ് വിതരണത്തിനുശേഷം വിവിധ രാജ്യങ്ങളിൽനിന്നുള്ള അമീറുമാരും അംഗങ്ങളും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഘാന അമീർ സാഹിബ് സമാപന ഭാഷണം നടത്തി. പ്രസംഗത്തിനുശേഷം അദ്ദേഹം സമൂഹപ്രാർഥനയ്ക്ക് നേതൃത്വം നല്കി. ജൽസാ പരിപാടികൾ സമാപിച്ചു. ഈ സമ്മേളനത്തിലേക്ക് അമീറുൽ മുഅ്മിനീൻ അയച്ച സന്ദേശം അൽഫള്ൽ ഇന്റർനാഷണൽ 2019 മാർച്ച് 15ന് പ്രസിദ്ധീകരിച്ചത് നന്ദിയോടെ ഇവിടെ സമർപിക്കുകയാണ്. (പത്രാധിപർ)

ഹുദൂർ പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ 87-ാമത ജൽസാസാലാന 2019 ജനുവരി 4 മുതൽ 6 വരെ സംഘടിപ്പിക്കുന്നു എന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. അല്ലാഹു എല്ലാവിധത്തിലും നിങ്ങളുടെ ജൽസയെ വിജയിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ എന്ന് ദുആ ചെയ്യുന്നു. ജൽസയിൽ പങ്കെടുക്കുന്നവർ, ഈ മതപരമായ സമ്മേളനത്തിൽനിന്ന് അതിരറ്റ ആത്മീയഫലങ്ങൾ കരസ്ഥമാക്കുന്നവരായിത്തീരട്ടെ. ജമാഅത്തംഗങ്ങൾ നിരന്തരം നന്മകളിലും തഖ്‌വയി ലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുമാറാകട്ടെ.

ദൈവകൃപയാൽ ഘാന അഹ്മദിയ്യാ ജമാഅത്ത് നിത്യേന അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണ്. പല അടിസ്ഥാനത്തിലും കെട്ടുറപ്പുള്ളതായിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹു നിങ്ങളെല്ലാവരേയും നന്മയിലും ആത്മാർപണത്തിലും ശക്തിപ്പെടുത്തുമാറാകട്ടെ.

ഏകഉമ്മത്തിന്റെ സ്ഥാപനം നിലവിൽവരുക എന്ന അടിസ്ഥാനപരമായ തത്ത്വത്തിലാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അടിത്തറയിട്ടിരിക്കുന്നതെന്ന കാര്യം എപ്പോഴും ഓർക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് വ്യക്തമാക്കിയിരിക്കുന്നു. ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് മനുഷ്യരെല്ലാം - ഏതു ദേശവുമായും പ്രദേശവുമായും ഗോത്രവുമായും ബന്ധംവെക്കുന്നവരാണെങ്കിലും അല്ലാഹുവിന്റെ സൃഷ്ടികളാണ്. അല്ലാഹു വിശുദ്ധഖുർആനിൽ ഹുജുറാത്ത് എന്ന അധ്യായത്തിൽ 14-ാമത്തെ വചനത്തിൽ പറയുന്നു: *യാ അയ്യുഹന്നാസു ഇന്നാ ഖലഖ്നാക്കും മ്മിൻ ദക്കരിൻ വ്വ ഉൻഥാ വജഅൽനാ ക്കും ശുഊബൻ വ്വ ഖബാഇല ലിതആറഫൂ. ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ* (49:14)

മനുഷ്യരേ! തീർച്ചയായും നാം നിങ്ങളെ ആണി ൽ നിന്നും പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു; നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാണ്.

വിവിധ ജനങ്ങളേയും ഗോത്രങ്ങളേയും സൃഷ്ടിച്ചിട്ടുള്ളത് നമ്മൾ പരസ്പരം തിരിച്ചറിയാനാണ്. സത്യമായ ദൈവഭയം, അതായത് പരിശുദ്ധി കരസ്ഥമാക്കുന്നവരെ ഉരച്ചറിയാനാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: കൂടുതൽ മുത്തഖിയായിട്ടുള്ളവനാണ് അല്ലാഹുവിന്റെ പക്കൽ ഏറ്റവും വലിയ ആദരണീയൻ. അതുകൊണ്ട് വ്യക്തിത്വങ്ങളിൽ അഭിമാനിക്കുകയും അഹങ്കരിക്കുകയുമരുത്. അത് നന്മയ്ക്ക് തടസ്സത്തിന് കാരണമാകും. നന്മയിലും ഭക്തിയിലും അഭിവൃദ്ധിപ്പെടുക എന്നതാണ് ആവശ്യം. അല്ലാഹുവിന്റെ ഫള്‌ലും ബർക്കത്തുകളും ആ വഴിയിലൂടെയാണ് വരുന്നത്. (അൽഹക്കം, വാല്യം 8, നമ്പർ 39, 1904 സെപ്തംബർ 24, പേജ് 4)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനേയും പറഞ്ഞു: ആദരണീയനും മഹത്വവാനും എന്തെങ്കിലും ഭൗതികമായ തത്ത്വങ്ങളാൽ ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ പക്കൽ വലിയവൻ ദൈവഭക്തിയുള്ളവനാണ്. *ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ.*

ഈ വിവിധ വ്യക്തിത്വങ്ങളുണ്ടല്ലോ, അത് മാന്യതയ്ക്കുള്ള കാരണമല്ല. അല്ലാഹുവിനെ തിരിച്ചറിയാനാണ് വ്യക്തിത്വങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. ഇപ്പോഴാണെങ്കിൽ നാലുതലമുറ വരെയുള്ള യഥാർഥമേൽവിലാസം കണ്ടുപിടിക്കുകതന്നെ പ്രയാസമാണ്. വ്യക്തിത്വങ്ങളുടെ പേരിൽ കലഹിക്കുക എന്നത് മുത്തഖിയ്ക്ക് ചേർന്നതല്ല. അല്ലാഹു തീരുമാനിച്ചുകഴിഞ്ഞ സ്ഥിതിക്ക് എന്റെ പക്കൽ വ്യക്തിത്വം ഒരു സർട്ടിഫിക്കറ്റുമല്ല. യഥാർഥ ആദരവിനും മഹത്വത്തിനും കാരണം തഖ്‌വ മാത്രമാണ്. (റിപ്പോർട്ട് ജൽസാ സാലാന 1987 പേജ് 50)

നമ്മുടെ വീക്ഷണം രാജ്യങ്ങൾക്കും ഗോത്രങ്ങൾക്കും വലിയ മഹത്വത്തിനും അതീതമാകുമ്പോഴാണ് ഒരു ഒരൊറ്റ സമുദായം രൂപംകൊള്ളുന്നത്. അല്ലാഹു നമുക്ക് ഒരൊറ്റജമാഅത്തിന്റെ സ്ഥാപനത്തിന്റെ അത്തരം ദൃശ്യങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ ഒരു ജമാഅത്തായിക്കൊണ്ട് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെ ദൃശ്യങ്ങൾ വിവിധ രാജ്യങ്ങളിൽ കണ്ടുകൊണ്ടിരിക്കുന്നു. ഘാനയിലും ജാമിഅ അഹ്മദിയ്യായിൽ വിവിധ

( ശേഷം പേജ് 7ൽ)

## ഖുത്ബ ജുമുഅ

നബി(സ)തിരുമേനി പറഞ്ഞു: ഞാൻ ഉറങ്ങുകയും ചെയ്യുന്നു. നമസ്കാരം നിർവഹിക്കുകയും ചെയ്യുന്നു. നോമ്പുകൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അത് ഉപേക്ഷിക്കുകയും ചെയ്യുന്നു. വിവാഹവും ചെയ്തിരിക്കുന്നു. അല്ലയോ ഉഥ്മാൻ! നീ അല്ലാഹുവിനെ ഭയക്കുക. നിന്റെമേൽ നിന്റെ ഭാര്യയ്ക്കും അവകാശമുണ്ട്. നിന്റെ അതിഥിക്കും അവകാശമുണ്ട്. നിന്റെ ആത്മാവിനും നിന്റെമേൽ അവകാശമുണ്ട്. അതുകൊണ്ട് ചിലപ്പോഴെല്ലാം നോമ്പ് അനുഷ്ഠിക്കുകയും ചിലപ്പോൾ അത് വിടുകയും ചെയ്യുക. നമസ്കരിക്കുകയും അതുപോലെ ഉറങ്ങുകയുംചെയ്യുക.

---

അബൂബക്കർ നിസ്വാർഥനാണെങ്കിൽ അയാൾ എന്തിനാണ് ഇത്തരം അത്യാഗ്രഹിയെ വിശ്വസിച്ചത്? അബൂബക്കർ യഥാർഥത്തിൽ നിസ്വാർഥനായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ യജമാനനും നിസ്വാർഥനായിരുന്നുവെന്ന് അംഗീകരിക്കേണ്ടിവരും. ഇത് ഏറ്റവും വലിയ തെളിവാണ്. അതിനെ നിഷേധിക്കുക എളുപ്പമല്ല.

---

'ഭയവും ഉദ്വേഗവും മൂന്നു കാര്യങ്ങൾകൊണ്ടാണ് ഉണ്ടാകുന്നത്. വിശ്വാസംകൊണ്ടോ അറിവുകൊണ്ടോ പണംകൊണ്ടോ. അല്ലാഹു മൂന്നു കാര്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലും ഉണ്ടാക്കി.'

---

**ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ പറയുന്നു: 'എന്റെ മനസ്സിൽ ഈമാൻ അതിന്റെ സ്ഥാനം പിടിച്ച സമയമായിരുന്നു അത്. എനിക്ക് മുഹമ്മദ്(സ)യോട് സ്നേഹമുണ്ടായി.'**

---

പരസ്പരം രക്തദാഹികളായിത്തീർന്നിരിക്കുന്നു. ഈ കുഴപ്പങ്ങൾ തടഞ്ഞുനിറുത്തുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഉണ്ടാക്കിയിട്ടുള്ള ഭിത്തിക്കു പിന്നിൽ വരാൻ അവർ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഈ കുഴപ്പം വർധിച്ചുകൊണ്ടുപോകുന്നത്. അല്ലാഹു നമ്മെ സുരക്ഷിതരാക്കിവെക്കട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അല്ലാഹു ഇക്കാലഘട്ടത്തിൽ ലഭ്യമാക്കിയിരിക്കുന്ന പരിചയുടെ പിന്നിലിരിക്കാൻ അല്ലാഹു തൗഫീഖ് നല്കട്ടെ; ആ ഭിത്തിയുടെ പിന്നിലിരിക്കുക.

---

**ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബി ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ റളിയല്ലാഹു അൻഹുവിന്റെ അനുഗൃഹീത ജീവചരിത്ര വിവരണം**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2019 ഏപ്രിൽ 19/1398 ശഹാദത്ത് 19**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

**ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ:** 'ഇന്ന് ഞാൻ വിവരിക്കുന്ന ബദ്രീ സ്വഹാബിയുടെ പേര് ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ എന്നാണ്. ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂസാഇബ് എന്നായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ മാതാവിന്റെ പേര് സുഖയ്ല ബിൻത് അംബസ് എന്നായിരുന്നു. ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനും അദ്ദേഹത്തിന്റെ സഹോദരൻ ഖുദാമയും രൂപസാദൃശ്യമുളളവരായിരുന്നു. മക്കയിലെ ഖുറയ്ശീ ഗോത്രമായ ജംഹുമായാണ് അദ്ദേഹത്തിന്റെ ബന്ധം.'(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 305–306, ഉഥ്മാൻ ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ ഇസ് ലാം സ്വീകരിച്ച സംഭവം ഇങ്ങനെ ലഭിക്കുന്നു: ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. ഒരിക്കൽ നബി(സ) തിരുമേനി മക്കയിൽ തന്റെ വീടിന്റെ മുറ്റത്ത് ഇരിക്കുകയായിരുന്നു. അതിലൂടെ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ) കടന്നുപോയി. നബിയെ കണ്ട് അദ്ദേഹം പുഞ്ചിരിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തോടു ചോദിച്ചു: 'ഇരിക്കുന്നോ?' അദ്ദേഹം പറഞ്ഞു: 'എന്തുകൊണ്ടില്ല?' അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയുടെ മുമ്പിൽ വന്നിരുന്നു. നബി(സ)തിരുമേനി അദ്ദേഹവുമായി സംസാരിക്കുകയായിരുന്നു; പെട്ടെന്ന് നബി(സ)തിരുമേനി തന്റെ ദൃഷ്ടി മുകളിലേക്കുയർത്തി. ഒരു നിമിഷം അവിടന്ന് ആകാശത്തേക്ക് നോക്കി. പിന്നീട് മെല്ലെ മെല്ലെ തന്റെ ദൃഷ്ടി താഴേക്ക് കൊണ്ടുവന്നു. എത്രത്തോളമെന്നാൽ പിന്നീട് അവിടന്ന് ഭൂമിയിൽ തന്റെ വലതുഭാഗത്ത് നോക്കാൻ തുടങ്ങി. നബിയോടൊപ്പമിരുന്ന ഉഥ്മാൻ മുഖംതിരിച്ച് മറുഭാഗത്തേക്ക് ശ്രദ്ധിക്കുകയും തന്റെ തല താഴ്ത്തുകയും ചെയ്തു. നബി(സ)തിരുമേനി അതിനിടയിൽ എന്തോ കാര്യം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നുവെന്നപോലെ തന്റെ തല കുലുക്കിക്കൊണ്ടിരുന്നു. ഉഥ്മാൻ ബിൻ മള്ഊൻ അടുത്തിരിപ്പുണ്ടായിരുന്നു. ഇതെല്ലാം കാണുന്നുണ്ടായിരുന്നു. കുറച്ചുകഴിഞ്ഞ് നബി(സ)തിരുമേനി ആ അവസ്ഥയിൽനിന്ന് സ്വതന്ത്രനായപ്പോൾ, അപ്പോഴുണ്ടായ അവസ്ഥയിൽനിന്ന് പുറത്തുവന്നപ്പോൾ അങ്ങയോട് ആരോ എന്തോ പറയുന്നുണ്ടായിരുന്നുവെന്നാണ് തോന്നിയിരുന്നത്. ഹദ്റത്ത് ഉഥ്മാന് അറിയുമായിരുന്നില്ല. പക്ഷേ, എന്തായാലും നബി(സ)തിരുമേനിയോടു പറഞ്ഞുകൊണ്ടിരിക്കുകയും അവിടന്ന് അത് മനസ്സിലാക്കുകയും ചെയ്തു. പിന്നീട് അവിടത്തെ ദൃഷ്ടി ആകാശത്തേക്കുയർന്നു; ആദ്യം ഉണ്ടായിരുന്നതുപോലെ. അവിടത്തെ ദൃഷ്ടി ഏതോ കാര്യത്തിന്റെ പിന്നിൽ ചലിച്ചുകൊണ്ടിരുന്നു; അങ്ങനെ അക്കാര്യം ആകാശത്തിൽ അപ്രത്യക്ഷമായി. അതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനെ നോക്കി. അപ്പോൾ ഉഥ്മാൻ പറഞ്ഞു: ഏതെങ്കിലും ഉദ്ദേശ്യത്തിനുവേണ്ടി ഞാൻ അങ്ങയുടെ അടുക്കൽ വരികയും ഇരിക്കുകയും ചെയ്യട്ടെ? ഹദ്റത്ത് ഉഥ്മാൻ നബി(സ)തിരുമേനിയോടു ചോദിച്ചു. ഇന്ന് താങ്കൾ എന്താണോ ചെയ്തത്, ഇതിനു മുമ്പേ ഞാൻ അങ്ങനെ താങ്കൾ ചെയ്തത് കണ്ടിട്ടില്ല. നബി(സ)ചോദിച്ചു: 'താങ്കൾ ഞാൻ എന്തു ചെയ്യുന്നതാണ് കണ്ടത്?' ഉഥ്മാൻ ബിൻ മള്ഊൻ പറഞ്ഞു. താങ്കളുടെ ദൃഷ്ടി ആകാശത്തിലേക്കുയരുന്നത് ഞാൻ കണ്ടു. പിന്നീട് താങ്കൾ വലതുഭാഗത്ത് ദൃഷ്ടി ഉറപ്പിച്ചു. താങ്കൾ എന്നെ വിട്ട് അതിലേക്ക് ശ്രദ്ധിച്ചു. താങ്കൾ താങ്കളുടെ തല കുലുക്കാൻ തുടങ്ങി; താങ്കളോടു പറയുന്നത് മനസ്സിലാക്കാൻ ശ്രമിക്കുന്നതുപോലെ.' നബി(സ)തിരുമേനി ചോദിച്ചു: 'താങ്കൾക്ക് യഥാർഥത്തിൽ അങ്ങനെ തോന്നിയോ?' ഉഥ്മാൻ(റ) പറഞ്ഞു: 'തോന്നി.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഇപ്പോൾ എന്റെയടുത്ത് അല്ലാഹുവിന്റെ ദൂതൻ വന്നു. സന്ദേശവുമായാണ് വന്നത്; താങ്കൾ എന്റെയടുക്കൽ ഇരിക്കുമ്പോൾതന്നെ.' ഉഥ്മാൻ മള്ഊൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതനോ?' (അദ്ദേഹം ചോദിച്ചു). നബി(സ)തിരുമേനി പറഞ്ഞു: 'അതേ.' പിന്നെ എന്താണ് അദ്ദേഹം പറഞ്ഞത്? അവിടന്ന് പറഞ്ഞു: അദ്ദേഹം പറഞ്ഞത് ഇതാണ്: *ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽ ഇഹ്സാനി വ ഈത്താഇദിൽ ഖുർബാ വ യൻഹാ അനിൽഫഹ്ശാഇ വൽമുൻകരി വൽബഗീ യഇളുക്കും ലഅല്ലക്കും തദക്കറൂൻ.*

നീതിപുർത്തുന്നതിനും മറ്റുള്ളവർക്ക് അത് ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്നപോലെ (അന്യർക്കും) സഹായം നൽകുന്നതിനും അല്ലാഹു കല്പിക്കുന്നു. നീചപ്രവൃത്തിയേയും നിഷിദ്ധകർമത്തേയും നിയമലംഘനത്തേയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു. (16:91) ഉഥ്മാൻ ബിൻ മള്ഊൻ(റ) പറയുന്നു: 'എന്റെ മനസ്സിൽ ഈമാൻ അതിന്റെ സ്ഥാനം പിടിച്ച സമയമായിരുന്നു അത്. എനിക്ക് മുഹമ്മദ്(സ)യോട് സ്നേഹമുണ്ടായി.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 1, പേജ് 807, മുസ്നദ് അബ്ദുല്ലാഹ് ബിൻ അബ്ബാസ്, ഹദീഥ് നമ്പർ 2921, ആലമുൽകുതുബ് ബേറൂത്ത് 1998)

നബി(സ)തിരുമേനിയുടെ നുബുവ്വത്ത് വാദത്തിന് ശേഷം ഉണ്ടായ ആദ്യസംഭവങ്ങൾ വിവരിച്ച് കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'പ്രവാചക ദൗത്യത്തിന്റെ ആരംഭകാലത്തു തന്നെ ത്വൽഹ, സുബയ്ർ, ഉമർ, ഹംസ, ഉഥ്മാൻ ബിൻ മള്ഊൻ തുടങ്ങി ഇത്തരം സ്നേഹിതന്മാരെ നബി(സ)തിരുമേനിയ്ക്ക് ലഭിച്ചു. അതിൽ ഒരോരുത്തരും അദ്ദേഹത്തിൽ അനുരക്തരായിരുന്നു. എല്ലാ വ്യക്തികളും അദ്ദേഹത്തിന്റെ

വിയർപ്പുത്തുള്ളികളുടെ സ്ഥാനത്ത് അവരുടെ രക്തം ഒഴുക്കാൻ തയ്യാറായിരുന്നു. ആ പതിമൂന്ന് വർഷക്കാലം പ്രശ്നങ്ങളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം നബി(സ)തിരുമേനിക്ക് സഹിക്കേണ്ടിവന്നു. അതിൽ ഒരു സംശയവുമില്ല. പക്ഷേ, മക്കാവാസികളിൽ ബുദ്ധിയുള്ളവരും വിവേകമുള്ളവരും പദവിയുള്ളവരും ഭയഭക്തിയുള്ളവരും പരിശുദ്ധരായവരും തന്നെ വിശ്വസിച്ചിരിക്കുന്നുവെന്ന കാര്യത്തിൽ നബി(സ)തിരുമേനിക്ക് സമാധാനമുണ്ടായിരുന്നു. മുസ്‌ലിമീംകളെ ഒരു ശക്തിയായി മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. ഇനി ആരെങ്കിലും നബി(സ)തിരുമേനി നഊദ് ബില്ലാഹ് ഭ്രാന്തനെന്ന് പറഞ്ഞാൽ അയാളുടെ കൂട്ടാളിതന്നെ അയാളോട് അദ്ദേഹം ഭ്രാന്തനാണെങ്കിൽ വലിയ ബുദ്ധിയും വിവേകവുമുള്ള ഇന്ന ഇന്ന വ്യക്തികൾ അദ്ദേഹത്തെ എന്ത് കൊണ്ട് വിശ്വസിച്ചു എന്ന് ചോദിക്കുന്ന സ്ഥിതിവിശേഷമായിരിക്കുന്നു. ഈ ചോദ്യത്തിനു മുന്നിൽ ആർക്കും നില്ക്കകള്ളി ഉണ്ടാകുമായിരുന്നില്ല.

യൂറോപ്യൻ ഗ്രന്ഥകാരന്മാർ നബി(സ)തിരുമേനിയെ ഒരുപാട് വിമർശിക്കാറുണ്ട്. ചിലപ്പോൾ ചീത്ത പറയാനും മടിക്കാറില്ല. ഇപ്പോഴും അതൊക്കെത്തന്നെയാണ് നടക്കുന്നത്. എന്നാൽ, അബൂബക്കറിന്റെ പേര് വരുമ്പോൾ അദ്ദേഹം വളരെ നിസ്വാർഥനായിരുന്നു എന്ന് അവർ പറയുന്നു. ഇതിനെക്കുറിച്ച് മറ്റു ചില യൂറോപ്യൻ എഴുത്തുകാർ എഴുതുന്നു: ഏതൊരു വ്യക്തിയെയാണോ അബൂബക്കർ വിശ്വസിച്ചത് അയാളെങ്ങനെ കള്ളവാദിയാകും? നിങ്ങൾ അബൂബക്കറിനെ സ്തുതിക്കുകയാണെങ്കിൽ ആരെയാണോ അബൂബക്കർ വിശ്വസിച്ചത് അദ്ദേഹവും തീർച്ചയായും സ്തുത്യർഹനാണ്. അബൂബക്കർ നിസ്വാർഥനാണെങ്കിൽ അയാൾ എന്തിനാണ് ഇത്തരം അത്യാഗ്രഹിയെ വിശ്വസിച്ചത്? അബൂബക്കർ യഥാർഥത്തിൽ നിസ്വാർഥനായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ യജമാനനും നിസ്വാർഥനായിരുന്നുവെന്ന് അംഗീകരിക്കേണ്ടിവരും. ഇത് ഏറ്റവും വലിയ തെളിവാണ്. അതിനെ നിഷേധിക്കുക എളുപ്പമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ആ സംഭവുമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ബന്ധിപ്പിച്ചിരിക്കുന്നു. അവിടന്ന് പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ചും ആളുകൾ അദ്ദേഹത്തെ ജാഹിൽ എന്ന് പറയുന്നതാണ് നമ്മൾ കാണുന്നത്. എന്നാൽ, അല്ലാഹു ഈ ആക്ഷേപത്തെ ഖണ്ഡിക്കാൻ എങ്ങനെയുള്ള സാഹചര്യം ഒരുക്കിയെന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) തുടക്കത്തിൽ തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചു. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവിയും വാദത്തിനുമുമ്പേ അദ്ദേഹത്തെ പ്രശംസിക്കുന്ന ആളായിരുന്നു. പിന്നീട് ഹദ്റത്ത് അഹ്മദ്(അ) ദൈവനിയോഗിതനാണെന്ന് വാദിച്ചപ്പോൾ അഭ്യസ്ത വിദ്യരായ ഒരു ജമാഅത്തിനേയും എഴുന്നേല്പിച്ച് നിറുത്തി. അവർ പെട്ടെന്ന് അദ്ദേഹത്തെ വിശ്വസിച്ചു. ഈ വിദ്യാസമ്പന്നർ ഉലമാക്കളിൽ നിന്നുള്ളവരുമായിരുന്നു. സമ്പന്നരിൽ നിന്നുള്ളവരുമായിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ വൈദഗ്ദ്യമുള്ള വിഭാഗത്തിൽ പെട്ടവരായിരുന്നു. അദ്ദേഹം അത് അപഗ്രഥനം ചെയ്തുക്കൊണ്ടു പറയുന്നു: 'ഭയവും ഉദ്വേഗവും മൂന്നു കാര്യങ്ങൾകൊണ്ടാണ് ഉണ്ടാകുന്നത്. വിശ്വാസംകൊണ്ടോ അറിവുകൊണ്ടോ പണംകൊണ്ടോ. അല്ലാഹു മൂന്നു കാര്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലും ഉണ്ടാക്കി.'(തഫ്സീർസകബീർ, വാല്യം 9, പേജ് 139–140)

മറ്റു സമൂഹങ്ങൾ സ്തുതിച്ചുകൊണ്ടിരുന്നവരേയും അല്ലാഹു ആരംഭ കാലത്ത് അദ്ദേഹത്തിന് കൂട്ടുകാരായി ലഭ്യമാക്കി. എന്നല്ല ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഔവ്വലിന്റെ യുക്തിജ്ഞാനം ഇന്നും അംഗീകരിക്കപ്പെടുന്നു. അനഹ്മദി വൈദ്യന്മാരും അദ്ദേഹത്തിന്റെ കുറിപ്പടി ഉപയോഗിച്ചുവരുന്നു. ഇതു സംബന്ധമായി എഴുതുന്നു: എല്ലാ വിഭാഗത്തിൽപ്പെട്ടവരും വലിയ വലിയ കുടുംബങ്ങളിൽ പിറന്നവരുമായ ആളകളെ നബി(സ)തിരുമേനിക്ക് അക്കാലത്ത് പ്രദാനം ചെയ്യപ്പെട്ടു.

മറ്റൊരു സ്ഥലത്ത് മക്കയിലെ അവിശ്വാസികളുടെ അസൂയയും കുശുമ്പും വിവരിച്ച് കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലാഹു ഇസ്‌ലാമിനു അനുകൂലമായി വിവിധങ്ങളായ സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ടിരുന്നതിനാൽ അവിശ്വാസികൾ ജ്വലിച്ച് ധൂളിയായിക്കൊണ്ടിരുന്നു. ആ അഗ്നിയെ കെടുത്താൻ തങ്ങളെന്താണ് ചെയ്യേണ്ടതെന്ന് അവർക്കൊന്നും മനസ്സിലായില്ല. നബി(സ) തിരുമേനിയുടെ ദാസത്വത്തിൽ ഉൾപ്പെടാത്ത അംഗങ്ങളുള്ള ഒരു വലിയ കുടുംബവും അവിടെ ഉണ്ടായിരുന്നില്ല. ഹദ്റത്ത് സുബയ്ർ ഒരു വലിയ കുടുംബാംഗമായിരുന്നു. ഹദ്റത്ത് ത്വൽഹ ഒരു വലിയ കുടുംബാംഗമായിരുന്നു. ഹദ്റത്ത് ഉഥ്മാൻ ഒരു വലിയ കുടുംബാംഗമായിരുന്നു. ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ ഒരു വലിയ കുടുംബാംഗമായിരുന്നു. ഇപ്രകാരംതന്നെയായിരുന്നു ഹദ്റത്ത് അംറ് ബിൻ അൽആസ്വും ഹദ്റത്ത് ഖാലിദ് ബിൻ വലീദും(ഇവർ പിന്നീട് വിശ്വസിച്ചവരാണ്). മക്കയിലെ ഉന്നത കുടുംബത്തിൽപ്പെട്ടവരായിരുന്നു. ആസ് ശത്രുവായിരുന്നു.(അതായത് അംറിന്റെ പിതാവ്). എന്നാൽ, അംറ് മുസ്‌ലിമായി. വലീദ് ശത്രുവായിരുന്നു. എന്നാൽ, ഖാലിദ് മുസ്‌ലിമായി. അവിടന്ന് എഴുതുന്നു: ഇസ്‌ലാമിന്റെ കഠിനവിരോധികളായ ആയിരക്കണക്കിനാളുകളുടെ മക്കൾ തങ്ങളെ നബി(സ)തിരുമേനിയുടെ കാലടികളിൽ കൊണ്ടുപോയി ഇട്ടു. രണാങ്കണത്തിൽ തങ്ങളുടെ പിതാക്കൾക്കും ബന്ധുക്കൾക്കുമെതിരിൽ വാളുകൾ വീശി. (തഫ്സീർസകബീർ, വാല്യം 9, പേജ് 588)

ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ ഹബ്ശയിലേക്കുള്ള ഹിജ്റത്തിനെ സംബന്ധിച്ചും അവിടെ നിന്ന് മക്കയിൽ തിരിച്ചുവന്നതുമായ സംഭവത്തെ കുറിച്ച് പറയുന്നുണ്ട്. ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ പ്രാരംഭകാലത്ത് ഇസ്‌ലാം സ്വീകരിച്ച വ്യക്തിയാണെന്നുള്ളത് പറഞ്ഞു കഴിഞ്ഞതാണ്. ഇബ്നു ഇസ്ഹാഖിന്റെ വീക്ഷണത്തിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ പതിമൂന്ന് ആളുകൾക്ക് ശേഷമാണ് ഇസ്‌ലാം സ്വീകരിച്ചത്. അദ്ദേഹവും അദ്ദേഹത്തിന്റെ മകൻ സാഇബും മുസ്‌ലിമീംകളുടെ ഒരു ജമാഅത്തിനോടൊപ്പം ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്തു. ഹബ്ശയിൽ താമസിച്ച് കൊണ്ടിരിക്കുമ്പോൾ ഖുറയ്ശികൾ എല്ലാവരും വിശ്വസിച്ചുവെന്ന വാർത്ത അവർക്ക് ലഭിച്ചു. അപ്പോൾ അദ്ദേഹം മക്കയിലേയ്ക്ക് തിരിച്ച് വന്നു. ഇബ്നു ഇസ്ഹാഖ് പറയുന്നു: ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത ആളുകൾക്ക് മക്കക്കാർ നബി(സ)ന് വണങ്ങിയിരിക്കുന്നു എന്ന വാർത്ത കിട്ടിയപ്പോൾ അവർ അവിടെനിന്ന് പുറപ്പെട്ടു.' ഇതിന്റെ വിശദീകരണം കഴിഞ്ഞ ഖുത്ബകളിൽ നല്കിക്കഴിഞ്ഞതാണ്. അവരോടൊപ്പം മറ്റാളുകളുമുണ്ടായിരുന്നു. വണങ്ങിയതിന്റെ കാരണം എന്തായിരുന്നു? എല്ലാ അവിശ്വാസികളും നബി(സ)തിരുമേനിയെ വിശ്വസിച്ചിരിക്കുന്നുവെന്നാണ് അവർ ധരിച്ചത്. അവർ മക്കയുടെ അടുത്തെത്തിയപ്പോൾ യഥാർഥ കാര്യം അറിഞ്ഞു. അപ്പോൾ അവർക്ക് തിരിച്ചു ഹബ്ശയിലേക് പോകുക എന്നത് ദുഷ്കരമായിത്തോന്നി. മറ്റു നിവേദനങ്ങളനുസരിച്ച് ചിലയാളുകൾ അവിടെനിന്ന് തിരിച്ചു പോകുകയും ചെയ്തുവെന്ന് പറയപ്പെടുന്നു. മക്കയിലും ആരുടെയെങ്കിലും അഭയമില്ലാതെ കടക്കുന്നതിൽ ചിലർ ഭയന്നിരുന്നു എന്നും പറയപ്പെടുന്നുണ്ട്. അത്തരക്കാർ തിരിച്ചുപോയി. എന്തായാലും വന്നവർ കുറച്ച് അവിടെ തങ്ങുകയും അവരിൽ എല്ലാ ഓരോരുത്തരും ഏതെങ്കിലും മക്കക്കാരന്റെ അഭയത്തോടെ മക്കയിൽ പ്രവേശിക്കുകയും ചെയ്തു. അല്ലെങ്കിൽ അഭയം കിട്ടുന്നതുവരെ വഴിയിൽ തങ്ങി. വലീദ് ബിൻ മുഗയ്റയുടെ അഭയത്തിലാണ് ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ) പ്രവേശിച്ചത്. ഇബ്നു ഇസ്ഹാഖ് പറയുന്നു: നബി(സ)തിരുമേനിയേയും അദ്ദേഹത്തിന്റെ സ്വഹാബത്തിനേയും പീഢിപ്പിച്ചുകൊണ്ടിരിക്കുന്നതും അവരെ മർദിക്കുന്നതും ആക്രമിക്കുന്നതും ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ കണ്ടപ്പോൾ, താൻ വലീദ് ബിൻ മുഗീറായുടെ അഭയത്തിൽ രാവും പകലും സുഖമായി കഴിയുകയാണല്ലോ എന്ന് അദ്ദേഹം ചിന്തിച്ചു. വലീദ് അവിടെ മക്കയിലെ നേതാക്കന്മാരിൽ ഒരു നേതാവിയിരുന്നു. അയാൾ അമുസ്‌ലിമായിരുന്നു. അയാളുടെ അഭയത്തിലായിരുന്നു ഹദ്റത്ത് ഉഥ് മാൻ ബിൻ മള്ഊൻ. 'അല്ലാഹുവാണ! എന്റെ സ്നേഹിതന്മാരേയും കുടുംബക്കാരേയും ബുദ്ധിമുട്ടിക്കുകയും പീഢിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, എന്റെ പ്രഭാതവും പ്രദോഷവും സമാധാനത്തോടെ കഴിഞ്ഞുപോകുന്നു. തീർച്ചയായും എന്നിൽ എന്തോ ദോഷമുണ്ട്' എന്നിങ്ങനെ അദ്ദേഹം തന്നോടുതന്നെ പറഞ്ഞു. അദ്ദേഹം വലീദ് ബിൻ മുഗീറയുടെ അടുത്ത് പോയി. അദ്ദേഹം പറഞ്ഞു: അബൂ അബ്ദുശംസേ!(ഇത് വലീദ് മുഗീറയുടെ സംജ്ഞാനാമമായിരുന്നു).നിങ്ങളുടെ ഉത്തരവാദിത്വം പൂർത്തിയായിരിക്കുന്നു. ഞാൻ താങ്കളുടെ അഭയത്തിലായിരുന്നു. ഇപ്പോൾ ഞാൻ ആഗ്രഹിക്കുന്നത് അഭയത്തിൽനിന്ന് പുറത്തു കടന്ന് നബി(സ)തിരുമേനിയുടെ അടുത്ത് പോകാനാണ്. കാരണം എനിക്ക് നബി(സ)തിരുമേനിയിലും അവിടത്തെ സ്വഹാബത്തിലും മാതൃകയുണ്ട്. വലീദ് പറഞ്ഞു: അല്ലയോ സഹോദരപുത്രാ! (വലീദ് അദ്ദേഹത്തിന്റെ പിതാവിന്റെ വലിയ അടുത്ത സുഹൃത്തായിരുന്നു). വലീദ് പറഞ്ഞു: അല്ലയോ സഹോദരപുത്രാ! നിനക്ക് എന്റെ അഭയത്തിൻ കീഴിൽവല്ല ബുദ്ധിമുട്ടോ, അപമാനമോ സഹിക്കേണ്ടതായി വന്നിട്ടുണ്ടാകും. ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: ഇല്ല. പക്ഷേ, ഞാൻ അല്ലാഹുവിന്റെ അഭയത്തിൽ തൃപ്തനാണ്. അങ്ങയുടെ അഭയത്തിൽനിന്ന് പുറത്തുപോകുകയാണ്. അല്ലാഹുവിന്റെ അഭയത്തിൽ തൃപ്തനാണ്. ഞാൻ അവനോടല്ലാതെ മറ്റാരോടും അഭയം തേടുന്നില്ല.' വലീദ് പറഞ്ഞു: കഅ്ബ മന്ദിരത്തിന്റെ അടുത്ത് പോകുക. അവിടെച്ചെന്ന് പരസ്യമായി എന്റെ അഭയം തിരിച്ചു തരിക. ഞാൻ പരസ്യമായിട്ടാണല്ലോ അഭയം നല്കിയത്! പോകാമെന്ന് ഹദ്റത്ത് ഉഥ്മാൻ(റ) പറഞ്ഞു. പിന്നീട് അവരിരുവരും കഅ്ബമന്ദിരത്തിന്റെ അടുത്തുപോയി, വലീദ് പറഞ്ഞു, ഇത് ഉഥ്മാനാണ്. എന്റെ അഭയം എനിക്കു തിരിച്ചുതരാൻ വന്നതാണ്. അത് ഞാൻ പരസ്യമായി വിളംബരം ചെയ്തതാണ്. ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു, ഇദ്ദേഹം പറയുന്നത് സത്യമാണ്. തീർച്ചയായും ഞാൻ ഇദ്ദേഹത്തെ അതായത് അഭയം നല്കിയ വലീദിനെ വാഗ്ദാനം സത്യമായി പാലിക്കുന്നവനും അഭയത്തിന്റെ കാര്യത്തിൽ ആദരണീയനുമായി കണ്ടു. എന്നാൽ, ഇനി ഞാൻ അല്ലാവിന്റേതല്ലാതെ ആരുടേയും അഭയത്തിൽ കഴിയാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു ഞാൻ വലീദിന്റെ അഭയം അദ്ദേഹത്തിന് തിരിച്ചു നല്കിയിരിക്കുന്നു.അതിനുശേഷം ഹദ്റത്ത് ഉഥ്മാൻ തിരിച്ചുപോയി. (ഉസുദുൽ ഗാബ, വാല്യം 3, പേജ് 589–590, ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഈ ഹബ്ശ ഹിജ്റത്തിനെ കുറിച്ച് മുമ്പേയും പല സ്വഹാബിമാരുടെ ചരിത്രത്തിലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഹ്രസ്വമായി വിവരിക്കാം. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബും ചരിത്രത്തിന്റെ വിവിധ ഉദ്ധരണികളിലൂടെ എഴുതിയിരിക്കുന്നു: മുസ്‌ലിമീംകളുടെ ബുദ്ധിമുട്ടുകൾ പാരമ്യതയിലെത്തുകയും ഖുറയ്ശികളുടെ പീഢനങ്ങൾ അനുദിനം വർധിക്കുകയും ചെയ്തപ്പോൾ നിങ്ങൾ ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്യുകയെന്ന് നബി(സ)തിരുമേനി അവരോട് പറഞ്ഞു. ഹബ്ശയിലെ രാജാവ് ന്യായശീലനും നീതിമാനുമാകുന്നു. ആ ഭരണത്തിൽ ആർക്കും ബുദ്ധിമുട്ടുണ്ടാകുകയില്ല. ഇത്യോപ്യ എന്നും അബീസീനിയ എന്നും അറിയപ്പെടുന്ന രാജ്യമാണ് ഹബ്ശ.

ആഫ്രിക്കൻ വൻകരയുടെ വടക്കുകിഴക്കായി സ്ഥിതി ചെയ്യുന്നു. നിലകൊള്ളുന്നതിന്റെ അടിസ്ഥാനത്തിൽ തെക്കൻ അറേബ്യയുടെ നേരെ എതിർവശത്താണ്. മധ്യത്തിൽ ചെങ്കടലല്ലാതെ ഒരു രാജ്യവുമില്ല. അക്കാലഘട്ടത്തിൽ ഹബ്ശയിൽ ശക്തമായ ഒരു ക്രൈസ്തവ ഭരണം നിലനിന്നിരുന്നു. അവിടുത്തെ രാജാവ് നജ്ജാശി എന്ന് പറയപ്പെട്ടിരുന്നു. ഇപ്പോഴും അവിടുത്തെ ഭരണാധികാരികൾ ഇതേ നാമത്തിലാണ് വിളിക്കപ്പെടുന്നത്. (അദ്ദേഹം ഇതെഴുതുമ്പോൾ). ഹബ്ശയുമായി അറേബ്യയ്ക്ക് കച്ചവടബന്ധങ്ങളുണ്ടായിരുന്നു. അക്കാലത്തെ നജ്ജാശിയുടെ വ്യക്തിഗതമായ നാമം 'അസ്വമ്മ' എന്നായിരുന്നു. അദ്ദേഹം നീതിമാനും ന്യായശീലനും കൂർമബുദ്ധിമാനും ശക്തനായ രാജാവുമായിരുന്നു. എന്തായാലും മുസ്‌ലിമീംകളുടെ ബുദ്ധിമുട്ടുകൾ പാരമ്യതയിലെത്തിയപ്പോൾ കഴിവുള്ളവരൊക്കെ ഹബ്ശയിലേക്ക് ഹിജ്‌റത്ത് ചെയ്തുപോകാൻ നബി(സ)തിരുമേനി അവരോടു പറഞ്ഞു. അങ്ങനെ നബി(സ)തിരുമേനി പറഞ്ഞതനുസരിച്ച് നുബുവ്വത്തിന്റെ അഞ്ചാം വർഷം റജബ് മാസത്തിൽ പതിനൊന്ന് പുരുഷൻമാരും നാല് സ്ത്രീകളും ഹബ്ശയിലേയ്ക്ക് ഹിജ്‌റത്ത് ചെയ്തു. അതിൽ കൂടുതൽ പ്രസിദ്ധരായവരുടെ നാമങ്ങൾ ഇപ്രകാരമാണ്. ഹദ്‌റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), അദ്ദേഹത്തിന്റെ ഭാര്യ റുഖിയ ബിൻത് റസൂലുല്ലാഹി(സ), അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), സുബയറുബ്നുൽഅവാം(റ), അബൂ ഹുദയ്ഫ ബിൻ ഉത്ബ(റ), ഉഥ്മാൻ ബിൻ മള്ഊൻ(റ), മുസ്അബ് ബിൻ ഉമയ്ർ(റ), അബൂസലമ ബിൻ അബ്ദുൽ അസദ്(റ), അദ്ദേഹത്തിന്റെ ഭാര്യ ഉമ്മു സലമ(റ). ഇദ്ദേഹം എഴുതുന്നു: അത്ഭുതം തോന്നുന്ന കാര്യം ഇവരിൽ ഈ ആരംഭകാല മുഹാജിരീംകളിൽ കുടുതൽപേരും ഖുറയ്ശിലെ ശക്തമായ ഗോത്രങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നുവെന്നതാണ്. ദുർബലർ വളരെ കുറച്ചേ കാണുന്നുള്ളു. ഇതിൽനിന്ന് രണ്ടു കാര്യം അറിയാൻ കഴിയുന്നു. ശക്തമായ ഗോത്രവുമായി ബന്ധം വെക്കുന്നവരും ഖുറയ്ശികളുടെ അക്രമത്തിൽനിന്ന് സുരക്ഷിതരായിരുന്നില്ല. രണ്ട്, അടിമകളെ പോലെയുള്ള ദുർബലർ എത്രമാത്രം ബലഹീനതയിലും നിസ്സഹായതയിലും കഴിഞ്ഞിരുന്നുവെന്നാൽ അവർക്ക് ഹിജ്‌റത്ത് ചെയ്യാൻ പോലും ശക്തിയുണ്ടായിരുന്നില്ല.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ, പേജ് 146–147)

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റേതായ ശൈലിയിൽ ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: അദ്ദേഹം ഹദ്‌റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ മക്കയിൽ അഭയവും ലബീദ് ബിൻ റബീഅ സംഭവവും സ്മരിച്ചു കൊണ്ടെഴുതുന്നു: ഹദ്‌റത്ത് ഉഥ്മാൻ ബിൻ മള്ഊൻ തന്റെ അഭയം ലബീദിന് തിരിച്ചുകൊടുത്ത സംഭവം പറഞ്ഞു കഴിഞ്ഞതാണ്. ഇപ്പോൾ എഴുതുന്നു: മക്കക്കാരുടെ അക്രമം പാരമ്യതയിലെത്തിയപ്പോൾ നബി(സ)തിരുമേനി ഒരു ദിവസം തന്റെ സഖാക്കളെ വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു: പടിഞ്ഞാറു ഭാഗത്ത് സമുദ്രം കടന്നാൽ ഒരു രാജ്യമുണ്ട്. അവിടെ അല്ലാഹുവിനെ ആരാധിക്കുന്നതുകൊണ്ട് അക്രമം ചെയ്യുകയില്ല. മതം മാറുന്നതുകൊണ്ട് ആരേയും വധിക്കുകയുമില്ല. അവിടെ ഒരു നീതിമാനായ രാജാവുണ്ട്. നിങ്ങൾ ഹിജ്‌റത്ത് ചെയ്ത് അവിടെ പോകുക. ഒരുപക്ഷേ, സുഗമമായ വഴി ഉണ്ടാകുന്നതാണ്. പുരുഷന്മാരും സ്ത്രീകളും കുട്ടികളുമടങ്ങുന്ന കുറച്ചു മുസ്‌ലിമീംകൾ നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് അബിസീനയിലേക്ക് പോയി. അവരുടെ മക്കവിട്ടു പോകൽ സാധാരണസംഭവമായിരുന്നില്ല. ഇവിടെ വലിയൊരു വൈകാരികമായ വശമുണ്ട്; സ്വന്തം നാട് ഉപേക്ഷിക്കൽ! ഇതൊരു നിസാരകാര്യമായിരുന്നില്ല. മക്കക്കാർ തങ്ങളെ കഅ്ബയുടെ മുത്തവല്ലിയായി മനസ്സിലാക്കിയിരുന്നു. മക്കയിൽനിന്ന് പുറത്തുപോകുക എന്നത് അവർക്ക് അസഹ്യമായ വിഷമമായിരുന്നു. മക്കയിൽ നിന്ന് പുറത്തുപോകുന്ന വിഷമം ലോകത്ത് മറ്റൊരു ആശ്രയവുമില്ലാത്ത ആൾക്കുമാത്രമെ മനസ്സിലാകുകയുള്ളു. അതുകൊണ്ട് അവരുടെ പുറത്തുപോകൽ അങ്ങേയറ്റം വേദനാജനകമായ സംഭവമായിരുന്നു. ആരും കാണാതെ പാത്തുംപതുങ്ങിയും പോകണമായിരുന്നു. മക്കക്കാർ അറിഞ്ഞാൽ തങ്ങളെ പോകാൻ അനുവദിക്കുകയില്ലെന്ന് അവർക്കറിയാമായിരുന്നു. ഇക്കാരണത്താൽ തങ്ങളുടെ സ്നേഹിതരേയും കുടുംബക്കാരേയും അവസാനമായൊന്ന് കാണാനും അവർക്കു കഴിഞ്ഞിരുന്നില്ല. ഒളിച്ചാണ് അവർ പുറപ്പെട്ടത്. അവരുടെ മാനസികാവസ്ഥ എന്തായാലും പരിതാപകരം തന്നെയായിരുന്നു. മാത്രമല്ല അവരെ പുറമെനിന്നു കാണുന്നവരിൽ പോലും അവരുടെ ദുഃഖം വലിയ നിലയിൽ പ്രതിഫലിച്ചു. ഹിജ്‌റത്തു ചെയ്യുകയാണെന്ന് അറിഞ്ഞവരും ദുഃഖിക്കാതിരുന്നില്ല. അങ്ങനെ ഈ സംഘം പുറപ്പെടാൻ തുടങ്ങവേ, ഹദ്‌റത്ത് ഉമർ –ആ സമയത്ത് വിശ്വാസി ആയിരുന്നില്ല, ഇസ്‌ലാമിന്റെ വലിയ ശത്രുവായിരുന്നു– യാദൃശ്ചികമായി ആ സംഘത്തിലെ ചിലയാളുകളെ കണ്ടു. അവരിൽ ഉമ്മു അബ്ദുല്ലായെന്ന് പേരുള്ള ഒരു സ്വഹാബിയയുമുണ്ടായിരുന്നു. കെട്ടിവച്ചിരിക്കുന്ന സാധനങ്ങളും തയ്യാറായി നില്ക്കുന്ന യാത്രാവാഹനവും ഇവർ മക്ക ഉപേക്ഷിച്ച് പോകുകയാണെന്ന് അദ്ദേഹത്തിന് മനസ്സിലായി. അദ്ദേഹം പറഞ്ഞു: അല്ലയോ ഉമ്മു അബ്ദുല്ലാഹ്! ഇത് ഹിജ്‌റത്തിന്റെ സാധനങ്ങൾ പോലുണ്ടല്ലോ? ഉമ്മു അബ്ദുല്ലാഹ് പറയുന്നു. ഞാൻ മറുപടിയായി പറഞ്ഞു: അതെ, അല്ലാഹുവാണ! ഞങ്ങൾ മറ്റൊരു രാജ്യത്തേയ്ക്ക് പോകുകയാണ്. കാരണം നിങ്ങൾ ഞങ്ങളെ വേദനിപ്പിച്ചു. ഞങ്ങളുടെമേൽ അക്രമം ചെയ്തു. അല്ലാഹു ഞങ്ങൾക്ക് എളുപ്പവും സമാധാനവും ഉണ്ടാക്കുന്നതുവരെ ഞങ്ങൾ ഞങ്ങളുടെ രാജ്യത്തേക്ക് മടങ്ങി വരില്ല.' ഉമ്മു അബ്ദുല്ലാഹ് വിവരിക്കുന്നു: 'ഉമർ പറഞ്ഞു: ദൈവം നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ. പിന്നെ പെട്ടെന്ന് മുഖംതിരിച്ച് അവിടെ നിന്ന് പോയി. ആ സംഭവം അദ്ദേഹത്തിന്റെ പ്രകൃതത്തിൽ വലിയ ദുഃഖം ഉണ്ടാക്കിയെന്ന് എനിക്ക് തോന്നി.'

അവർ ഹിജ്‌റത്ത് ചെയ്യുന്ന വിവരം മക്കക്കാർ അറിഞ്ഞപ്പോൾ അവരെ പിന്തുടർന്നു. കടൽക്കരവരെ അവരുടെ പിന്നാലെ പോയി. പക്ഷേ, അവർ അവിടെ എത്തുന്നതിനുമുമ്പേ യാത്രാസംഘം പൊയ്ക്കഴിഞ്ഞിരുന്നു. മക്കാവാസികൾക്ക് ഈ വിവരം ലഭിച്ചപ്പോൾ അവർ ഹബ്ശയിലെ രാജാവിന്റെ അടുത്ത് അദ്ദേഹത്തെ പ്രകോപിപിച്ച് മുസ്‌ലിമീംകളെ തങ്ങൾക്ക് തിരിച്ച് കിട്ടുന്നതിനുവേണ്ടി സംസാരിക്കാൻ ഒരു സംഘം ആളുകളെ അയക്കാൻ തീരുമാനിച്ചു. ഈ സംഘം ഹബ്ശയിലെത്തി. രാജാവിനെ കണ്ടു. രാജ്യസദസ്സ്യരെയും അവർ വേണ്ടുവോളം ഇളക്കി വിട്ടു. എന്നാൽ, അല്ലാഹു ഹബ്ശയിലെ രാജാവിന്റെ ഹൃദയത്തിന് ശക്തി പകർന്നു. എത്രമാത്രം നിർബന്ധംചെലുത്തിയിട്ടും ദർബാരികളുടെ നിർബന്ധം കണ്ടിട്ടും അദ്ദേഹം മുസ്‌ലിമീംകളെ അവിശ്വാസികൾക്ക് വിട്ടു നല്കുന്നതിനെ എതിർത്തു. ഈ സംഘം പരാജിതരായി തിരിച്ചെത്തിയപ്പോൾ മക്കാവാസികൾ മുസ്‌ലിമീംകളെ തിരിച്ച് വിളിക്കാൻ മറ്റൊരു പദ്ധതി ആവിഷ്കരിച്ചു. അവർ ഹബ്ശയിലേയ്ക്ക് പോകുന്ന ചില കച്ചവടസംഘങ്ങളിൽ മക്കയിലുള്ളവർ എല്ലാം ഇസ്‌ലാം സ്വീകരിച്ചുവെന്ന വ്യാജവാർത്ത പറഞ്ഞുപരത്തി. ഈ വാർത്ത ഹബ്ശയിലെത്തിയപ്പോൾ എല്ലാ മുസ്‌ലിമീംകളും സന്തോഷത്തോടെ മക്കയിലേയ്ക്ക് തിരിച്ചു. എന്നാൽ, മക്കയ്ക്ക് അരികിൽ എത്തിയപ്പോൾ അതൊരു കിംവദന്തിയാണെന്നും അതിൽ ഒരു കഴമ്പുമില്ലെന്നും അവർക്ക് മനസിലായി. അപ്പോൾ കുറച്ചാളുകൾ ഹബ്ശയിലേയ്ക്ക് തിരിച്ച് പോയി. മറ്റു ചിലർ മക്കയിൽ തന്നെ താമസിച്ചു. ആ താമസിച്ചവരിൽ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, ഉഥ്മാൻ ബിൻ മള്ഊനും ഉണ്ടായിരുന്നു. അദ്ദേഹം മക്കയിലെ വലിയൊരു നേതാവിന്റെ മകനായിരുന്നു. ഇത്തവണ അദ്ദേഹത്തിന്റെ പിതാവിന്റെ സുഹൃത്ത് വലീദ് ബിൻ മുഗീറ അദ്ദേഹത്തിന് അഭയം നല്കി. ആ അഭയത്തിൻ കീഴിൽ അദ്ദേഹം മക്കയിൽ താമസിക്കാൻ തുടങ്ങി. ആ സമയങ്ങളിൽ അദ്ദേഹം ചില മുസ്‌ലിമീംകളെ ബുദ്ധിമുട്ടിക്കുന്നതും അവരെ അതികഠിനമായ പീഢിപ്പിക്കുന്നതും കണ്ടു. എന്നാൽ, അദ്ദേഹം ആത്മാഭിമാനമുള്ള ഒരു യുവാവ് ആയിരുന്നു. അദ്ദേഹം വലീദിന്റെ അടുത്ത് ചെന്നു. അദ്ദേഹത്തോട് പറഞ്ഞു: ഞാൻ നിങ്ങളുടെ അഭയം തിരിച്ച് നല്കുകയാണ്. കാരണം മറ്റു മുസ്‌ലിമീംകൾ ദുഃഖിക്കുമ്പോൾ എനിക്ക് സമാധാനത്തിൽ കഴിയുവാൻ സാധിക്കില്ല. അങ്ങനെ വലീദ് വിളംബരംചെയ്തു, ഉഥ്മാൻ ഇനി മുതൽ എന്റെ അഭയത്തിലായിരിക്കില്ല.

അതിനുശേഷം ഒരിക്കൽ അറേബ്യയിലെ പ്രസിദ്ധനായ കവി, ലബീദ് മക്കയിലെ നേതാക്കൻമാരോടൊപ്പം ഇരുന്ന് തന്റെ കവിതകൾ കേൾപ്പിക്കുകയായിരുന്നു. അങ്ങനെ *വ കുല്ലു നഈമിൻ ലാ മഹാലത്ത സാഇലുൻ* ഈ വരി ചൊല്ലിയപ്പോൾ (എല്ലാ അനുഗ്രഹങ്ങളും അവസാനം മാഞ്ഞ് പോകുന്നതാണ്) ഹദ്‌റത്ത് ഉഥ്മാൻ ബിൻ മള്ഊൻ പറഞ്ഞു: ഇത് തെറ്റാണ്, സ്വർഗത്തിലെ അനുഗ്രഹങ്ങൾ എന്നെന്നും നിലനിൽക്കുന്നതാണ്. ലബീദ് വലിയ പ്രമാണിയായിരുന്നു. ഈ ഉത്തരംകേട്ട് വലിയ പ്രകോപിതനായി. അദ്ദേഹം പറഞ്ഞു: അല്ലയോ ഖുറയ്ശികളേ! നിങ്ങളുടെ അതിഥികൾ മുമ്പേ ഇതുപോലെ അപമാനിതരായിട്ടില്ല. എന്ന് മുതലാണ് ഈ രീതി ആരംഭിച്ചത്?' അപ്പോൾ ഒരു വ്യക്തി പറഞ്ഞു: 'ഇവനൊരു വിഡ്ഢിയാണ്. ഇവന്റെ സംസാരം ശ്രദ്ധിക്കേണ്ടതില്ല. ഹദ്‌റത്ത് ഉഥ്മാൻ തന്റെ വാക്കുകളിൽ ഉറച്ച് നിന്നു. എന്നിട്ട് പറഞ്ഞു: ഇതിൽ എന്ത് വിഡ്ഢിത്തമാണുള്ളത്? ഞാൻ പറഞ്ഞ കാര്യംസത്യമാണ്.' അപ്പോൾ ഒരാൾ എഴുന്നേറ്റ് മുഷ്ടി ചുരുട്ടി ശക്തമായി അദ്ദേഹത്തെ ഇടിച്ചു. അതുമൂലം അദ്ദേഹത്തിന്റെ ഒരു കണ്ണ് പുറത്ത് തള്ളിവന്നു. അദ്ദേഹത്തിന് മുമ്പേ അഭയം നല്കിയരുന്ന വലീദ് ആ സമയം സദസ്സിൽ ഉപവിഷ്ടനായിരുന്നു. അദ്ദേഹത്തിന് ഉഥ്മാൻ ബിൻ മള്ഊന്റെ പിതാവുമായി ആഴത്തിലുള്ള സൗഹൃദമായിരുന്നു ഉണ്ടായിരുന്നത്. തന്റെ മരണപ്പെട്ട സുഹൃത്തിന്റെ മകന്റെ ഈ അവസ്ഥ കണ്ട് നിൽക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. എന്നാൽ, മക്കയിലെ രീതി അനുസരിച്ച് ഉഥ്മാൻ അദ്ദേഹത്തിന്റെ അഭയത്തിൽ അല്ലാത്ത കാരണം സഹായിക്കാനും സാധിക്കുമായിരുന്നില്ല. അതുകൊണ്ട് മറ്റൊന്നുംചെയ്യാൻ സാധിച്ചില്ല. അങ്ങേയറ്റം വിഷമത്തോടെ ഉഥ്മാനെ നോക്കി പറഞ്ഞു: അല്ലയോ എന്റെ സഹോദരപുത്രാ! അല്ലാഹുവാണ! നീ ഒരു ശക്തമായ അഭയത്തിൻ കീഴിലായിരുന്നുവെങ്കിൽ നിന്റെ കണ്ണുകൾ തീർച്ചയായും ഈ പ്രയാസത്തിൽ നിന്ന് രക്ഷപെടുമായിരുന്നു. എന്നാൽ, നീ സ്വയം ആ അഭയത്തെ ഉപേക്ഷിച്ചതിനാൽ ഈ ദിവസം നിനക്ക് ഇതു കാണേണ്ടി വന്നു. ഉഥ്മാൻ മറുപടിയായി പറഞ്ഞു: എനിക്ക് ഈ സംഭവിച്ചത് ഞാൻ ആഗ്രഹിച്ചിരുന്നത് തന്നെയാണ്. നിങ്ങൾ എന്റെ നഷ്ടപ്പെട്ട കണ്ണുകളെ കുറിച്ച് ആലോചിച്ച് ദുഃഖിക്കുന്നു. എന്നാൽ, എന്റെ ആരോഗ്യമുള്ള കണ്ണ്, തന്റെ സഹോദരിക്ക് (നഷ്ടപ്പെട്ട കണ്ണിന്) സംഭവിച്ചത് പോലെ തനിക്ക് എന്തുകൊണ്ട് സംഭവിച്ചില്ലെന്ന് ഓർത്ത് തുടിക്കുകയാണ്. വലീദിന് ഉഥ്മാൻ ഈ മറുപടിയും നല്കി, മുഹമ്മദ് റസുലുല്ലാഹ്(സ)ന്റെ മാതൃക എനിക്ക് മതിയായതാണ്. അദ്ദേഹം പ്രയാസങ്ങൾ സഹിക്കുമ്പോൾ എനിക്ക് എന്തുകൊണ്ട് സഹിച്ചുകൂടാ? എനിക്ക് അല്ലാഹുവിന്റെ സഹായംമതി.'(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 202–205)

ഉഥ്മാൻ ബിൻ മള്ഊന്റേയും അറേബ്യയിലെ പ്രസിദ്ധ കവിയായ ലബീദിന്റേയും ഈ സംഭവം ചരിത്രങ്ങളിൽ ഇങ്ങനേയും ലഭിക്കുന്നുണ്ട്. അതും വിവരിക്കാം.

ഇദ്ദേഹം അറേബ്യയിലെ സുപ്രസിദ്ധ കവിയായിരുന്നു. ഖുറയ്ശികളുടെ സദസിൽ ഇരിക്കുകയായിരുന്നു; പറഞ്ഞതുപോലെ. ഹദ്റത്ത് ഉഥ്മാനും അയാളുടെ അടുക്കൽ ഇരുന്നു. ലബീദ് ഒരു വരി കവിത ചൊല്ലി. *അലാ കുല്ലു ശയ്ഇൻ മ്മാ ഖലല്ലാഹു ബാതിലുൻ.*

ശ്രദ്ധിച്ചുകേൾക്കുക! അല്ലാഹുവിനെ കൂടാതുള്ളതെല്ലാം നശിക്കുന്നതാണ്. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: നീ സത്യമാണ് പറഞ്ഞത്. വീണ്ടും ലബീദ് പറഞ്ഞു. *വ കുല്ലു നഈമിൻ ലാ മഹാലത്ത സാഇലുൻ.* എല്ലാ അനുഗ്രഹങ്ങളും മങ്ങിപ്പോകുന്നതാണ്. ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു. നീ പറഞ്ഞത് കളവാണ്. ജനങ്ങൾ അദ്ദേഹത്തിലേക്ക് നോക്കി. ലബീദിനോടു പറഞ്ഞു. വീണ്ടും ചൊല്ലുക. അപ്പോൾ ലബീദ് വീണ്ടും ചൊല്ലി. ഹദ്റത്ത് ഉഥ്മാൻ അതുപോലെ ഒരിക്കൽ സത്യപ്പെടുത്തുകയും ഒരിക്കൽ കളവാക്കുകയും ചെയ്തു; സ്വർഗത്തിലെ അനുഗ്രഹങ്ങൾക്ക് അസ്തമയമില്ല. ലബീദ് പറഞ്ഞു: അല്ലയോ ഖുറയ്ശികളേ! നിങ്ങളുടെ സദസുകൾ ഇങ്ങനെയായിരുന്നില്ലല്ലോ? അവരിൽ ഒരു ഹമുക്ക് എഴുന്നേറ്റുനിന്നു. അയാൾ ഹദ്റത്ത് ഉഥ്മാന്റെ കണ്ണിൽ മുഷ്ടി ചുരുട്ടി ഇടിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ കണ്ണ് നീലനിറമായി. നീരുവന്നു. അദ്ദേഹത്തിന്റെ ചുറ്റുമിരുന്ന ആളുകൾ പറഞ്ഞു: ഉഥ്മാൻ! അല്ലാഹുവാണ, നീ ഒരു ശക്തമായ അഭയത്തിലായിരുന്നു. നിന്റെ കണ്ണ് ഇത്തരത്തിലുള്ള ബുദ്ധിമുട്ടിൽനിന്ന് സുരക്ഷിതമായിരുന്നു. അപ്പോൾ ഉഥ്മാൻ പറഞ്ഞു: അല്ലാഹുവിന്റെ അഭയമാണ് കൂടുതൽ സുരക്ഷിതം. കൂടുതൽ ആദരണീയം. എന്റെ രണ്ടാമത്തെ കണ്ണും ഇത്തരം വിപത്ത് ആഗ്രഹിക്കുകയാണ്. നബി(സ) തിരുമേനിയേയും അദ്ദേഹത്തിൽ വിശ്വസിക്കുന്നവരേയും പിൻപറ്റേണ്ടത് എനിക്ക് നിർബന്ധമാണ്. വലീദ് പറഞ്ഞു: എന്റെ അഭയത്തിൽ നിനക്കെന്ത് നഷ്ടമാണുണ്ടായത്? അപ്പോൾ ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു. അല്ലാഹുവിന്റെ അഭയമല്ലാതെ മറ്റാരുടേയും അഭയം എനിക്കാവശ്യമില്ല. (ഉസുദുൽഗാബ, വാല്യം 3, പേജ് 590, ഉഥ്മാൻ ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2003)

ഇതായിരുന്നു അവരുടെ ഈമാനിന്റെ അവസ്ഥ. തന്റെ സ്നേഹിതന്മാർക്കുവേണ്ടി ഒരു വേദനയുണ്ടായിരുന്നു; അവർ ബുദ്ധിമുട്ടിലാണെങ്കിൽ തങ്ങളെന്തിന് രക്ഷപ്പെട്ടിരിക്കണം. എന്നല്ല നബി(സ)തിരുമേനിയോടുള്ള ബന്ധം അതുതന്നെയായിരുന്നു സ്നേഹബന്ധം. അദ്ദേഹം ബുദ്ധിമുട്ടിലാണെങ്കിൽ താനെന്തിന് അതിൽനിന്നൊഴിവാകണം. സ്വഹാബത്തിന്റെ മാതൃക കണ്ടിട്ടും അവർക്ക് വലിയ ബുദ്ധിമുട്ടുണ്ടായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: 'ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ)ന് ഈ രീതിയിൽ മറുപടി നല്കാൻ കഴിഞ്ഞത് അദ്ദേഹം വിശുദ്ധ ഖുർആൻ ശ്രവിക്കുകയും ഇസ്‌ലാമിക അധ്യാപനങ്ങൾ മനസ്സിലാക്കുകയും ചെയ്തിരുന്നതാണ്. വിശുദ്ധ ഖുർആൻ പഠിച്ചിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ മുന്നിൽ കവിതകൾക്ക് ഒരു പ്രസക്തിയുമില്ലാതായി. എന്നുമാത്രമല്ല ഈ ലബീദ് മുസ്‌ലിം ആയപ്പോൾ അദ്ദേഹവും ഇതേ രീതി തന്നെയാണ് സ്വീകരിച്ചത്. അതായത് തനിക്ക് പ്രശസ്തരായ കവികളിൽനിന്ന് പുതിയ കവിതകൾ അയച്ച് നല്കാൻ ഹദ്റത്ത് ഉമർ ഒരിക്കൽ തന്റെ ഗവർണർക്ക് സന്ദേശം നല്കി. അങ്ങനെ ലബീദിനോടും ഈ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം വിശുദ്ധ ഖുർആനിലെ ചില ആയത്തുകൾ എഴുതി അയക്കുകയാണ് ചെയ്തത്.

ഹദ്റത്ത് ഉഥ്മാനോടു നബി(സ)തിരുമേനിയ്ക്കും നബി(സ)തിരുമേനിക്ക് ഹദ്റത്ത് ഉഥ്മാനോടുമുണ്ടായിരുന്ന ബന്ധവും സ്നേഹവും ഈയൊരു സംഭവത്തിൽ നിന്ന് മനസ്സിലാകുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു: അദ്ദേഹം വഫാത്തായപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തെ ചുംബിച്ചു. ആ സമയം നബി(സ)തിരുമേനിയുടെ കണ്ണുകളിൽ നിന്ന് കണ്ണീരൊഴുകി. നബി(സ)തിരുമേനിയുടെ പ്രിയപുത്രൻ ഇബ്റാഹീം വഫാത്തായപ്പോൾ ആ ശരീരത്തോട് അവിടന്ന് പറഞ്ഞു: *അൽഹിഖ് ബിസലഫിനാ സ്സാലിഹു ഉഥ്മാൻ ബിൻ മള്ഊന* നമ്മുടെ സാത്വികനായ പ്രിയ ഉഥ്മാൻ ബിൻ മള്ഊന്റെ അടുത്തേയ്ക്ക് പോകുക.

ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ മദീനയിലേയ്ക്ക് ഹിജ്റത്ത് ചെയ്ത സംഭവം ഇപ്രകാരമാണ്:ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ, ഹദ്റത്ത് ഖുദാമ ബിൻ മള്ഊൻ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മള്ഊൻ, ഹദ്റത്ത് സാഇബ് ബിൻ ഉഥ്മാൻ എന്നിവർ മദീന ഹിജ്റത്ത് ചെയ്തപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലമ അജലാനിയുടെ വീട്ടിലാണ് താമസിച്ചത്. മറ്റൊരു അഭിപ്രായം അനുസരിച്ച് ഇവരെല്ലാവരും ഹദ്റത്ത് ഹിസാം ബിൻ വദീആയുടെ വീട്ടിലാണ് താമസിച്ചത്.

മുഹമ്മദ് ബിൻ അംറ് വാഖിദി വിവരിക്കുന്നു: പുരുഷന്മാരും സ്ത്രീകളുമെല്ലാം ഒരുമിച്ച് ഹിജ്റത്ത് ചെയ്ത കുടുംബങ്ങളിൽപ്പെട്ടതായിരുന്നു മള്ഊന്റെ കുടുംബം. അവരിൽപ്പെട്ട ആരും മക്കയിൽ അവശേഷിച്ചില്ല. ഹദ്റത്ത് ഉമ്മു അലാഅ് പറയുന്നു: നബി(സ)തിരുമേനിയും മുഹാജിരീനും മദീനയിൽ എത്തിയപ്പോൾ അവരെല്ലാവരും തങ്ങളുടെ വീടുകളിൽ താമസിച്ചെങ്കിലെന്ന് അൻസ്വാർ ആഗ്രഹിച്ചു. അതിനായി നറുക്കിട്ടു. ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനെ ഞങ്ങൾക്ക് ലഭിച്ചു. നബി(സ)തിരുമേനി ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനേയും ഹദ്റത്ത് അബൂ ഹയ്ഥം ബിൻ തയ്ഹാനേയും സഹോദരന്മാരാക്കി.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 302-303, ഉഥ്മാൻ ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഉഥ്മാൻ മദിനയിൽ ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് ഉഥ്മാൻ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. അദ്ദേഹം എല്ലാവരേക്കാളും അധികം വലിയ ആവേശത്തിൽ ഇബാദത്തുകൾ നിർവഹിച്ചിരുന്നു. പകൽ നോമ്പ് അനുഷ്ഠിക്കുകയും രാത്രി ആരാധനകൾ നിർവഹിക്കുകയും ചെയ്തിരുന്നു. ഭൗതിക ആഗ്രഹങ്ങളിൽ നിന്ന് രക്ഷപ്പെട്ടുനിന്നു. സ്ത്രീകളിൽ നിന്ന് അകന്നു നിന്നു. അദ്ദേഹം നബി(സ)തിരുമേനിയോട് ഭൗതികത ഉപേക്ഷിക്കുന്നതിനും സ്വയം ബ്രഹ്മചര്യം ആചരിക്കുന്നതിനും അനുവാദം ചോദിച്ചു. എന്നാൽ, നബി(സ)തിരുമേനി അങ്ങനെ ചെയ്യുന്നത് വിരോധിച്ചു. ഇത് ചരിത്രഗ്രന്ഥമായ ഉസുദുൽ ഗാബയിൽ എഴുതിയിരിക്കുന്നു.(ഉസുദുൽ ഗാബ, വാല്യം 3, പേജ് 590, ഉഥ്മാൻ ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഒരു നിവേദനത്തിൽ വരുന്നു, ഒരിക്കൽ ഹദ്റത്ത് ഉഥ്മാന്റെ ഭാര്യ, നബി(സ)തിരുമേനിയുടെ ഭാര്യമാരുടെ അടുത്തു വന്നു. അവർ അവരെ വലിയ അലസമായ അവസ്ഥയിൽ കണ്ടു. അവരെ കണ്ട് പറഞ്ഞു: വസ്ത്രം അഴുക്ക് പുരണ്ടും തലമുടി പാറിപറന്നുമായിട്ടുള്ള അവസ്ഥ നിനക്ക് എങ്ങനെയുണ്ടായി? നീ അണിഞ്ഞൊരുങ്ങി നടക്കുക, നിന്റെ ഭർത്താവിനെക്കാൾ സമ്പന്നനായ മറ്റാരും തന്നെ ഖുറയ്ശികളിൽ ഇല്ല. ഹദ്റത്ത് ഉഥ്മാന്റെ ഭാര്യ പറഞ്ഞു: അതിൽ എനിക്ക് ഒന്നുംതന്നെയില്ല. അദ്ദേഹത്തിന് ഒരു വികാരവും എന്നോടില്ല. അദ്ദേഹം അല്ലാഹുവിന്റെ ആരാധനയിൽ മുഴുകിയിരിക്കുന്നു. എന്നെ ശ്രദ്ധിക്കുന്നതുപോലുമില്ല. പകലാണെങ്കിൽ നോമ്പും അനുഷ്ഠിക്കുന്നു. നബി(സ)തിരുമേനി വന്നപ്പോൾ ഭാര്യമാർ ഈ കാര്യം പറഞ്ഞു. ഇത് കേട്ട നബി(സ) തിരുമേനി, ഹദ്റത്ത് ഉഥ്മാനെ കണ്ട് പറഞ്ഞു: എന്നിൽ നിനക്ക് മാതൃകയൊന്നുമില്ലേ? ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: 'അങ്ങയെ പോലെ നടക്കാനാണ് ഞാൻ ശ്രമിച്ച് കൊണ്ടിരിക്കുന്നത്.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നീ പകൽ മുഴുവൻ നോമ്പ് അനുഷ്ഠിക്കുകയും രാത്രി ഇബാദത്തുകൾ നിർവഹിക്കുകയും ചെയ്യുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ, അങ്ങനെ തന്നെയാണ് ചെയ്യുന്നത്. നബി(സ)പറഞ്ഞു: അങ്ങനെ നീ ചെയ്യരുത്. നിന്റെ കണ്ണുകൾക്ക് നിന്റെമേൽ അവകാശമുണ്ട്. നിന്റെ ശരീരത്തിനും നിന്റെമേൽ അവകാശമുണ്ട്. നിന്റെ കുടുംബത്തിനും നിന്റെമേൽ അവകാശമുണ്ട്. നിന്റെ ഭാര്യാമക്കൾക്കും നിന്റെമേൽ അവകാശമുണ്ട്. അതുകൊണ്ട് നമസ്കരിക്കുകയുംചെയ്യുക, ഉറങ്ങുകയും ചെയ്യുക. രാത്രി ഉണർന്ന് നഫ്ലുകൾ നിർവഹിക്കുക. എന്നാൽ, ഉറങ്ങേണ്ടതും നിർബന്ധമാണ്. നോമ്പ് അനുഷ്ഠിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുക. ഇനി നഫ്‌ലായ നോമ്പുകൾ അനുഷ്ഠിക്കണമെങ്കിൽ അത് ചെയ്തുകൊള്ളുക. പക്ഷേ, ചില ദിവസങ്ങളിൽ അതിന് ഒഴിവും ഉണ്ടാവേണ്ടതാണ്. കുറച്ച് ദിവസങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ഭാര്യ പരിശുദ്ധ നബിപത്നിമാരുടെ അടുത്ത് വീണ്ടും വന്നു. ഒരു നവവധുവിനെ പോലെ തോന്നുംവിധം അവർ സുഗന്ധം പൂശിയിരുന്നു. അവർചോദിച്ചു, ഇന്ന് നല്ല ഒരുക്കത്തിലാണല്ലോ? അതിൽ മറുപടിയായി പറഞ്ഞു, ആളുകൾക്ക് ലഭിച്ച് കൊണ്ടിരുന്നത് ഇപ്പോൾ എനിക്കും കരസ്ഥമായി.' അതായത് ഇപ്പോൾ ഭർത്താവ് ശ്രദ്ധിക്കുന്നുണ്ട്.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 302, ഉഥ്മാൻ ബിൻ മള്ഊൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ആഇശ(റ) അതിനെ കുറിച്ച് നിവേദനം ചെയ്യുന്നു, പറയുന്നു: നബി(സ)തിരുമേനി ഉഥ്മാൻ ബിൻ മള്ഊനെ വിളിപ്പിച്ചു. പറഞ്ഞു: നീ എന്റെ ചര്യകളെ ഇഷ്ടപ്പെടുന്നില്ലേ.? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞാൻ അങ്ങയുടെ രീതികളെയാണ് അന്വേഷിച്ച് കൊണ്ടിരിക്കുന്നത്. നബി(സ)തിരുമേനി പറഞ്ഞു: ഞാൻ ഉറങ്ങുകയും ചെയ്യുന്നു. നമസ്കാരം നിർവഹിക്കുകയും ചെയ്യുന്നു. നോമ്പുകൾ അനുഷ്ഠിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അത് ഉപേക്ഷിക്കുകയും ചെയ്യുന്നു. വിവാഹവും ചെയ്തിരിക്കുന്നു. അല്ലയോ ഉഥ്മാൻ! നീ അല്ലാഹുവിനെ ഭയക്കുക. നിന്റെമേൽ നിന്റെ ഭാര്യയ്ക്കും അവകാശമുണ്ട്. നിന്റെ അതിഥിക്കും അവകാശമുണ്ട്. നിന്റെ ആത്മാവിനും നിന്റെമേൽ അവകാശമുണ്ട്. അതുകൊണ്ട് ചിലപ്പോഴെല്ലാം നോമ്പ് അനുഷ്ഠിക്കുകയും ചിലപ്പോൾ അത് വിടുകയും ചെയ്യുക. നമസ്കരിക്കുകയും അതുപോലെ ഉറങ്ങുകയുംചെയ്യുക. (സുനൻ അബീദാവൂദ്, കിതാബുത്തത്വവ്വുഅ്ഹദീഥ് 1369)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ബുഖാരിയെ ഉദ്ധരിച്ച് വിവരിക്കുന്നു: സഅ്ദ് ബിൻ അബീ വഖാസ് നിവേദനം. ഉഥ്മാൻ ബിൻ മള്ഊൻ(റ) നബി തിരുമേനിയിൽനിന്ന് സ്ത്രീകളിൽനിന്ന് പൂർണമായും വിട്ടുനില്ക്കാൻ അനുവാദം ചോദിച്ചു. എന്നാൽ, അവിടന്ന് അതിന് അനുവാദം കൊടുത്തില്ല. അവിടന്ന് അനുവാദം നല്കിയിരുന്നെങ്കിൽ ഞങ്ങൾ ഷണ്ഡീകരണത്തിന് തികച്ചും തയ്യാറായിരുന്നു." (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ. പേജ് 418) ആ വികാരങ്ങൾ തികച്ചും അവസാനിപ്പിക്കാൻ അവർ പരിശ്രമിക്കുമായിരുന്നു.

ബുഖാരിയിലെ ഹദീഥിന്റെ തർജമ പറയാം. അതിങ്ങനെയാണ്. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് നിവേദനം. ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ) ബ്രഹ്മചര്യം അനുഷ്ഠിക്കുവാൻ അനുമതി ചോദിച്ചപ്പോൾ നബി(സ) തിരുമേനി അതിനെ വിരോധിച്ചു. നബി(സ)തിരുമേനി അദ്ദേഹത്തിന് അനുമതി നല്കിയിരുന്നുവെങ്കിൽ ഞങ്ങൾ ഷണ്ഡീകരണ നടപടി സ്വീകരിക്കുമായിരുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുന്നിക്കാഹ്, ഹദീഥ് 5073)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(അ) വീണ്ടും എഴുതുന്നു: ഉഥ്മാൻ ബിൻ മള്ഊൻ ബനൂ ജുംഹിൽപ്പെട്ടയാളായിരുന്നു. അങ്ങേയറ്റം സൂഫീ സ്വഭാവമുള്ള വ്യക്തിയായിരുന്നു. അദ്ദേഹം ജാഹിലിയാ കാലഘട്ടത്തിൽതന്നെ മദ്യപാനം ഉപേക്ഷിച്ചിരുന്നു. ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പേ

ഒരിക്കലും മദ്യപിച്ചിരുന്നില്ല. ഇസ്‌ലാമിലും ബ്രഹ്മചര്യം ആഗ്രഹിച്ചിരുന്നു. എന്നാൽ, നബി(സ) ഇസ്‌ലാമിൽ ബ്രഹ്മചര്യം അനുവദനീയമല്ലെന്ന് പറഞ്ഞ് അദ്ദേഹത്തിന് അനുവാദം നല്കിയില്ല. (സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 124)

ഈ ലോകത്ത് താമസിക്കാൻ ഇസ്‌ലാം പറയുന്നു. അല്ലാഹു നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ പ്രയോജനപ്പെടുത്തുക. പക്ഷേ, അല്ലാഹുവിനെ മറക്കരുത്. ഇതെപ്പോഴും നിങ്ങളുടെ മുമ്പിലുണ്ടായിരിക്കണം.

ഹദ്റത്ത് ഖുദാമ ബിൻ മള്ഊൻ നിവേദനം. ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്(റ) ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനെ കണ്ടു. അദ്ദേഹം തന്റെ യാത്രാവാഹനത്തിലായിരുന്നു. ഹദ്റത്ത് ഉഥ്മാൻ തന്റെ യാത്രാവാഹനത്തിലുമായിരുന്നു. 'അഥായ' എന്നു പേരുള്ള മലയിടുക്കിൽ രണ്ടുപേരും കണ്ടുമുട്ടി. അഥായാ എന്ന സ്ഥലം ദുൽഖുലയ്ഫ കഴിഞ്ഞ് 'ജുഹുഫ' വഴിയിൽ മദീനയിൽനിന്ന് 77 മൈൽ ദൂരത്താണുള്ളത്. ഇത് അതിന്റെ ലൊക്കേഷൻ പറഞ്ഞതാണ്. ഹദ്റത്ത് ഉമറിന്റെ ഒട്ടകം ഹദ്റത്ത് ഉഥ്മാന്റെ ഒട്ടകത്തെ അല്പം തട്ടി. കൂടുതൽ അടുത്തപ്പോൾ ഒട്ടകം അമർത്തി. നബി(സ) തിരുമേനിയുടെ യാത്രാസംഘം ഒരുപാട് മുന്നിലെത്തിയിരുന്നു. ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: ഗൽഖൽ ഫിത്നത്തി താങ്കൾ എന്നെ ബുദ്ധിമുട്ടിച്ചു. യാത്രാവാഹനങ്ങൾ നിന്നപ്പോൾ ഹദ്റത്ത് ഉമർ ബിൻ ഖത്വാബ് അടുത്തുവന്ന് പറഞ്ഞു: അബൂസാഇബേ! അതായത് ഉഥ്മാൻ ബിൻ മള്ഊനോടു പറഞ്ഞു. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരട്ടെ. ഏതുപേരിലാണ് താങ്കൾ എന്നെ വിളിച്ചത്? ഗൽഖൽ ഫിത്നത്തി എന്നു പറഞ്ഞാണ് വിളിച്ചത്. അപ്പോൾ അദ്ദേഹം പറഞ്ഞു: അങ്ങനെയല്ല. അല്ലാഹുവാണ! താങ്കളുടെ ആ പേര് ഞാൻ വെച്ചിട്ടില്ല; ഞാൻ വിളിച്ച പേര്. ഏതുപേര് കൊണ്ടാണോ ഞാൻ വിളിച്ചത് അത് ഞാൻ പറഞ്ഞതല്ല. മറിച്ച് നബി(സ) തിരുമേനി താങ്കൾക്ക് ആ പേര് വെച്ചതായിരുന്നു. എന്നിട്ടു പറഞ്ഞു: നബി(സ) തിരുമേനിയുടെ യാത്രാസംഘം മുമ്പിലാണ്. ആ നേരത്ത് നബി(സ) തിരുമേനി മുമ്പേ പോകുകയായിരുന്നു. അതിനുശേഷം ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ അദ്ദേഹത്തോടു പറഞ്ഞു: മുമ്പേയുണ്ട്. താങ്കൾക്ക് ചോദിക്കാവുന്നതാണ്. പിന്നീട് വരുന്ന വിവരണം ഇങ്ങനെയാണ്. ഒരിക്കൽ അവിടന്ന് ഞങ്ങളുടെ മുന്നിലൂടെ കടന്നുപോയി. അതായത് ഹദ്റത്ത് ഉമർ(റ) ഞങ്ങളുടെ അടുത്തൂടെ പോയി. ഞങ്ങൾ നബി(സ) തിരുമേനിയുടെ കൂടെ ഇരിക്കുകയായിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഈ വ്യക്തി ഗൽഖൽഫിത്നത്തിയാണ്. അതായത് ഫിത്നയുടെ വഴിയിൽ തടസമാണ്. ഇതുപറഞ്ഞുകൊണ്ട് അവിടന്ന്(സ) തന്റെ കൈകൊണ്ട് ആംഗ്യം കാണിച്ചു. നിങ്ങളുടേയും ഫിത്നയുടേയും ഇടയിൽ ഒരു വാതിലുണ്ടാകും. അത് ശക്തമായി അടഞ്ഞിരിക്കും; ഈ വ്യക്തി നിങ്ങളിൽ ജീവിച്ചിരിക്കുവോളം. (അൽമുഅ്ജമുൽ കബീർ ലിത്ത്വബ്റാനീ വാള്യം 9, പേജ് 38-39, ബാബ് മാ അസ്നദ ഉഥ്മാൻ ബിൻ മള്ഊൻ, ഹദീഥ് 8321, ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 202) (ഫർഹംഗെ സീറത്ത്, സയ്യിദ് ഫള്ലുർറഹ്മാൻ, പേജ് 29, സവാർ അക്കാഡമി പബ്ലിക്കേഷൻസ്, കറാച്ചി 2003) അതായത് ഹദ്റത്ത് ഉമറിന് ജീവനുള്ളതുവരെ ഇസ്‌ലാമിൽ ഒരു ഫിത്നയും ഉണ്ടാകുകയില്ല. ചരിത്രവും ഇതുതന്നെയാണ് പറയുന്നത്. അതിനുശേഷമാണ് കൂടുതൽ ഫിത്ന ഉണ്ടായത്.

ഇവിടെ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിനെ സംബന്ധിച്ച് ഗൽഖൽ ഫിത്നത്തി എന്ന പദങ്ങൾ വിവരിച്ചു. അതിന്റെ വിശദീകരണം പറയാം. ഹദ്റത്ത് ഹുദയ്ഫ(റ) പറയുന്നു. ഞങ്ങളൊരിക്കൽ ഉമർ(റ)ന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. അന്നേരം കുഴപ്പം സംബന്ധിച്ച് നബി(സ)തിരുമേനിയുടെ പ്രസ്താവന നിങ്ങളിലാർക്കാണ് നല്ലപോലെ ഓർമയുള്ളതെന്ന് അദ്ദേഹം ചോദിച്ചു. നബി(സ)തിരുമേനി പറഞ്ഞതുപോലെതന്നെ ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാമെന്ന് അന്നേരം ഞാൻ ഉണർത്തി. ഉമർ(റ) പറഞ്ഞു: നിങ്ങൾക്ക് അത് (ശരിയായ രൂപത്തിൽ) ഉദ്ധരിക്കാൻ ധൈര്യമുണ്ട്. ഞാൻ പറഞ്ഞു. ഒരു മനുഷ്യന് തന്റെ കുടുംബം, തന്റെ ധനം, തന്റെ സന്താനങ്ങൾ, തന്റെ അയൽവാസി ഇവരിൽനിന്നുണ്ടാകുന്ന പരീക്ഷണങ്ങൾ(കുഴപ്പങ്ങൾ)ക്ക് നമസ്കാരം, നോമ്പ്, ദാനധർമങ്ങൾ, നന്മ ഉപദേശിക്കൽ, തിന്മ വിരോധിക്കൽ മുതലായവ പരിഹാരങ്ങളായി ഭവിക്കും. അന്നേരം ഉമർ പറഞ്ഞു. ഈ കുഴപ്പത്തെയല്ല ഞാനുദ്ദേശിക്കുന്നത്. സമുദ്രം അലയടിക്കുംപോലെ വ്യാപകമായി അലയടിക്കുന്ന കുഴപ്പമാണ്. അന്നേരം ഹുദയ്ഫ(റ) പറഞ്ഞു. ഓ അമീറുൽ മുഅ്മിനീൻ! ആ വിപ്ലവംമൂലം താങ്കളെ ഒരു വിഷമവും ബാധിക്കുകയില്ല. താങ്കൾക്കും ആ വിപ്ലവത്തിനും ഇടയിൽ അടക്കപ്പെട്ടൊരു വാതിൽ സ്ഥിതി ചെയ്യുന്നുണ്ട്. അപ്പോൾ ഉമർ(റ) ചോദിച്ചു. അവസാനം ആ വാതിൽ തകർത്തിട്ടാണോ അതല്ല പൂട്ട് തുറന്നിട്ടാണോ അതിനപ്പുറത്തേക്ക് (ജനൽ) പ്രവേശിക്കുക. ഹുദയ്ഫ(റ) പറഞ്ഞു: ആ വാതിൽ തകർക്കുകയാണ് ചെയ്യുക. ഉമർ(റ) പറഞ്ഞു: അങ്ങനെ സംഭവിക്കുന്നപക്ഷം പിന്നീട് ആ വാതിൽ ഒരിക്കലും അടക്കപ്പെടുകയില്ല. അതായത് ആ കുഴപ്പം നടന്നുകൊണ്ടേ പോകും; ഒരിക്കൽ തുടങ്ങിയാൽ.' മുസ്‌ലിം ഉമ്മത്തിൽ ഒന്നിനുപിറകെ ഒന്നായി ആ ഫിത്ന ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് ഉഥ്മാന്റെ കാലഘട്ടത്തിലും ഹദ്റത്ത് അലിയുടെ കാലഘട്ടത്തിലും ഇപ്പോഴും ഈ കുഴപ്പങ്ങൾ മുസ്‌ലിം ഉമ്മത്തിൽ നടന്നുകൊണ്ടിരിക്കുന്നു. പരസ്പരം രക്തദാഹികളായിത്തീർന്നിരിക്കുന്നു. ഈ കുഴപ്പങ്ങൾ തടഞ്ഞുനിറുത്തുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഉണ്ടാക്കിയിട്ടുള്ള ഭിത്തിക്കു പിന്നിൽ വരാൻ അവർ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഈ കുഴപ്പം വർധിച്ചുകൊണ്ടുപോകുന്നത്. അല്ലാഹു നമ്മെ സുരക്ഷിതരാക്കിവെക്കട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അല്ലാഹു ഇക്കാലഘട്ടത്തിൽ ലഭ്യമാക്കിയിരിക്കുന്ന പരിചയുടെ പിന്നിലിരിക്കാൻ അല്ലാഹു തൗഫീഖ് നല്കട്ടെ; ആ ഭിത്തിയുടെ പിന്നിലിരിക്കുക. എന്തായാലും ഹദ്റത്ത് ഉമർ(റ) പറഞ്ഞു: പിന്നീട് ആ വാതിൽ ഒരിക്കലും അടയ്ക്കപ്പെടുകയില്ല. ഈ ചരിത്രം ഉദ്ധരിക്കുമ്പോൾ ആ വാതിലേതെന്ന് ഉമർ(റ) ഗ്രഹിച്ചിട്ടുണ്ടായിരുന്നോ എന്ന് സദസ്യർ ഹുദയ്ഫയോടു ചോദിച്ചു. അതെ നാളത്തെ പകലിന് മുമ്പേ ഇന്നൊരു രാത്രി വരാനുണ്ടെന്ന കാര്യം എത്ര കണ്ട് വ്യക്തമാണോ അത്രകണ്ട് അക്കാര്യവും ഉമർ(റ)ന് വ്യക്തമായി അറിയാമായിരുന്നു. തെറ്റായ ഒരു വിവരമല്ല ഉമറിന് ഞാൻ നല്കിയത്. (നബി(സ) തിരുമേനിയിൽനിന്ന് കേട്ടതുപോലെയുള്ള ഒരു ഹദീഥായിരുന്നു). ഹുദയ്ഫ(റ) ഇതു പറഞ്ഞപ്പോൾ ആ വാതിൽ ഏതെന്ന് സദസ്യർ അദ്ദേഹത്തോടു ചോദിച്ചു. ഉമർ(റ) തന്നെയാണീ വാതിൽ എന്ന് ഹുദയ്ഫ(റ) മറുപടി നല്കി. (സ്വഹീഹുൽ ബുഖാരി, കിതാബുൽ വാഖീഅ് ഹദീഥ് 525)

മദീനയിൽ വഫാത്തായ ആദ്യത്തെ മുഹാജിറായിരുന്നു ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ(റ). ഹിജ്റ രണ്ടിലാണ് അദ്ദേഹം വഫാത്തായത്. ചിലർ പറയുന്നത് അവിടന്ന് വഫാത്തായത് ബദ്ർ യുദ്ധം നടന്ന് 22 മാസത്തിനുശേഷമാണെന്നാണ്. ജന്നത്തുൽ ബഖീയിൽ മറയടക്കപ്പെട്ട ആദ്യത്തെ വ്യക്തിയായിരുന്നു അദ്ദേഹം.' (ഉസുദുൽഗാബ, വാള്യ 3, പേജ് 591, ഉഥ്മാൻ ബിൻ മള്ഊൻ പ്രസാധകർ ദാറുൽ ഖുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003) ഇദ്ദേഹത്തെ സംബന്ധിച്ച് മറ്റു ചില കാര്യങ്ങളുമുണ്ട്. ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ**
**പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**
ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.





(പേജ് 2ൽനിന്ന്)

രാജ്യങ്ങളിൽനിന്നുള്ള വിവിധ ജനതകളിൽനിന്നുള്ള വിദ്യാർഥികൾ ഒരിടത്തു പഠിച്ചുകൊണ്ടിരിക്കുന്നു. ഇതേപ്രകാരം നിങ്ങളുടെ ജൽസയിൽ പങ്കെടുക്കുന്നവരും ഘാനയിലെ വിവിധ ഗോത്രങ്ങളേയും റീജിയനുകളേയും പ്രതിനിധാനം ചെയ്യുന്നു; ഈ അവസരത്തിൽ ഒന്നിച്ചിരിക്കുന്നു. യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം, അത് സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും സഹവർത്തിത്വത്തിന്റേയും സന്ദേശമാണ് ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. മുഴുവൻ ലോകത്തേയും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളാൽ ശോഭയാർന്നതാക്കുക. പിന്നീട് എല്ലാ മനുഷ്യരേയും നബി(സ) തിരുമേനിയുടെ കൊടിക്കീഴിൽ അണിനിരത്തുക. ഇത് നമ്മുടെ യഥാർഥ ഉത്തരവാദിത്വമാണ്. അതിനുവേണ്ടി നിങ്ങളെല്ലാവരും ഭയഭക്തിയുടെ വഴിയിലൂടെ നടക്കുക. ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിൽ വിജയിക്കുന്നതിന് ശ്രമിക്കുക. അല്ലാഹു നിങ്ങൾക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നിങ്ങളെല്ലാവരിലും ഫള്ൽ ചെയ്യുമാറാകട്ടെ.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## കഴിഞ്ഞ ലക്കം തുടർച്ച.....)

അഹ്മദിയ്യാ ജമാഅത്തിന് മാൽമോയിൽ 300 അംഗങ്ങളുണ്ട്. സ്വീഡനിൽ ആയിരങ്ങളും ലോകത്താകമാനം മില്യണുകളുമുണ്ട്. ഇന്ത്യയിലെ പഞ്ചാബിൽ സ്ഥാപിതമായ ഈ ജമാഅത്ത് ഒരു സുന്നി മുസ്‌ലിം വിഭാഗമാണ്. നുബുവ്വത്തിന്റെ വിഷയത്തിൽ മുസ്‌ലിമീംകളുടെ വിശ്വാസവുമായി വിവാദം നിലനിൽക്കുന്നു. വളരെയധികം രാഷ്ട്രങ്ങളിൽ ഇവർക്ക് എതിർപ്പ് നേരിടേണ്ടിവരുന്നു. പാക്കിസ്താനിലാകട്ടെ അവർക്ക് മുസ്‌ലിം എന്ന് പറയാനുള്ള അനുവാദവുമില്ല.

ഇത് രാജ്യത്തെ രണ്ടാമത്തെ അഹ്മദിയ്യാ മസ്ജിദാണെങ്കിലും എല്ലാറ്റിലും വലിയ മസ്ജിദാണ്. ഈ കെട്ടിടം വളരെ സുന്ദരമാണ്. ഇവിടുത്തെ വാസികൾ ഇതിനെ വളരെ ഇഷ്ടപ്പെടും എന്ന് എനിക്ക് പ്രതീക്ഷയുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവ് മിർസാ മസ്റൂർ അഹ്മദ് പറയുന്നു. മസ്ജിദ് എല്ലാവർക്ക് വേണ്ടിയും തുറന്ന് കിടക്കുന്നതാണ്. ജമാഅത്തിന്റെ സന്ദേശം സ്നേഹവും സമാധാനവുമാണ്. ഈ ജമാഅത്ത് എല്ലാവിധ തീവ്രവാദത്തേയും അപലപിക്കുന്നു. ഇവിടെ എല്ലാവർക്കും വരാൻ അനുവാദമുണ്ടാകും.

മാൽമോ ജമാഅത്തിന്റെ വക്താവ് കരീം ലോൺ സാഹിബ് പറയുന്നു: 'എന്റെ അഭിപ്രായത്തിൽ ഈ സ്ഥലം ബഹുസ്വരതയുടെ സ്ഥലമാണ്. ഒരാൾക്കും സ്വന്തം വാതിലുകൾ അടക്കപ്പെടുന്നതല്ല.' ബാങ്കിന്റെ ശബ്ദം ലൗഡ് സ്പീക്കർ മുഖേന മസ്ജിദിന്റെ ഉള്ളിൽ മാത്രം മുഴങ്ങുന്നു. ഇവിടെ ഒരു സ്പോട്സ് ഹാളും വിവിധ ഓഫീസുകൾക്കുള്ള സ്ഥലവുമുണ്ട്. ഓരോ ആഴ്ചയിലും ജുമുആ നമസ്കാരവും സ്വീഡിഷ്, ഉർദു ഭാഷകളിൽ ഖുത്ബയുമുണ്ട്. ചെലവഴിക്കുന്നതും നിർമാണവും ജമാഅത്ത് സ്വയമാണ് ചെയ്യുന്നത്.

Skanska Dagbladet എന്ന പത്രം അതിന്റെ മെയ് -11-ലെ എഡിഷനിൽ എഴുതുന്നു:(ഇത് ദിനപത്രമാണ്.എഴുപത്തയ്യായിരം വായനക്കാരുണ്ട്. കൂടാതെ ഇതിന്റെ ഓൺ ലൈൻ വെബ് സൈറ്റിൽ ഓരോ ആഴ്ചയും ഒരു ലക്ഷത്തി ഇരുപത്തയ്യായിരം പേർ സന്ദർശിക്കുന്നു.)

'തീവ്രവാദികൾക്ക് രണ്ടാമതൊരു അവസരം നൽകേണ്ടതാണ്. ഇസ്‌ലാമിൽ കുഴപ്പങ്ങളെ പിന്തുണയ്ക്കുന്ന ഒന്നുംതന്നെയില്ല.' ലോകമെങ്ങും മില്യൻകണക്കിന് അംഗങ്ങളുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവ് പറയുന്നു: ഐ എസ് ഐ എസിൽ നിന്ന് മടങ്ങി വരുന്ന സൈനികർക്ക് നന്നാകുന്നതിന് രണ്ടാമത് ഒരവസരം നൽകേണ്ടതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ അടിസ്ഥാനം 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്നതാണ്. ഇസ്‌ലാമിനുള്ളിലെ ഈ ശബ്ദം വളരെയധികം ആളുകൾ കേൾക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ അഭിപ്രായത്തിൽ കടന്നാക്രമണ ജിഹാദിനെപ്പറ്റി ഇസ്‌ലാമിൽ ഒന്നും തന്നെ പറയുന്നില്ല.

മിർസാ മസ്റൂർ അഹ്മദ് മടങ്ങി വരുന്ന isis സൈനികരെ സംബന്ധിച്ചുള്ള തന്റെ അഭിപ്രായം വെളിപ്പെടുത്തുകയുണ്ടായി. ഇംഗ്ലീഷ് പത്രമായ ഒബ്സർവറിനോട് അദ്ദേഹം പറഞ്ഞു:

'ബ്രിട്ടീഷ് ഭരണകൂടം ഈ യുവാക്കൾക്ക് സംസ്കരണത്തിനുള്ള ഒരവസരം നൽകേണ്ടതാണ്:

ഇവർ നിരാശരാണ്. ഇവരുടെ ആ നൈരാശ്യത്തെ എനിക്ക് സ്വയം മനസ്സിലാക്കാൻ കഴിയുന്നു. ഇവർക്ക് മറ്റൊരു അവസരത്തിന് അവകാശമുണ്ട്. ഇവർക്ക് ശിക്ഷണം കിട്ടേണ്ടത് അനിവാര്യമാണ്. ഇവർക്ക് വിദ്യാഭ്യാസവും നൽകേണ്ടതുണ്ട്. തന്റെ രാഷ്ട്രത്തോട് കൂറു കാണിക്കാനുള്ള ബോധം ഉണ്ടാകേണ്ടതുണ്ട്.'

അവരുടെ പത്രമായ ടസമിസെമ ഉമഴയഹമറലല നോട് 'അവരെ ജയിലിൽ ഇടേണ്ട ആവശ്യമില്ല അദ്ദേഹം പറഞ്ഞു. പക്ഷേ, സ്വീഡനിൽ acts of terrorism ഒരു കുറ്റകൃത്യമാണ്.?

ഹുദൂർ: 'ശരിയാണ്, അവർ പ്രശ്നം ഉണ്ടാക്കിയെന്ന് തെളിഞ്ഞാൽ ഈ രൂപത്തിൽ നിയമം നടപ്പിലാക്കൽ അനിവാര്യമാണ്.'

മിർസാ മസ്റൂർ അഹ്മദ് വലിയ സുരക്ഷാ സംവിധാനത്തോടു കൂടിയാണ് യാത്ര ചെയ്യുന്നത്. പക്ഷേ, അദ്ദേഹത്തിന്റെ threat-level നെ കുറിച്ച് പറയുന്നത് നമ്മളെല്ലാവരും തീവ്രവാദ ആക്രമണങ്ങൾ കാരണത്താൽ ഒരു uncertain ലോകത്താണ് കഴിയുന്നതെന്നാണ്.

ഖലീഫത്തുൽ മസീഹ് പാക്കിസ്താനിൽ നിന്നുള്ളയാളാണ്. അവിടെ ഇതര മുസ്‌ലിമീംകളുടെ ഭാഗത്തുനിന്നും രൂക്ഷമായ എതിർപ്പ് നേരിടേണ്ടി വരുന്നു.

ഖലീഫ പറഞ്ഞു: 'എനിക്ക് അവിടെ പോകുന്നതിൽ ബുദ്ധിമുട്ടുകളുണ്ട്. അവിടെ ഞാൻ ജയിലിലും കിടന്നിട്ടുണ്ട്. അങ്ങനെ ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ നേതൃത്വം ഏറ്റെടുത്തപ്പോൾ ആ രാജ്യം വിടാൻ തീരുമാനിച്ചു. പാക്കിസ്താനിൽ എനിക്ക് എന്റെ കാര്യങ്ങൾ പറയാൻ അനുവാദമില്ല.'

✹ ങമഹാി 24 പത്രം അതിന്റെ മെയ് 11 ലെ പ്രസിദ്ധീകരണത്തിൽ എഴുതി:

***'മുസ്‌ലിം പോപ്പ് മസ്ജിദിന്റെ ഉൽഘാടനം നിർവ്വഹിക്കും: മഹൽ വ്യക്തിത്വം'***

നിർമാണത്തിന് അനുവാദം ലഭിച്ച് 16 വർഷത്തിന് ശേഷം Elisedal ലുള്ള മസ്ജിദ് മഹ്മൂദിന്റെ ഉൽഘാടനം നടക്കുകയാണ്. വെള്ളിയാഴ്ച നടക്കുന്ന ഐതിഹാസികമായ ഉൽഘാടനാവസരത്തിൽ ജമാഅത്തിന്റെ പരമോന്നത നേതാവ് പങ്കെടുക്കുന്നതായിരിക്കും.

ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ സർവ്വോന്നത നേതാവ് 65 വയസുകാരനായ ഖലീഫ മിർസാ മസ്റൂർ അഹ്മദ് ആണ്. അത് ഒരു ഇസ്‌ലാമിക ജമാഅത്താണ്. ഏകദേശം 10 മില്യണിന്നടുത്ത് അംഗങ്ങൾ ഇതിനുണ്ട്. ഇതിനു മുമ്പേ യൂറോപ്യൻ പാർലമെന്റിലും ബ്രിട്ടീഷ് Underhouse ലും അദ്ദേഹത്തിന്റെ പ്രഭാഷണം ഉണ്ടായിരുന്നു. അമേരിക്കൻ കോൺഗ്രസിലെ വളരെയധികം അംഗങ്ങളുടെ മുമ്പിലും അദ്ദേഹത്തിന്റെ പ്രഭാഷണം ഉണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹം വെള്ളിയാഴ്ച മസ്ജിദ് മഹ്മൂദിന്റെ ചരിത്ര പ്രസിദ്ധമായ ഉൽഘാടനത്തിനുവേണ്ടി മാൽമോയിൽ വന്നിരിക്കുകയാണ്.

അദ്ദേഹം ഒരു മഹൽ വ്യക്തിത്വമാണ്. ഈ സന്ദർശനം വളരെ യശസ്സിന് കാരണമാക്കിത്തീർത്തിട്ടുണ്ട്. 2003-ൽ അദ്ദേഹം ഖലീഫയായതു മുതൽ ആഗോള തലത്തിൽ സന്ദർശനം നടത്തുകയും ഇസ്‌ലാമിലെ സമാധാനത്തെ കുറിച്ചും സഹവർത്തിത്വത്തെ കുറിച്ചും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സ്വീഡന്റെ അവസരമാണ്.

മിർസാ മസ്റൂർ അഹ്മദ് എല്ലാവിധ തീവ്രവാദത്തേയും അതിരൂക്ഷമായി അപലപിക്കുന്നു. അദ്ദേഹം പറയുന്നത് കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസിന് കൂടുതൽ അധികാരങ്ങൾ നൽകണമെന്നാണ്. അമേരിക്കൻ പത്രമായ Wall Street Journal അദ്ദേഹത്തെ 'മുസ്‌ലിം പോപ്പ്' എന്നാണ് വിശേഷിപ്പിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നേതാവ് എന്ന നിലയിലാണ് അദ്ദേഹത്തിന് ഈ വ്യതിരിക്തമായ സ്ഥാനം പ്രാപ്തമായിരിക്കുന്നത്.'

സ്വീഡൻ അഹ്മദിയ്യാ ജമാഅത്തിന് ഈ മസ്ജിദ് നിർമാണത്തിലൂടെ വലിയ വിജയമാണ് ലഭിച്ചിരിക്കുന്നത്. രാജ്യം മുഴുവൻ ആയിരവും മാൽമോയിൽ 200 ഉം അംഗങ്ങളുണ്ട്. ജമാഅത്തിലെ അംഗങ്ങൾതന്നെയാണ് ഇതിന്റെ നിർമാണ ചെലവ് വഹിച്ചത്. 2000 മുതലാണ് ഇതിന്റെ പ്ലാനിംഗ് തുടങ്ങിയത്. മസ്ജിദ് പൂർത്തിയാകുന്നതുവരെ ഇതിന്റെ വിവിധ ഘട്ടങ്ങൾ സുഗമമായിരുന്നില്ല.

ആ കെട്ടിടത്തിന് മസ്ജിദ് എന്ന് പറയാൻ ധാരാളമാളുകൾ ഇഷ്ടപ്പെടുകയില്ല. കാരണം അവർ ഞങ്ങളെ യഥാർഥ മുസ്‌ലിമീംകൾ എന്ന് മനസ്സിലാക്കുന്നില്ല. പിന്നെ പൊതുവായ നിലയിലും സ്വീഡനിൽ വിവിധ right-wing extremists ൽ മസ്ജിദിന്നെതിരിൽ ഭാഷണിയുണ്ട്. അതിൽനിന്ന് ഞങ്ങളും സുരക്ഷിതരല്ല.

✹ 2016 മെയ്-11ന് ട്യറല്ലിസെമി പത്രം എഴുതി:

***കെട്ടിടം പരിശോധിക്കുന്നതിന് ഖലീഫ മാൽമോയിൽ വന്നിരിക്കുന്നു.***

അഹ്മദിയ്യാ ജമാഅത്തിന്റെ പുതിയ മസ്ജിദിന്റെ ഉൽഘാടനം ശനിയാഴ്ച നടക്കുന്നു. അതിനുവേണ്ടിയാണ് ഖലീഫ മിർസാ മസ്റൂർ അഹ്മദ് ഇവിടെ എത്തിയിരിക്കുന്നത്.

ഖലീഫ മിർസാ മസ്റൂർ അഹ്മദ് Jagersroയിൽ സ്ഥിതി ചെയ്യുന്ന മസ്ജിദിന്റെ ഉൽഘാടനത്തിന് മാൽമോയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനം 1889-ൽ ഇന്ത്യയിലായിരുന്നു. 207 രാഷ്ട്രങ്ങളിലായി ഇതിന്ന് 10 മില്യണിലധികം അംഗങ്ങളുണ്ട്.

24 മീറ്ററുള്ള കെട്ടിട നിർമാണത്തിന്റെ ചെലവ് 49 മില്യൺ ക്രോണർ ആണ്. സ്വീഡനിലെ ജമാഅത്തംഗങ്ങൾതന്നെയാണ് ഈ തുക ശേഖരിച്ചത്. ഉൽഘാടനം ശനിയാഴ്ച നടക്കും. എന്നാൽ, ചൊവ്വാഴ്ചതന്നെ ജമാഅത്തിന്റെ പരമോന്നത നേതാവ് മിർസാ മസ്റൂർ അഹ്മദ് മാൽമോയിൽ പരിപാടിയിൽ പങ്കെടുക്കാൻ എത്തിക്കഴിഞ്ഞിരിക്കുന്നു.

ഖലീഫത്തുൽ മസീഹ് പറഞ്ഞു:'ഞാനാദ്യം ഇവിടെ വന്നപ്പോൾ ഇതൊരു ശൂന്യമായ മൈതാനമായിരുന്നു. ഇന്നലെ ഞാനെത്തിയപ്പോൾ ഇവിടെ ഒരു മനോഹരമായ കെട്ടിടം നിർമിക്കപ്പെട്ടിരിക്കുന്നു. ഒരു മതവിശ്വാസിയെ സംബന്ധിച്ചിടത്തോളം മുസ്‌ലിമീംകൾ പ്രാർഥനകൾക്കായി ഒത്തുചേരുന്ന ഈ കാഴ്ച ആത്മാവിന് കുളിരേകുന്നതാണ്.

അഹ്മദിയ്യാ ജമാഅത്ത് ഒരു സമാധാനം ആഗ്രഹിക്കുന്ന ജമാഅത്ത് എന്ന നിലയിലാണ് തങ്ങളെ സമർപിക്കുന്നത്. എന്നാൽ, സ്ത്രീകളെ സംബന്ധിച്ചും സ്വവർഗരതിയെ കുറിച്ചുമുള്ള അവരുടെ അഭിപ്രായം യാഥാസ്ഥിതികമാണ്. ഖലീഫയുമായുള്ള ഒരു നിണ്ട ഇന്റർവ്യൂ വെള്ളിയാഴ്ച പ്രസിദ്ധീപരിക്കുന്നതായിരിക്കും.

Sveriges റേഡിയോ P1 Manniskor och tro യും Sveriges RadioEkotവും അതിന്റെ മെയ് 12-ലെ പ്രക്ഷേപണത്തിൽ പറഞ്ഞു:

(റേഡിയോയുടെ റിപ്പോർട്ടറുടെ ബന്ധം രണ്ടു റേഡിയോ പ്രോഗ്രാമുമായിട്ടായിരുന്നു. അത് രാജ്യം മുഴുവനും പ്രക്ഷേപണം ചെയ്യപ്പെടുന്നു. Manniskor och tro എന്ന് പേരിലുള്ള പരിപാടി മതപരമായ വിഷയങ്ങളെ സംബന്ധിച്ചാണ്. ഇതിൽ ഹുദൂറിന്റെ സന്ദർശനമുദ്ധരിച്ച് ജമാഅത്തിനെ കുറിച്ച് പറഞ്ഞു. ഈ വാർത്ത 13 മിനിട്ടായിരുന്നു. ഇതിൽ ജമാഅത്തിന്റെ വിശ്വാസാദാർശങ്ങൾ വിശദമായി പറയുകയുണ്ടായി. യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസറും ഇതിൽ വെളിച്ചം വീശി.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

ഹുദൂറുമായുള്ള ഇന്റർവ്യൂവിന്റെ കുറച്ചു ഭാഗം കേൾപ്പിക്കപ്പെട്ടു. RadioEkot- നാഷണൽ ന്യൂസ് പ്രോഗ്രാമിൽ വാർത്തയും നൽകി.)

**അഹ്മദിയ്യാ ജമാഅത്തിന്റെ**
**പുതിയ മസ്ജിദിന്റെ ഉൽഘാടനം കഴിഞ്ഞു.**

*നമ്മുടെ മോട്ടോ എല്ലാവരോടും സ്നേഹം,*
*ആരോടുമില്ല വെറുപ്പ്.*

ഇന്ന് സ്വീഡൻ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ മസ്ജിദായ 'മാൽമോ മസ്ജിദ്' ഉൽഘാടനം ചെയ്യപ്പെട്ടു. ആയിരം പേർ അംഗങ്ങളുള്ള ഒരു ചെറിയ ജമാഅത്താണ് അഹ്മദിയ്യാ ജമാഅത്ത്, സ്വീഡൻ. ലോകത്താകമാനമുള്ള മുസ്‌ലിമീംകളിലും ന്യൂനപക്ഷമാണ് ഇവർ.

അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസം മോക്ഷത്തിലധിഷ്ഠിതമാണ്. ഇവരുടെ അഭിപ്രായത്തിൽ മോക്ഷം പ്രാപിച്ച വിഭാഗത്തിന്റെ സ്ഥാപകൻ മിർസാ ഗുലാം അഹ്മദാണ്. ഇതു കാരണത്താൽ ഇവർക്ക് ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവരുന്നു. ഇതേ കാരണത്താൽ ഇവരുടെ സുരക്ഷാ സംവിധാനം ഇപ്പോൾ സുപ്രധാനമാണ്. ഉൽഘാടനം നിർവ്വഹിച്ചുകൊണ്ട് ഖലീഫ മിർസാ മസ്റൂർ അഹ്മദ് മിംമ്പറിൽനിന്ന് നൽകിയ ഖുത്ബ ജുമുഅ ടീ. വി മുഖേന ലോകത്ത് അധിക പ്രദേശങ്ങളിലും സംപ്രേഷണം ചെയ്യപ്പെട്ടു.

2016 മെയ്–14 ലെ Sydsvenskan പത്രം എഴുതി: (തെക്കൻ സ്വീഡനിലെ ഏറ്റവും വലിയ പത്രമാണിത്. ഒരു ലക്ഷത്തിലേറെ പ്രതികൾ പ്രസദ്ധീകരിക്കുന്നു. ഓൺ ലൈനിലും ധാരാളം വ്യക്തികൾ സന്ദർശിക്കുന്നുണ്ട്.)

എല്ലാവർക്കും പ്രിയങ്കരനായ ഖലീഫയുടെ തീവ്രവാദികളെ കുറിച്ചും സ്വവർഗരതിയെകുറിച്ചുമുള്ള വ്യക്തമായ വിശദീകരണം.

207 രാജ്യത്തുള്ള മില്യൺ കണക്കിന് മുസ്‌ലിമീംകളുടെ തലവനാണ് അദ്ദേഹം. ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മിർസാ മസ്റൂർ അഹ്മദുമായി അഭിമുഖം നടത്തി. ജിഹാദ്, സമാധാനം, സ്ത്രീകൾക്ക് കൈ കൊടുക്കൽ എന്നീ വിഷയങ്ങളാണ് ചർച്ചചെയ്യപ്പെട്ടത്. മതപരിത്യാഗിയെ കൊല്ലുക എന്ന ആക്ഷേപത്തെ കുറിച്ചും മുസ്‌ലിം സ്വവർഗ്ഗരതിയെ കുറിച്ചും സംസാരിച്ചു. മുസ്‌ലിമീംകളുടെ പോപ്പെന്നും മിർസാ മസ്റൂർ അഹ്മദ് വിളിക്കപ്പെടുന്നു. ഈ പദപ്പേര് കൊണ്ട് കുറ്റമൊന്നുമില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

സൂര്യവെളിച്ചത്തിൽ മസ്ജിദിന്റെ കുംഭഗോപു രം തിളങ്ങിക്കൊണ്ടിരിക്കുകയാണ്. -Jagerso പ്രദേശത്തെ കിഴക്കൻ ഭാഗത്ത് സ്ഥിതി ചെയ്യുന്ന മസ്ജിദ് മഹ്മൂദിന്റെ പുതിയ കെട്ടിടത്തിൽ ഒരു വെളുത്ത മനുഷ്യൻ തലപ്പാവ് ധരിച്ചുകൊണ്ട് സുരക്ഷാ വിഭാഗത്തിനും ഇമാമുകൾക്കും ജമാഅത്തിലെ അനുയായികൾക്കുമിടയിൽ ഇരിക്കുന്നു. കുറച്ചുപേർ വീഡിയോ ചെയ്യുന്നു. കുറച്ചു പേർ ഓരോ വാക്കും രേഖപ്പെടുത്തുന്നു. ലോക മുസ്‌ലിം നേതാക്കളിൽ സുപ്രധാന സ്ഥാനം അലങ്കരിക്കുന്ന മിർസാ മസ്റൂർ അഹ്മദിനെ അന്തർദേശീയ പത്രങ്ങൾ മുസ്‌ലിമീംകളുടെ പോപ്പ് എന്നും വിശേഷിപ്പിക്കുന്നു.

ഈ വിശേഷണത്തെ കുറിച്ചുള്ള താങ്കളുടെ അഭിപ്രായമെന്താണ്?

ഖലീഫ: എന്നെ അങ്ങനെ വിളിക്കാനാണ് ആഗ്രഹിക്കുന്നതെങ്കിൽ ആയിക്കോട്ടെ. ഞാൻ എന്റെ ഭാഷാരീതിയിൽ പറയാൻ ആഗ്രഹിക്കുകയാണെങ്കിൽ എനിക്ക് കത്തോലിക്ക പോപ്പിനെ മസീഹിന്റെ ഖലീഫ എന്നും പറയാൻ കഴിയും. മിർസാ മസ്റൂർ അഹ്മദ് ചിരിച്ചു കൊണ്ട് പറഞ്ഞു. 2003–ൽ അഹ്മദിയ്യാ ഖലീഫ ആയതു മുതൽ ലോകം മുഴുവനും അദ്ദേഹം സന്ദർശനം നടത്തുകയും ലോക നേതാക്കളെ സമാധാന സംസ്ഥാപനത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

അങ്ങ് ലോക നേതാക്കൾക്ക് കത്തുകൾ എഴുതുകയും മൂന്നാം ലോക മഹായുദ്ധത്തെ കുറിച്ച് അവരെ ജാഗരൂകരാക്കുകയും ചെയ്യുന്നു. ഇതിന്റെ ഉദ്ദേശ്യമെന്താണ്?

ഖലീഫ: എന്നെ സംബന്ധിച്ചിടത്തോളം ലോക സമാധാനം ചിന്തയ്ക്ക് നിമിത്തമാണ്. ഇതു സം ബന്ധിച്ച് നീണ്ടകാലമായി ഞാൻ സംസാരിച്ചു വരുന്നു. അതുകൊണ്ടുതന്നെയാണ് ഞാൻ ലോകതോക്കൾക്ക് കത്തുകളെഴുതുന്നതും. അമേരിക്ക, യു.കെ, റഷ്യ, ചൈന, സഊദി അറേബ്യ, ഇറാൻ ഇവർക്കെല്ലാം കത്തുകളെഴുതിയിട്ടുണ്ട്. പോപ്പിനും എഴുതി. ഞാൻ അങ്ങനെ ചെയ്യാനുള്ള ഉദ്ദേശ്യം നമ്മൾ ഐക്യപ്പെടുകയും ലോകത്ത് സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ്.

താങ്കളുടെയടുക്കൽ ഇതിന്നുള്ള പരിഹാരമുണ്ടോ?

അതിന്റെ പരിഹാരം എന്നു പറയുന്നത് സ്വന്തം സ്രഷ്ടാവിനെ തിരിച്ചറിയുക എന്നതാണ്. പരസ്പരം ആദിരിക്കുക എന്നതാണ്. അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ തന്റെ വരവിന്റെ ഉദ്ദേശ്യം രണ്ടുകാര്യമാണെന്ന് പറഞ്ഞിരിക്കുന്നു. ഒന്ന് മനുഷ്യരെ ദൈവത്തിന്റെ അടുത്തു കൊണ്ടുവരിക. രണ്ടാമത്തേത് പരസ്പരമുള്ള കടമകൾ പറഞ്ഞു കൊടുത്തു മനുഷ്യരെ ബോധവാന്മാരാക്കുക.

അവകാശങ്ങൾ ചോദിക്കുന്നതിനുപകരം മറ്റുള്ളവർക്ക് അവകാശങ്ങൾ നല്കേണ്ടതാണ്. എല്ലാവരും ഇങ്ങനെ ചെയ്താൽ സമാധാനം സ്ഥാപിതമാകും.

താങ്കൾക്ക് ലോക നേതാക്കളിൽനിന്ന് എന്ത് respon ലെ ആണ് കിട്ടിയത്?

ഖലീഫ: എനിക്ക് കനഡ, യു.കെ എന്നീ രാഷ്ട്രങ്ങളിൽ നിന്ന് മാത്രമേ മറുപടി കിട്ടിയുള്ളൂ. അവർ എഴുതിയത് ലോകത്ത് സമാധാന സംസ്ഥാപനത്തിനായി തങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു എന്നാണ്; nuclear arsenal കുറയ്ക്കാൻ ശ്രമിക്കുന്നു. ഇത് ഒരു രാഷ്ട്രിയപരമായ മറുപടിയായിരുന്നു. ഇതെന്നെങ്കിലും നിറവേറ്റപ്പെടുമോ എന്ന് എനിക്കറിയില്ല. ആഗോള സമാധാനത്തിന് ഏറ്റവും വലിയ ഭീഷണി ഭീകരവാദ ഇസ്‌ലാമിസമാണെന്നും ഖലീഫ പറയുന്നു.

താങ്കളുടെ അഭിപ്രായത്തിൽ ഇത്രയധികം മുസ്‌ലിം യുവാക്കൾ യൂറോപ്പിൽ നിന്ന് isis ൽ ചേരാൻ എന്തുകൊണ്ടാണ് പോകുന്നത്?

ഖലീഫ: വളരെയധികം കാരണങ്ങളുണ്ട്. 2008–ൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായതിന്നുശേഷം യുവാക്കളിൽ തൊഴിലില്ലായ്മ രൂക്ഷമായി. യൂറോപ്പിൽ മാത്രം മില്യൺകണക്കിന് തൊഴിൽ നഷ്ടപ്പെട്ടു. ഇതു കാരണത്താൽ നൈരാശ്യം ഉടലെടുക്കുന്നു. isis ആറായിരമോ പതിനായിരമോ ഡോളറുകൾ മാസംതോറും വാഗ്ദാനം കൊടുത്തിട്ടാണ് ആളെ ചേർക്കുന്നത്. ഇത്ര ഭാരിച്ച തുക കേവലം 100 ഡോളർ മാസന്തോറും ലഭിക്കുന്ന വ്യക്തിയ്ക്കാണ് വാഗ്ദാനം ചെയ്യപ്പെടുന്നത്. കൂടാതെ മറ്റു പല കാര്യങ്ങളും അവരെ കൂടുതൽ ആകർഷിക്കുന്നു; രക്തസാക്ഷിയായാൽ സ്വർഗത്തിൽ പോകാം എന്നിങ്ങനെയുള്ള കാര്യങ്ങൾ. എന്നാലിത് ഇസ്‌ലാമിക അധ്യാപനമല്ല. ഈ നേതാക്കൾ ജനങ്ങളെ തീവ്രവാദികളാക്കുകയാണ്. അവരുടെ സ്വയംകൃത അധ്യാപനങ്ങളുടെ പിന്നാലെ നടത്തിക്കുകയാണ്. വിശുദ്ധ ഖുർആനിനെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടാണ് ഇവർ ഇപ്രകാരം ചെയ്യുന്നത്.

ഖലീഫയുടെ അഭിപ്രായത്തിൽ തീവ്രവാദത്തെ പോലെയുള്ള മുഖ്യപ്രശ്നങ്ങൾക്കും സ്ത്രീകൾക്ക് കൈകൊടുക്കാമോ എന്നതുപോലുള്ള symbolic വിഷയങ്ങൾക്കുമിടയിൽ വ്യത്യാസം അനിവാര്യമാണ്. ഞങ്ങൾ അദ്ദേഹത്തോടു ഗ്രീൻ പാർട്ടിയിലെ രാഷ്ട്രീയക്കാരൻ ഒരു വനിത പത്രപ്രവർത്തകയ്ക്ക് കൈകൊടുക്കാൻ വിസമ്മതിച്ചു എന്ന കാര്യം ഖലീഫയുടെ മുമ്പിൽ സൂചിപ്പിച്ചപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: ഇതൊരു നിസ്സാര കാര്യമാണ്. വിഷയത്തെ പർവ്വതീകരിച്ചു കാണിക്കുകയാണ്. ഒരു പുരുഷൻ സ്ത്രീയ്ക്ക് കൈകൊടുക്കാതിരുന്നാൽ അതെങ്ങനെ രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സമാകും എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇത് ഒരു വ്യക്തിപരമായ കാര്യമാണ്. രാഷ്ട്രീയക്കാരും ഭരണനേതാക്കളും ഇതിലെന്തിനാണ് കൈകടത്തുന്നത്. ആയിരക്കണക്കിന് പേർ വിശപ്പിനാൽ മരിക്കുന്നു. ഇവിടെ സ്വീഡനിലും ചില ആളുകൾ സാമ്പത്തികമായി വളരെ മോശമായ അവസ്ഥയിലാണ്. അത്തരം വ്യക്തികളുടെ സാമ്പത്തിക സാഹചര്യങ്ങൾ നന്നാക്കിക്കൊണ്ട് അവർക്ക് അവസരങ്ങളും ജോലിയും നൽകുന്നതിന്നുള്ള ശ്രമങ്ങൾ എന്തുകൊണ്ട് നടത്തുന്നില്ല.

അങ്ങ് ഏതെങ്കിലും സ്ത്രീയ്ക്ക് കൈകൊടുക്കാൻ തയ്യാറാണോ?

ഖലീഫ: ഞാൻ അങ്ങനെ ചെയ്യില്ല. കാരണം ഞാനൊരു മത നേതാവാണ്. എനിക്ക് എന്റെ മതപരമായ അധ്യാപനങ്ങളും പ്രോട്ടോക്കോളും അനുസരിച്ചു നടക്കൽ അനിവാര്യമാണ്. ലോകത്ത് വളരെയധികം മതങ്ങളിൽ കൈകൊടുക്കാതെയുണ്ട്. അവരിൽ സലാം പറയുന്നതിന് അവരവരുടേതായ രീതികളുണ്ട്. ഞാൻ നിയമം പാലിക്കുന്നുവെങ്കിൽ, എനിക്ക് എന്റെ നാട്ടിനോട് സ്നേഹമുണ്ടെങ്കിൽ, നാട്ടിന്റെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി പൂർണ്ണ ശ്രമം നടത്തുന്ന വ്യക്തിയാണെങ്കിൽ പിന്നെ ഞാൻ സമൂഹത്തിൽ ചേർന്നു പ്രവർത്തിക്കാത്ത വ്യക്തിയാണെന്ന ആരോപണം എന്റെ മേൽ ഉന്നയിക്കപ്പെടുക സാധ്യമല്ല. കൈകൊടുത്തതുകൊണ്ടോ മദ്യപിച്ചതുകൊണ്ടോ ഒന്നും സ്വന്തം രാജ്യത്തിനോട് കൂറുള്ളവനാകുകയില്ല.

റാഡിക്കൽ ഇസ്‌ലാമിസത്തെ കുറിച്ചുള്ള ചോദ്യങ്ങൾ താങ്കളെ മുഷിപ്പിക്കുന്നുണ്ടോ?

ഖലീഫ: റാഡിക്കൽ ഇസ്‌ലാമിസം ഒരു സുപ്രധാന പ്രശ്നമാണ്. അതിന്റെ ബന്ധം ആഗോള സമാധാനവുമായിട്ടാണ്. ഒരു സ്വീഡൻകാരൻ തീവ്രവാദ ചിന്തകൾക്ക് അനുകൂലിയായിമാറുകയാണെങ്കിൽ അത് ലോകത്തുള്ള എല്ലാ രാഷ്ട്രത്തിനും അപകടമാണ്. ഒരു സ്വീഡൻകാരനും Brussels പട്ടണത്തിൽ അറസ്റ്റിലായിട്ടില്ലേ? അവിടെ കുഴപ്പങ്ങൾ സൃഷ്ടിക്കാൻ പോയതല്ലേ? മാൽമോ പട്ടണത്തിൽ ഒരാൾ തീവ്രവാദിയാകുകയാണെങ്കിൽ മാൽമോയെ മാത്രമല്ല അപകടത്തിലാക്കുന്നത്, ലോകത്തുള്ള എല്ലാ രാഷ്ട്രങ്ങളേയുമാണ് അപകടത്തിലാക്കുന്നത്. അതൊരു വലിയ പ്രശ്നമാണ്. ഇതിന് സ്ത്രീകൾക്ക് കൈകൊടുക്കുന്നതുമായി ഒരു ബന്ധവുമില്ല. ഖലീഫ തന്നെയും വേർതിരിവിന്റേയും അതിക്രമത്തിന്റേയും മുന്നിലാണുള്ളത്. സ്വന്തം രാജ്യമായ പാക്കിസ്താനിലുള്ള ഒരു നിയമം അനുസരിച്ച് ജമാഅത്തി

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25–7–2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

ലെ വ്യക്തികൾക്ക് മുസ്‌ലിം എന്ന് സ്വയം പറയാൻ അനുവാദമില്ല. ഇതേ കാരണത്താൽ ഇതരമുസ്‌ലിം സംഘടനകളും അഹ്മദിയ്യാ ജമാഅത്തിന്റെമേൽമതപരിത്യാഗത്തിന്റെആരോപണംഉന്നയിക്കുന്നു. മസീഹ് ലോകത്ത് വന്നിരിക്കുന്നു എന്നതാണ് ഇതിന്റെ കാരണമായി ജമാഅത്ത് പറയുന്നത്. അദ്ദേഹത്തിന്റെ പേര് മിർസാ ഗുലാം അഹ്മദ് എന്നാണ്. 1889-ൽ അദ്ദേഹം താൻ ദൈവനിയോഗിതനാണെന്നും ദൈവദൂതനാണെന്നുമുള്ള വാദം പുറപ്പെടുവിച്ചു. ഞങ്ങൾക്കും ഇതര മുസ്‌ലിമീംകൾക്കും ഇടയിലുള്ള അഭിപ്രായവ്യത്യാസത്തിന് സുപ്രധാന കാരണം ഇതാണെന്നാണ് മിർസാ മസ്റൂർ അഹ്മദ് പറയുന്നത്.

സ്വവർഗരതിയെ കുറിച്ച് വിശുദ്ധ ഖുർആനെക്കാൾ ബൈബിളിലാണ് കൂടുതൽ പറഞ്ഞു കാണുന്നത്. നിങ്ങൾ യഥാർഥ ക്രിസ്തുമത അനുയായിയാണെങ്കിൽ അതു നിങ്ങൾക്ക് അനിഷ്ടകരമാകേണ്ടതാണ്. ബൈബിൾ പ്രകാരം ചീത്ത പ്രവർത്തനങ്ങൾക്കുള്ള കാരണമെന്നോണം അവർക്ക് ശിക്ഷ നൽകപ്പെടും.

സ്വവർഗാനുരാഗിക്ക് താങ്കളുടെ മസ്ജിദിൽ വരാൻ അനുവാദമുണ്ടോ?

ഖലീഫ പറഞ്ഞു: ഒരു വ്യക്തി സ്വവർഗാനുരാഗിയാണെങ്കിൽ അത് പരസ്യപ്പെടുത്തൽ അനിവാര്യമാണോ? ആരെങ്കിലും അങ്ങനെ ചെയ്തിട്ട് മസ്ജിദിൽ വരുന്നെങ്കിൽ നിസ്സംശയം വരട്ടെ. ഞങ്ങൾ അദ്ദേഹത്തെ തടയുകയില്ല. എന്നാൽ, സ്നേഹത്തിന്റേയും അനുകമ്പയുടേയും കാരണത്താലാണത്. എന്റെ വിശ്വാസം അനുസരിച്ച്, ക്രിസ്തുമതത്തിന്റെ യഥാർഥ അധ്യാപനമനുസരിച്ച് അത്തരം വ്യക്തി ദൈവത്തിന്റെ കരങ്ങളാൽ നശിക്കുകയും ശിക്ഷ ഏറ്റു വാങ്ങുന്ന ആളായിത്തീരുകയും ചെയ്യും. ഞാൻ പറയുന്നത് അയാളെ സ്വയം മാറ്റത്തിന് വിധേയമാക്കാൻ ശ്രമിക്കണമെന്നാണ്. ധാരാളം മനശ്ശാസ്ത്ര വിദഗ്ദരും(Psychiatrists) ഡോക്ടർമാരും പറയുന്നത് ഇതൊരു മനോരോഗമാണെന്നാണ്. ഇതിന് ചികിൽസ സാധ്യമാണ്. സ്വവർഗ്ഗരതിയിൽനിന്ന് സുഖം പ്രാപിച്ച പല മുസ്‌ലിം വ്യക്തികളെ കണ്ടിട്ടുണ്ടെന്ന് ഖലീഫ പറഞ്ഞു. അവർ ശേഷം വിവാഹം കഴിച്ച് വൈവാഹിക ജീവിതത്തിൽ തൃപ്തരാണ്.

ഖുർആനനുസരിച്ച് പ്രവർത്തിക്കൽ നിങ്ങൾക്കനിവാര്യമാണ്. എന്നാൽ, ദീനിന്റെ പരിഷ്കരണവും തിരുത്തലും നിങ്ങൾക്ക് അനിവാര്യമല്ലേ?

ഖലീഫ: എന്റെ അഭിപ്രായത്തിൽ മതത്തിന്റെ ഉദ്ദേശ്യംതന്നെ അതിന്റെ അധ്യാപനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്; ജനങ്ങളുടെ ആചാരങ്ങൾക്കും വിചാരങ്ങൾക്കും പിന്നാലെ പോകലല്ല. എല്ലാ നബിമാരുടേയും വെളിപ്പെടൽ ആത്മീയ അധോഗതിയുടെ കാലത്തായിരുന്നു. അതേ കാര്യമാണ് ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ ചായ്‌വുകൾ ഭൗതിക കാര്യങ്ങളിലേക്ക് കൂടിക്കൊണ്ടിരിക്കുന്നു. ആത്മീയതയും മതവും അന്ധകാരത്തിലേക്ക് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. എന്റെ മനസ്സിൽ അനുകമ്പയുണ്ട്. ഞാൻ ആരേയും ആക്ഷേപിക്കുന്നില്ല. ഞാനിഷ്ടപ്പെടുന്നത് പ്രവർത്തനത്തെയാണ്. വ്യക്തിയെയല്ല. അവരിൽ മാറ്റം ഉണ്ടാകാനും പശ്ചാത്താപം ഉണ്ടാകാനും വേണ്ടി ഞാൻ പ്രാർഥിക്കുന്നു.ഇത് എന്റെ മതമാണ്.

റേഡിയോ ചാനൽ P4 Malmohus മെയ്-13-ലെ പ്രക്ഷേപണത്തിൽ പറഞ്ഞു: (ഈ റേഡിയോ ചാനൽ മാൽമോയിലും അതിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിലുമാണ് പ്രക്ഷേപണം ചെയ്യപ്പെടുന്നത്. ഓൺ ലൈനിലും വാർത്തയോടൊപ്പം ആർട്ടിക്കിൾ പ്രസിദ്ധീകരിച്ചു വരുന്നു. ഹുദൂറിന്റെ സന്ദർശനത്തെ കുറിച്ചും മസ്ജിദിന്റെ ഉദ്ഘാടനത്തെ കുറിച്ചും വാർത്തകൾ വന്നു. അത് ചുവടെ ചേർക്കുന്നു)

*നമ്മുടെ സന്ദേശം*

*എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്*

ഇന്ന് അഹ്മദിയ്യാ ജമാഅത്ത് സ്വീഡനിൽ അതിന്റെ രണ്ടാമത്തെ മസ്ജിദായ 'മാൽമോ മസ്ജിദ് മഹ്മൂദി'ന്റെ ഉദ്ഘാടനം കർമം നിർവഹിച്ചു. അഹ്മദിയ്യാ ജമാഅത്ത് സ്വീഡനിൽ ചെറിയ ഒരു വിഭാഗമാണ്. ആയിരത്തോളം പേർ മാത്രമേയുള്ളൂ. ലോകത്ത് ന്യൂനപക്ഷമാണ്. മോക്ഷപ്രാപ്തരായ വിഭാഗത്തിന്റെ സ്ഥാപകർ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരാണെന്നാണ് അവരുടെ അഭിപ്രായം. ഇത് കാരണത്താൽ അവർക്ക് ശക്തമായ എതിർപ്പ് നേരിടേണ്ടിവരുന്നു. മിമ്പറിൽ ഖലീഫ മസ്റൂർ നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹം ജുമുആ നമസ്കരിപ്പിച്ചു. ഈ ഉദ്ഘാടനം ടി.വി മുഖേന ലോകത്തിന്റെ അധിക ഭാഗത്തും സംപ്രേഷണം ചെയ്യപ്പെട്ടു. ഓൺ ലൈൻ പത്രമായ മാൽമോ 24 അതിന്റെ 2016 മെയ്14 ലെ പ്രസിദ്ധീകരണത്തിൽ പറഞ്ഞു:

***പ്രിയങ്കരനായ ഖലീഫ മാൽമോയിൽ അടുത്തുതന്നെ ആഗോള യുദ്ധം നേരിടേണ്ടിവരും.***

16 വർഷത്തെ കാത്തിരിപ്പിനു ശേഷം ഇന്നലെ Elisedalൽ സ്ഥിതി ചെയ്യുന്ന മസ്ജിദിന്റെ ഉദ്ഘാടനം നടന്നു. റേഡിയോ മാൽമോ 24 ഈ അവസരത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള തലവനുമായി അഭിമുഖം നടത്തി. പുതിയ മഹ്മൂദ് മസ്ജിദിൽ ഞങ്ങളെ സ്വീകരിച്ചത് ഭാരിച്ച സുരക്ഷാനടപടിയോടെയാണ്. ഞങ്ങൾ വെള്ളിയാഴ്ച ഉച്ചയ്ക്കാണ് ഇവിടെ എത്തിയത്. എല്ലാ സ്ഥലത്തും പ്രത്യേക വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് ചെവിയിൽ ഹെഡ്ഫോണുകൾവെച്ച ആളുകളെയാണ് കണ്ടത്. ഞങ്ങൾ വന്ന വിവരം അറിയച്ചപ്പോൾ ഒന്നോ രണ്ടോ കാളുകൾക്കുശേഷം ഞങ്ങൾക്ക് അകത്തേക്ക് പോകാൻ അനുമതി ലഭിച്ചു. ആദ്യത്തെ ചരിത്രപ്രധാനമായ ജുമുആ അപ്പോൾ അവസാനിച്ചിരുന്നു. ഉടനെ അഹ്മദിയ്യാ ജമാഅത്തിന്റെ പരമോന്നത നേതാവ് എത്തുന്ന മുറിയിലേക്ക് ഞങ്ങൾ ആനയിക്കപ്പെട്ടു. ഖലീഫയുടെ ജനനം പാക്കിസ്താനിലാണ്. എന്നാൽ, വർഷങ്ങളായി ലണ്ടനിലാണ് അദ്ദേഹം താമസിച്ചു വരുന്നത്. ഉദ്ഘാടനത്തിനു കുറച്ചു ദിവസങ്ങൾക്ക് മുമ്പേയാണ് മാൽമോയിൽ എത്തിയത്. ഈ പട്ടണത്തിലെ കാഴ്ചകൾ അദ്ദേഹത്തിന് ഇഷ്ടമായി. മിർസാ മസ്റൂർ അഹ്മദ് പറഞ്ഞു: 'ഇതൊരു സുന്ദരമായ പ്രദേശമാണ്. പുറത്തിറങ്ങി ജമാഅത്തിലെ വ്യക്തികളെ കാണുന്നത് എനിക്ക് വളരെ നല്ലതായി തോന്നുന്നു. പുറത്തുനിന്ന് ഇത്രയാളുകൾ ഇവിടെ വരുമെന്ന് എനിക്ക് പ്രതീക്ഷ ഇല്ലായിരുന്നു. ആളുകളുടെ എണ്ണം കൂടുതലായിരുന്നു എന്നതിൽ സംശമില്ല. അകത്തെ ഹാൾ നിറഞ്ഞിരുന്നു. വടക്കേ യൂറോപ്പിൽ നിന്നുള്ള എല്ലാവരും വന്നിരുന്നു. മസ്ജിദിന്റെ പാർക്കിംഗ് ഏരിയയിലെ താൽക്കാലിക നമസ്കാര സ്ഥലത്തേക്ക് കുറച്ചു പേരെ കൊണ്ടു പോകേണ്ടി വന്നു. സ്വീഡനിൽ അഹ്മദിയ്യാ ജമാഅത്തിൽ ആയിരം പേരാണുള്ളത്. രാജ്യത്ത് ജമാഅത്തിന് 2 മസ്ജിദാണുള്ളത്. (അതിൽ ആദ്യത്തെ മസ്ജിദ് 1975-ലാണ് നിർമ്മിക്കപ്പെട്ടത്; ഇത് ഗോഥൻ ബർഗിലാണ്)

മിർസാ മസ്റൂർ അഹ്മദ് പറഞ്ഞു: നമ്മുടെ വിശ്വാസം അനുസരിച്ച് മനുഷ്യന്റെ പ്രാഥമികമായ നിർബന്ധ കടമയാണ് തന്റെ സ്രഷ്ടാവിനെ ആരാധിക്കുക എന്നത്. അതിനുവേണ്ടി ഒരു സ്ഥലം ഉണ്ടാകേണ്ടത് അനിവാര്യമാണ്. പ്രാദേശിക ജമാഅത്തിന്റെ ത്യാഗങ്ങളുടെ ഫലമായിട്ടാണ് മസ്ജിദിന്റെ നിർമാണം സാധ്യമായത്. ഇതുപോലൊരു മസ്ജിദിന്റെ നിർമാണം ലോലിയോയിലും ഉണ്ടാകും. 2003-ൽ ഖിലാഫത്ത് പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം മിർസാ മസ്റൂർ അഹ്മദ് ആഗോളാടിസ്ഥാനത്തിൽ സന്ദർശനം നടത്തി വരുന്നു. വലിയ വലിയ ലോകനേതാക്കളുമായി അഭിമുഖം നടത്തി വരുന്നു. അദ്ദേഹം 10 മില്യണിലധികമാളുകളുടെ നേതാവാണ്. യൂറോപ്യൻ പാർലമെണ്ടിലും ബ്രിട്ടീഷ് പാർലമെണ്ടിലും അദ്ദേഹം പ്രഭാഷണം നടത്തിയിട്ടുണ്ട്. മാൽമോയ്ക്ക് ശേഷം സ്റ്റോക്ക്ഹോമിലും സന്ദർശനമുണ്ട്. അവിടെ ചില പ്രത്യേക പാർലമെണ്ട് അംഗങ്ങളുമായി കൂടിക്കാഴ്ചയുമുണ്ട്. ഖലീഫ എന്ന നിലയിൽ അദ്ദേഹം തീവ്രവാദത്തെ അപലപിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ലോക സമാധാനത്തിന് അത് വർധിച്ചുകൊണ്ടിരിക്കുന്ന അപകടകാരിയാണ്.

ഖലീഫ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതാണ്. വർത്തമാന കാലത്തിലെ ആഗോള സാഹചര്യങ്ങൾ മുമ്പിൽ വെച്ചുകൊണ്ടാണ് ഞാൻ ഈ പ്രശ്നത്തിന് വലിയ പ്രാധാന്യം നൽകിയത്. ലോകനേതാക്കൾ ഈ സാഹചര്യത്തെ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാതിരുന്നാൽ സമീപകാലത്തുതന്നെ ഒരു ലോക മഹായുദ്ധം അഭിമുഖീകരിക്കേണ്ടി വരും. എത്രയധികം യൂറോപ്യർ തീവ്രചിന്തക്ക് സുരക്ഷയൊരുക്കിക്കൊണ്ട് isis-ലേക്കും ഇതര തീവ്രവാദ സംഘടനകളിലേക്കും പോകുന്നുവെന്ന് നോക്കേണ്ടി വരും. 2008-ലെ സാമ്പത്തിക പ്രതിസന്ധിക്കു ശേഷം ലക്ഷക്കണക്കിന് ജനങ്ങളുടെ തൊഴിൽ നഷ്ടപ്പെട്ടു. അവർക്ക് യുക്തമായ ജോലി നൽകപ്പെട്ടിരുന്നുവെങ്കിൽ എന്റെ അഭിപ്രായത്തിൽ വലിയൊരളവോളം റാഡിക്കൽ ചിന്തകൾക്ക് സുരക്ഷയൊരുക്കുന്ന വ്യക്തികളെ കുറച്ചു കൊണ്ടു വരാൻ സാധിക്കുമായിരുന്നു. എന്റെ അഭിപ്രായത്തിൽ സ്വീഡനും ഒരു പരിധിവരെ അഭയാർഥികളുമായി ബന്ധപ്പെട്ട നയങ്ങളിൽ പരിചയക്കുറവുണ്ട്. ലോകത്തെ ഒരു രാഷ്ട്രത്തിനും എല്ലാ അഭയാർഥികളേയും സ്വീകരിക്കുക സാധ്യമല്ല. എന്റെ അഭിപ്രായത്തിൽ യുദ്ധം നടന്ന രാജ്യങ്ങളിലെ സമീപ പ്രദേശങ്ങളിൽതന്നെ ക്യാമ്പുകൾ ഉണ്ടാക്കുന്നതാണ് നല്ലത്. സ്വീഡിഷ് സമൂഹത്തിന് പ്രയോജനമെത്തിക്കാൻ സാധിക്കുന്നവരാണെങ്കിൽ നിസ്സംശയം അവരെ സ്വീകരിക്കാം. എന്നാൽ, ജാഗ്രത പാലിക്കേണ്ടതും അനിവാര്യമാണ്. അഭയാർഥികൾ തന്നെയാണ് എത്തുന്നതെന്ന കാര്യം കൃത്യമാക്കപ്പെടേണ്ടതുമാണ്. തീവ്രവാദത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നത് കാരണത്താൽ ലോകത്ത് മിർസാ മസ്റൂർ അഹ്മദ് അറിയപ്പെടുന്ന വ്യക്തിയാണ്.

(തുടരും)

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.'***

***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## അല്ലഹുവിന്റെ കലാം:

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

# മതത്തിന്റെ ആവശ്യകത

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)**
**(മഹ്ദീ മസീഹിന്റെ രണ്ടാം ഖലീഫ)**
**(ഇംഗ്ലീഷ് വിവർത്തനം: സഹീർ മഹ്മൂദ് മാലിക്. മലയാളത്തിൽ മൊഴിമാറ്റിയത് കെ.വി. ഹസ്സൻകോയ, കോഴിക്കോട്)**

1921 മാർച്ച് 5ന് ലാഹോറിലുള്ള ചില കോളേജ് വിദ്യാർഥികൾ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദു(റ) - അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫയുമായി ഒരു കൂടിക്കാഴ്ച നടത്തിയിരുന്നു. അതിൽ അവർ താഴെപറയുന്ന പ്രസ്താവന നടത്തി.

മതത്തിന്റെ ആവശ്യമില്ല. അതുകൊണ്ടൊരു ഉദ്ദേശ്യവുമില്ല. മതത്തിൽ വിശ്വസിച്ചതുകൊണ്ട് ഉപരിപ്ലവമായ എന്തെങ്കിലും പ്രയോജനം ജനങ്ങൾക്കുണ്ടാകുകയാണെങ്കിൽ ഒരു ദോഷവുമില്ല.

ഇതിന് പ്രതികരണമായി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഇപ്രകാരം പറഞ്ഞു: ആവശ്യകതകൾ രണ്ടുവിധമുണ്ട്. ഒന്നാമതായി, ചില കാര്യങ്ങളിൽ മനുഷ്യന് വ്യക്തിപരമായ ചില നേട്ടങ്ങളുണ്ട്. അത് സ്വീകരിക്കുന്നതുവഴി ചിലത് നേടാമെന്ന് ഒരാൾ കരുതുന്നു. രണ്ടാമത്തെ വിധത്തിലുള്ള ആവശ്യകതയിൽ മനുഷ്യന് വ്യക്തിപരമായി ഒരു നേട്ടവുമില്ലെന്നു കരുതുന്നു. അത് അവലംബിക്കുന്നത് മനുഷ്യനിൽ ജന്മസിദ്ധമായ ഗുണങ്ങൾ അതിനെ ആകർഷിക്കുന്നതുകൊണ്ടാണ്. ഇതിന്റെ ഒരു ഉദാഹരണമാണ് ഒരാൾക്ക് തന്റെ മാതാപിതാക്കളുമായുള്ള ബന്ധം. ഒരാൾ പ്രായപൂർത്തിയാവുമ്പോൾ അയാൾ തന്റെ മാതാപിതാക്കൾക്ക് പ്രതിഫലേച്ഛയൊന്നും കൂടാതെ സേവനം ചെയ്യുന്നു. അതിന് മുമ്പേ മക്കൾ മാതാപിതാക്കളിൽനിന്ന് എന്തെങ്കിലും പ്രയോജനം നേടിയിട്ടുണ്ടാകാം. പക്ഷേ, ഈ നേരത്ത് ജീവിതത്തിൽ അവർക്ക് സേവനം ചെയ്യുന്നത് അവരിൽനിന്ന് എന്തെങ്കിലും പ്രയോജനം നേടാനല്ല. നേരെമറിച്ച് മക്കൾ അവർക്ക് സേവനം ചെയ്യുന്നത് തങ്ങളുടെ മാതാപിതാക്കളാണെന്ന ഒറ്റക്കാരണത്താലാണ്. ചില സാഹചര്യങ്ങളിൽ ധാർമികമായ വളർച്ചക്ക് ശിശുവിന് ഇതാവശ്യമാണ്.

ഇനി നമുക്ക് മതത്തിലേക്ക് തിരിയാം. എന്തു നേട്ടമാണ് മതത്തിൽനിന്ന് നമുക്ക് ലിക്കുന്നതെന്നു നോക്കാം. രണ്ടാമതായി വ്യക്തിപരമായ നിലയിൽ ഒരാളെ അവരിലേക്ക് ആകർഷിക്കുന്ന എന്തെങ്കിലും വശ്യകത അവരിലുണ്ടോ? ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈരണ്ട് വശവും മതത്തിൽ കണ്ടെത്താൻ കഴിയും. അതായത് നമുക്കിപ്പോൾ ആവശ്യമുള്ള എല്ലാ പ്രയോജനങ്ങളുമുണ്ട്. ഭാവിയിലേക്കാവശ്യമുള്ളതുമുണ്ട്. രണ്ടാമതായി വ്യക്തിപരമായ നിലയിൽ ഒരാളെ മതത്തിലേക്ക് ആകർഷിക്കുന്ന പ്രയോജനങ്ങളും പ്രലോഭനവും അതുൾക്കൊള്ളുന്നു.

**മതത്തോടുള്ള അവഗണനയ്ക്ക് കാരണം**

എന്റെ അഭിപ്രായത്തിൽ ജനങ്ങൾ മതത്തിൽനിന്ന് വിട്ടുനില്ക്കുന്നതെന്തെന്നാൽ അവർ മതത്തെക്കുറിച്ച് ചിന്തിക്കുന്നത് പരിമിതമായ ഗ്രാഹ്യബോധം മുഖേനയാണ്. ജനങ്ങൾ ആ വശങ്ങളിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്നത്, ആ രംഗത്ത് ധനമാർഗത്തിനുള്ള ശക്തിയുണ്ടെന്നതുകൊണ്ടാണ്. എന്നിരിക്കിലും മതം മുഖേന ആർജിച്ച ഈ നേട്ടം അവർ കാണുന്നില്ല. അതുകൊണ്ട് അവർ മതം സ്വീകരിച്ചാലും അത് മാതാപിതാക്കളുടെ വിശ്വാസത്തിന്റെ ആജ്ഞ കൊണ്ടാണ്. അതിലുപരി, പലപ്രാവശ്യവും മതത്തിനുവേണ്ടി സാമ്പത്തികത്യാഗങ്ങൾ ചെയ്യേണ്ടിവരുന്നു. ലോകത്തുള്ള ജനങ്ങളുടെ മനോഭാവം ഭൗതികതയിലേക്ക് ചായുന്നതിനാൽ അവർ മതത്തോടു വിരക്തി കാണിക്കുന്നു. എന്നാലും മതംകൊണ്ട് പ്രയോജനമില്ലെന്ന് ഇത് തെളിയിക്കുന്നില്ല. കാര്യത്തിന്റെ സത്യമെന്തെന്നാൽ ജനങ്ങൾ യഥാർഥത്തിൽ മതമനുഷ്ഠിക്കുന്നില്ലെന്നതാണ്. അല്ലെങ്കിൽ, അവർ മതത്തെ പിന്തുടരുന്നെങ്കിൽ അവരുടെ അനുഷ്ഠാനം തെറ്റാണ്. അപ്രകാരം ഒരാൾ മതതത്ത്വത്തെ പിന്തുടരാതിരിക്കുകയും അവരുടെ സ്വന്തം അശ്രദ്ധകൊണ്ടും അജ്ഞതകൊണ്ടും മതത്തെ ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ മതത്തിൽനിന്ന് പ്രയോജനം നേടാമെന്ന് എങ്ങനെ പ്രതീക്ഷിക്കാൻ സാധിക്കും? ഏതെങ്കിലും വഴി അവലംബിക്കുന്നതിലൂടെ ഒരാൾ തനിക്ക് പ്രയോജനമുണ്ടെന്നറിഞ്ഞാൽ ബുദ്ധി നമ്മോട് പറയുന്നത് തീർച്ചയായും ആ മാർഗം പിന്തുടരണമെന്നാണ്. ജനങ്ങൾ ചില പ്രയോജനങ്ങളും അഥവാ പരിഹാരങ്ങളും ഉപേക്ഷിക്കുന്നതായാണ് ലോകത്ത് നാം കാണുന്നത്. എന്നാലും ശാസ്ത്രം അത്തരം പ്രയോഗങ്ങളുടെ പ്രയോജനം തെളിയിച്ചാൽ ജനങ്ങൾ അത് വീണ്ടും കൈക്കൊള്ളുന്നു. ഉദാഹരണമായി വൈദ്യശാസ്ത്രരംഗത്ത് സില്ലിയം എന്ന മരുന്ന് ഗ്രീക്ക് ഭിഷഗ്വരന്മാർ നൂറ്റാണ്ടുകളായി നിർദേശിച്ചിരുന്നതാണ്. വയറുകടി ഭേദപ്പെടാൻ അത് പ്രയോജനം ചെയ്തിരുന്നു. പക്ഷേ, മറ്റു ഡോക്ടർമാർ ഈ പ്രയോജനം നിരാകരിച്ചു. പിന്നീട് സില്ലിയത്തിന്റെ പ്രയോജനങ്ങൾ പഠിച്ചപ്പോൾ വീണ്ടും അത് അവർ നിർദേശിക്കാൻ തുടങ്ങി. ജനങ്ങൾ ഒരു മതം അനുഷ്ഠിക്കുകയും തങ്ങളുടെ പ്രവൃത്തികൾക്ക് ഫലമില്ലെന്ന് കാണുകയും ചെയ്താൽ അതിന്റെ അർഥം, രണ്ടുമതം അനുഷ്ഠിക്കുന്നത് ദോഷകരമാണെന്നാണ്. അവർ തങ്ങളുടെ മതം ഉപേക്ഷിക്കുകയാണെങ്കിൽ അതേക്കുറിച്ചു പറയാവുന്നത് ഏറ്റവും ചുരുങ്ങിയനിലയിൽ അവരതുപേക്ഷിച്ചത് പരിശ്രമത്തിനുശേഷമാണെന്നാണ്. അങ്ങനെയുള്ള ആളുകൾ ബഹുമാനമർഹിക്കുന്നില്ല. അവർ തങ്ങളുടെ മതം തെറ്റാണെന്ന് മനസ്സിലാക്കിയിട്ടും അതവർ പാടേ ഉപേക്ഷിക്കുന്നില്ല. ഇതിനെ സംബന്ധിച്ചു ചിന്തിച്ചാൽ മതാനുയായികളിൽ മിക്കവാറും ഈ വിഭാഗത്തിൽപ്പെട്ടവരാണെന്നു കണ്ടെത്താൻ സാധിക്കും.

**ശാസ്ത്രമനുസരിച്ച് ഗുണദോഷങ്ങളെക്കുറിച്ച് ചിന്തിക്കലാണ് ശരിയായ രീതി**

ചില വസ്തുക്കൾ ഉപയോഗിക്കുന്നരീതി ശരിയോ തെറ്റോ എന്ന് നാം അപഗ്രഥിക്കണം. ഒരു കാര്യം നേടാൻ ഒരാൾ ശരിയായരീതി ഉപയോഗിക്കുകയും അതിന്റെ ഫലം നിഷേധാത്മകമാണെന്നു കാണുകയും ചെയ്താൽ ആ മുഴുവൻ വ്യവസ്ഥിതിയും തെറ്റാണ്. ഒരാൾ ശരിയല്ലാത്ത രീതി അവലംബിക്കുകയും അതിന്റെ ഫലം നിഷേധാത്മകവുമാണെങ്കിൽ ആ വ്യവസ്ഥിതി തെറ്റായിക്കൊള്ളണമെന്നില്ല. ഉദാഹരണമായി ക്വയ്നിൻ മലമ്പനി ചികിത്സയ്ക്ക് പ്രയോജനപ്രദമാണ്. എന്നാൽ, ഒരാൾ ടൈഫോയിഡ്പനിക്ക് ക്വയ്നിൻ കൊടുത്തിട്ട് ക്വയ്നിന്റെ പ്രയോജനം നിഷേധിക്കുകയാണെങ്കിൽ ആ വ്യക്തി ചെയ്യുന്നത് ശരിയല്ല. നമ്മുടെ രാജ്യത്ത് (ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ) പല വസ്തുക്കളും ഉപയോഗശൂന്യമെന്നു പറഞ്ഞു നാം ഉപേക്ഷിക്കുന്നു. യൂറോപ്യന്മാർ ഈ വസ്തുക്കളിൽനിന്ന് പ്രയോജനം തേടുന്നു. ഉദാഹരണമായി ഇന്ത്യയിൽ നിരവധി മുളങ്കാടുകൾ ഉണ്ട്. പലതും ഉപയോഗശൂന്യമായി കിടക്കുന്നു. എന്നാൽ, യൂറോപ്യന്മാർ അതിനെ ഏറ്റവും നല്ല രീതിയിൽ ഉപയോഗിക്കുകയും അവയിൽനിന്ന് കടലാസ് ഉല്പാദിപ്പിക്കുകയും ചെയ്യുന്നു.

**പ്രപഞ്ചക്രമം ഒരു സ്രഷ്ടാവിനെ ആവശ്യപ്പെടുന്നു**

മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുകയാണെങ്കിൽ കടലിലെ വ്യത്യസ്ത നിറങ്ങളിലുള്ള കുമിളകൾപോലെയാകുന്നു. നിമിഷനേരം കൊണ്ട് അവ അപ്രത്യക്ഷമാകുന്നു. ഇതുകൂടാതെ മറ്റനവധി ലോകങ്ങളുണ്ട്. മറ്റു ഗ്രഹങ്ങൾക്ക് നിർണ്ണായകമല്ലാത്ത തെളിവുകളുണ്ടെങ്കിലും ചൊവ്വയിൽ ജീവന് സാധ്യതയുണ്ട്. മനുഷ്യകുലത്തിലേക്ക് നാം തിരിയുമ്പോൾ മനുഷ്യൻ ഉദ്ദേശ്യരഹിതമായി സൃഷ്ടിക്കപ്പെട്ടതല്ലെന്നു നമുക്ക് മനസ്സിലാകുന്നു. അതിലുപരി മനുഷ്യന് ലഭ്യമായ വിഭവങ്ങൾ ഏറ്റവും അനുയോജ്യവും സമഗ്രവുമാണ്. ഈയിടെ ഒരു അമേരിക്കൻ ബഹിരാകാശ സഞ്ചാരി ഒരു ഉൽക്ക ഭൂമിയുമായി ഇടിച്ച് അതിനെ തുണ്ടം തുണ്ടമാക്കുമെന്ന് പ്രവചിച്ചു. ഈ പ്രവചനം കേട്ട യൂറോപ്പിലുള്ള നിരവധി ആളുകൾ ആത്മഹത്യ ചെയ്തു. മറ്റു ചിലർ പ്രവചിച്ചത് ഭൂമിയുമായി ഇടിക്കുകയില്ലെങ്കിലും ചില വാതകങ്ങൾ ഉല്പാദിപ്പിക്കപ്പെടുകയും അതിന്റെ ഫലമായി ജനങ്ങൾ ശ്വാസം മുട്ടി മരിക്കുകയും ചെയ്യുമെന്നാണ്. എങ്കിലും പ്രതീക്ഷാനിർഭരമായ ആ ദിവസം വന്നെത്തുകയും കടന്നുപോകുകയും ചെയ്തു. അവ ചെറിയ തുണ്ടങ്ങളായിരുന്നുവെന്നും അത് ഭൂമിയെ ബാധിച്ചിട്ടില്ലെന്നും പറയപ്പെട്ടു. മറ്റു ചില ആകാശീയവസ്തുക്കൾ ഭൂമിയുമായി വളരെ അടുത്ത ഭ്രമണപഥത്തിൽ വന്നുവെന്നും എന്നാൽ, പെട്ടെന്നുതന്നെ അതിന്റെ സഞ്ചാരപഥം മാറ്റിയെന്നും സാക്ഷ്യപ്പെടുത്തപ്പെട്ടു. ഈ മാറ്റങ്ങൾ കാണിക്കുന്നത് ഇവയൊന്നും യാദൃശ്ചികമല്ലെന്നും മറിച്ച് ഇവയെല്ലാം ഒരു ഉന്നതസത്തയുടെ ഇച്ഛയാൽ നിയന്ത്രിക്കപ്പെടുന്നുവെന്നുമാണ്. ഉദാഹരണമായി ഒരു ഇഷ്ടിക തറയിൽ കിടക്കുന്നതു കണ്ടാൽ അത് സ്വയം വീണതോ അല്ലെങ്കിൽ എവിടെനിന്നെങ്കിലും കാറ്റ് കാരണം അടർന്നുവീണതോ ആണെന്ന് നാം അനുമാനിക്കുന്നു. പക്ഷേ, ഒരു കെട്ടിടം കണ്ടാൽ അത് സ്വയം അസ്തിത്വത്തിൽ വന്നതാണെന്ന് നാം ഒരിക്കലും അനുമാനിക്കുകയില്ല. അതുപ്രകാരം മഷി ഒരു കാൻവാസിൽ വീണാൽ അത് ഒരു മനുഷ്യന്റെ രൂപമായി മാറാൻ സാധ്യതയുണ്ട്. പക്ഷേ, ചിന്തപ്പെട്ട മഷി സ്വയം ഒരു മനുഷ്യന്റെ പൂർണ്ണചിത്രമായി മാറുക അസാധ്യമാണ്. അതിൽ മനുഷ്യന്റെ കണ്ണും ചെവിയും മൂക്കും മുഖവും കൂടാതെ മനുഷ്യന്റെ നിരാശയുടെയും സന്തോഷത്തിന്റെയും വികാരങ്ങളും ആ ചിത്രം മുഖേന പ്രകടിപ്പിക്കുക അസാധ്യമാണ്. ഒരാൾ ഇതുപോലൊരു പെയിന്റിംഗ് കണ്ടാൽ അത് ഒരു പ്രഗത്ഭനായ പെയിന്ററുടെ രചനയാണെന്നു മാത്രമേ അനുമാനിക്കൂ. മനുഷ്യന് ഉപയോഗിക്കാനായി കണ്ണുകൾ നല്കപ്പെട്ടിരിക്കുന്നു എന്ന് നിരീക്ഷിക്കുക. സൂര്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ലക്ഷക്കണക്കിന് നാഴികകൾക്കപ്പുറത്താണ്. അതുപോലെ മനുഷ്യൻ ആമാശയത്തോടെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ആമാശയത്തിൽ ദഹനത്തിനുള്ള സംവിധാനങ്ങളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഈ ഏർപ്പാടുകളെല്ലാം ചൂണ്ടി

**അല്ലാഹുവിന്റെ കലാം**

*“അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.’(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ameer Ahmadiyya Jama-ath Koodali, Kerala.

**കലാമുൽ ഇമാം:-**

‘ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: ‘ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.’
(കിതാബുൽ ബരിയ്യ പേജ് 47)

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 23 May 2019 Issue-21

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)


ക്കാണിക്കുന്ന വസ്തുത ഈ പ്രപഞ്ചം നിയന്ത്രിക്കുന്ന സത്ത അവന്റെ ഇച്ഛ പ്രകാരം പ്രപഞ്ചത്തെ ഭരിക്കുന്നുവെന്നും ഈ മെക്കാനിസം വികസനം പ്രാപിച്ചത് യാദൃശ്ചികമല്ലെന്നുമാണ്. ഈ ലോകത്തിന്റെ സൃഷ്ടിപ്പ് ഒരു സ്രഷ്ടാവിനെ ആവശ്യപ്പെടുന്നു. ഒരുദ്ദേശ്യത്തോടെയാണ് ഇത് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് വളരെ വ്യക്തമാണ്. പടച്ചവൻ ഈ ലോകം സൃഷ്ടിച്ച് സ്വയം നിലനില്ക്കാൻ അതിനെ വിട്ടേച്ചുവെന്നല്ല ഇതിനർഥം. യാദൃശ്ചികത എന്നതുകൊണ്ട് അർഥമാക്കുന്നത് ഒരു സംഭവം ഉണ്ടായി അതിന് ക്രമവും വ്യവസ്ഥിതിയും ഇല്ല എന്നതല്ല. എങ്കിലും വ്യക്തമായ ക്രമവും ഏർപ്പാടുമുള്ള ഒരു വ്യവസ്ഥിതി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് സംഗതി വശാലോ പെട്ടെന്നോ ആണെന്നു പറയപ്പെടാവതല്ല.

**മതത്തിന്റെ ആവശ്യകത ഒരാൾക്കെങ്ങനെ അറിയാൻ കഴിയും?**

അതുകൊണ്ട്, മനുഷ്യൻ സാദ്ദേശ്യം സൃഷ്ടിക്കപ്പെട്ടതാണ്. മതം മനുഷ്യന് പ്രയോജനകരമാണെങ്കിലും നിരവധി കാര്യങ്ങളുണ്ട്. അവ പ്രയോജനപ്രദമാണെന്ന് മനുഷ്യന് സ്വാഭാവികമായി അറിയാൻ സാധിക്കുന്നില്ല. ഉദാഹരണമായി, തീവണ്ടി കണ്ടുപിടിക്കപ്പെടുന്നതിനു മുമ്പേ അതിന്റെ ആവശ്യകത നാം അറിഞ്ഞില്ല. ഇപ്പോൾ തീവണ്ടി കണ്ടുപിടിക്കപ്പെട്ടതിനാൽ ഏതെങ്കിലും ഗവർമ്മെന്റിന് റെയിൽവെ വ്യവസ്ഥിതിയില്ലാതിരുന്നാൽ ആ രാജ്യത്ത് മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യം ഇല്ല എന്നാണ് പറയപ്പെടുന്നത്. അതേപ്രകാരം ഇപ്പോഴുള്ള നമ്മുടെ തപാൽ സമ്പ്രദായം വരുന്നതിന് മുമ്പേ അങ്ങനെയൊരു തപാൽ സമ്പ്രദായത്തിന്റെ ആവശ്യകത നമുക്ക് അറിയാൻ കഴിയുമായിരുന്നില്ല. എങ്കിലും ഈ സമ്പ്രദായം നടപ്പിൽവന്നതിനാൽ ഈ സമ്പ്രദായം ഇല്ലാത്ത ഒരു പ്രദേശം കണ്ടാൽ നാം നെറ്റി ചുളിക്കുന്നു. അതേ തത്ത്വപ്രകാരം ദൈവത്തെ കണ്ടെത്താത്തിടത്തോളം ദൈവത്തിന്റെ ആവശ്യകത നാം മനസ്സിലാക്കുകയോ അറിയുകയോ ഇല്ല. ഒരാൾ ദൈവവുമായുള്ള ബന്ധം സ്ഥാപിച്ചുകഴിഞ്ഞാൽ ആ വ്യക്തി ഒരിക്കലും നിഷേധിക്കുകയില്ല. ഈ സത്യം കൂടാതെ അവർക്ക് ജീവിക്കാനും സാധിക്കുകയില്ല. അതിനാൽ മതത്തിന്റെ ആവശ്യകതയുടെ പ്രശ്നം ആശ്രയിച്ചിരിക്കുന്നത് ദൈവത്തിന്റെ അസ്തിത്വത്തിലാണ്. ദൈവമുണ്ടെങ്കിൽ ഒരാൾക്ക് മതത്തിന്റെ ആവശ്യകതയുമുണ്ട്.

**ദൈവാസ്തിക്യത്തിനുള്ള തെളിവ്**

അപ്പോൾ, ദൈവമുണ്ടെന്നതിനുള്ള തെളിവെന്താണെന്നുള്ള പ്രശ്നം ഉത്ഭവിക്കുന്നു. ദൈവമുണ്ടെങ്കിൽ അവന് നമ്മുടെമേൽ എന്തു സ്വാധീനമാണുള്ളത്? ഓരോ വസ്തുവും തമ്മിൽ സ്വാധീനം ചെലുത്തുന്നുവെന്നത് സ്ഥാപിതമായ യാഥാർഥ്യമാണ്. അത് ദൈവത്തിനും ബാധകമാണ്. ഒരു അമേരിക്കൻ ശാസ്ത്രജ്ഞൻ എഴുതിയിട്ടുണ്ട്, 'ദൈവമുണ്ടെങ്കിൽ ഒരു മാതാവിനേക്കാളും പിതാവിനേക്കാളും കൂടുതൽ അവൻ നമ്മോടു കരുണാർദ്രനാകണം. അവൻ തന്റെ കരുണയുടെ ബോധം നമ്മോട് പ്രകടിപ്പിക്കുകയും നമ്മോട് സംസാരിക്കുകയും വേണം.' ഈ ശാസ്ത്രജ്ഞന്റെ ആവശ്യം മനുഷ്യന്റെ സത്യമായ പ്രകൃതിയോട് പൂർണമായും യോജിക്കുന്നതാണ്. അങ്ങനെ ദൈവമുണ്ടാകുകയും നമ്മെ സൃഷ്ടിച്ചത് അവനാവുകയും ചെയ്താൽ, നാം അതിനുള്ള തെളിവ് കണ്ടെത്തണം. കാരണം ദൈവത്തിനു മനുഷ്യനുമായി ബന്ധമില്ലെങ്കിൽ അവനെ ആരാധിക്കുകയെന്നത് നിഷ്ഫലമായ ഒരു പ്രവൃത്തിയായിരിക്കും. ഇതൊരു യാഥാർഥ്യമാണ്. ഞാൻ മുമ്പേ സൂചിപ്പിച്ച പ്രകാരം ദൈവം ഉണ്ട്. അവനുള്ളതുകൊണ്ട് അവനുമായി ബന്ധം സ്ഥാപിക്കുന്ന ആളുകൾക്ക് അവൻ പ്രതിഫലം നല്കുന്നു. അവന്റെ ആജ്ഞകൾ അനുസരിക്കാത്തവരെ അവൻ ശിക്ഷിക്കുന്നു. ദൈവം മൂകനല്ല മറിച്ച് അവൻ തന്റെ ഗുണങ്ങൾ പ്രകടമാക്കുന്നു. അവന്റെ സംതൃപ്തി നേടാനുള്ള പാതയിലേക്ക് അവൻ തന്റെ ദാസരെ വഴി നടത്തുന്നു.

എല്ലാ മതങ്ങളും അവകാശപ്പെടുന്നത് ദൈവം തങ്ങളുടെ മതസ്ഥാപകന്മാരോട് സംസാരിച്ചുവെന്നാണ്. സിഖുകാർ തങ്ങളുടെ ഗുരുക്കളെ സംബന്ധിച്ച് ഇങ്ങനെ പ്രസ്താവിക്കുന്നു. മറ്റു മതങ്ങൾ തങ്ങളുടെ മതത്തിന്റെ പുണ്യവാളന്മാരെ അവതരിപ്പിക്കുന്നു. എങ്കിലും അവരെല്ലാവരും മുൻകാലങ്ങളിലെ വ്യക്തിത്വങ്ങളെയാണ് അവതരിപ്പിക്കുന്നത്. മുസ്ലിമീംകളും വിശ്വസിക്കുന്നത് സർവ്വശക്തനായ ദൈവം നബി(സ) തിരുമേനിയോടു സംസാരിച്ചുവെന്നും അല്ലാഹു തിരഞ്ഞെടുക്കുന്നവരോട് അവൻ സംസാരിക്കുമെന്നുമാണ്. എന്നാലും ഈയിടെയായി അവരും ഇക്കാര്യത്തിൽ തെറ്റിപ്പോയിരിക്കുന്നു, സർവ്വശക്തനായ ദൈവം ഇനിമേൽ സംസാരിക്കില്ലത്രെ!!

**ഇസ്ലാമിന് മറ്റു മതങ്ങളുടെമേൽ മേൽക്കോയ്മ**

തങ്ങളുടെ മതം സ്ഥാപിക്കപ്പെട്ട സമയത്ത് ദൈവം സംസാരിച്ചിരുന്നുവെന്നും പക്ഷേ, ഇനി അവൻ സംസാരിക്കുകയില്ലെന്നും അവകാശപ്പെടുന്ന മതത്തിന്റെ അനുയായികൾ അവരുടെ മതത്തിന്റെ മൂലാധ്യാപനങ്ങൾ പ്രയോഗവൽക്കരിക്കുന്നില്ല എന്നാണ് ഇത് കണിക്കുന്നത്. പക്ഷേ, ഇസ്ലാം ഇന്നത്തെ ഈ ദിവസംവരെ പ്രഖ്യാപിക്കുന്നത് മതത്തിന്റെ മികവും കഴമ്പും അതായത് ദൈവവുമായുള്ള ആശയവിനിമയം ഈ മതത്തിൽ മാത്രമാണ് കാണപ്പെടുന്നത് എന്നാണ്. അങ്ങനെ ഈ കാലഘട്ടത്തിൽ ദൈവം അവന്റെ ആശയം വാഗ്ദത്തമസീഹ്(അ) മുഖേന പ്രകടിപ്പിച്ചു. അദ്ദേഹത്തിന്റെ ചരമശേഷം ഈ ആശയവിനിമയം നിന്നുപോയിട്ടില്ല. മറിച്ച്, ദൈവാനുഗ്രഹത്താൽ ഇന്നുവരെ തുടരുന്നു.

**ദൈവിക ആശയവിനിമയത്തിന്റെ ഉദാഹരണം**

ഞാൻ വ്യക്തിപരമായ ഒരനുഭവം പറയാം. കുറച്ചുനാൾ മുമ്പേ മത്‌ലൂബ്ഖാൻ എന്നു പേരുള്ള ഒരു ഡോക്ടർ മെഡിക്കൽകോളേജിൽനിന്ന് ഇറാഖിലേക്ക് അയക്കപ്പെട്ടു. ഔദ്യോഗികമായ റിപ്പോർട്ടനുസരിച്ചും അദ്ദേഹത്തിന്റെ സഹപ്രവർത്തകരിൽനിന്നുള്ള വിവരണമനുസരിച്ചും അദ്ദേഹം ചരമമടഞ്ഞതായി പ്രഖ്യാപിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വൃദ്ധനായ പിതാവ് ഈ വാർത്ത ലഭിക്കുന്നതിന് കുറച്ചുമുമ്പേ ഖാദിയാൻ സന്ദർശിച്ചിട്ടുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെക്കുറിച്ചാലോചിച്ച് വളരെ വിഷമിച്ചു. മത്‌ലൂബ്ഖാൻ പിതാവിന്റെ ഏകമകനാണെന്ന് ഞാൻ ധരിച്ചിരുന്നു. പിന്നീട് അവർ ആകെ ഏഴു സഹോദരന്മാരുണ്ടെന്ന് അറിഞ്ഞു. അദ്ദേഹം ഏകമകനാണല്ലോ എന്നും മാതാപിതാക്കൾ പ്രായംചെന്നവരാണല്ലോ എന്നുമുള്ള ചിന്ത എന്നെ വ്യാകുലനാക്കി. ഞാൻ മെഡിക്കൽ വിദ്യാർഥികളുടെ ഭാഗത്തുനിന്നുണ്ടായ ധൈര്യക്ഷയം അറിഞ്ഞപ്പോൾ സംഭ്രമചിത്തനായി. അവർ മത്‌ലൂബ്ഖാന്റെ ചരമവാർത്തയറിഞ്ഞപ്പോൾ പട്ടാളസേവനം ചെയ്യില്ലെന്ന് പ്രതിജ്ഞ ചെയ്തിരുന്നു. ഇതെല്ലാം മനസ്സിൽവച്ചുകൊണ്ട് ഞാൻ ദുആ ചെയ്തു. ഒരു ദർശനത്തിൽ വിഷമിക്കേണ്ടതില്ലെന്നും മത്‌ലൂബ്ഖാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നുമാണ് ഞാൻ അറിയിക്കപ്പെട്ടത്. രാവിലെ ഞാൻ ഈ ദർശനത്തെക്കുറിച്ച് എന്റെ സഹോദരനോട് പറഞ്ഞു. അദ്ദേഹം ഈ വിവരം മത്‌ലൂബ്ഖാന്റെ ബന്ധുക്കളെ അറിയിച്ചു. അവസാനം ഈ വാർത്ത എല്ലാവരും അറിഞ്ഞു. അദ്ദേഹത്തെ ശത്രുക്കൾ പിടിച്ചതായിരുന്നു. അതിനാൽ അദ്ദേഹം മരിച്ചുവെന്നു തെറ്റായി മനസ്സിലാക്കിയതായിരുന്നു.

അത്തരം കണിശമായ വിവരം മനുഷ്യമസ്തിഷ്കത്തിന് ഊഹിച്ചുപറയാൻ പറ്റുമോ? ഇത് സംഭവിച്ചത് ഒരാളുടെ ഭാവനകൊണ്ടുണ്ടായതെന്ന് കണക്കാക്കിയാൽ ഇത് അസംഭാവ്യമായിരിക്കും. കാരണം മനസ് സാധാരണഗതിയിൽ ഒരാളുടെ സ്വന്തം ചിന്തകളാണ് ചിത്രീകരിക്കുന്നത്.

തുടരും

(പേജ് 1ൽനിന്ന്)

കാഫിറെന്നും പറഞ്ഞാൽ അങ്ങനെയുണ്ടാവേണ്ടത് അനിവാര്യമായിരുന്നു. കാരണം ആഗമനാകുന്ന മസീഹിനെ ദജ്ജാലെന്നും കാഫിറെന്നും വിളിക്കുമെന്ന് ഹദീഥിൽ വന്നുകഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ, ഏതൊരു വിശ്വാസമാണോ നിങ്ങൾക്ക് പഠിപ്പിച്ചുതന്നിട്ടുള്ളത് അത് തികച്ചും നിർമലവും പരിശുദ്ധവുമാണ്. തെളിവുകളുടെ ആവശ്യവുമില്ല. ഖണ്ഡിതമായ തെളിവുകൾ അതുൾക്കൊള്ളുന്നു.

## വഫാത്തെ മസീഹ്

ആദ്യത്തെ കലഹം ഈസാനബിയുടെ മരണം എന്നതുതന്നെയാണ്. പരസ്യമായ ആയത്തുകൾ ഇതിനെ പിന്തുണയ്ക്കുന്നു. *യാ ഈസാ ഇന്നീ മുത്തവഫ്ഫീക്ക വ റാഫിഉക്ക ഇലയ്യ* (3:56) *ഫലമ്മാ തവഫ്ഫയത്തനീ കുൻത അൻതർറഖീബ അലയ്ഹിം* (5:118) തവഫ്ഫയുടെ അർഥം മറ്റൊന്നാണെന്ന് ഒഴികഴിവ് പറയുന്നത് തികച്ചും കളവാണ്. ഇബ്നു അബ്ബാസ്(റ)ഉം സമ്പൂർണ മാർഗദർശി നബി(സ)തിരുമേനി തന്നെയും അതിന്റെ അർഥം 'ഇമാത്തത്ത്' എന്നു ചെയ്തിരിക്കുന്നു. ഇവരും എവിടെയൊക്കെ തവഫ്ഫ എന്ന പദം ഉപയോഗിക്കുന്നുണ്ടോ അവിടെ ഇമാത്തത്തിന്റേയും ഖബ്ളെ റൂഹിന്റെയും അർഥം ഉദ്ദേശ്യമായെടുക്കുന്നു. വിശുദ്ധഖുർആനും എല്ലായിടത്തും ഈ വാക്കിന് ഇതേ അർഥം തന്നെ വിവരിച്ചിരിക്കുന്നു. അതുകൊണ്ട് ഇതിന്റെ കൈ എങ്ങും പതിഞ്ഞില്ല. മസീഹ് നാസിരിയുടെ വഫാത്ത് സ്ഥാപിതമാകുമ്പോൾ, വരുന്നയാൾ ഉമ്മത്തിൽനിന്ന് വരേണ്ടത് നിർബന്ധമാണ്. ഇമാമുക്കും മിൻകും അതിനെ വിശദീകരിക്കുന്നു. പ്രകൃതിവാദക്കാരായ ആളുകളുടെ ഭാഗ്യമാണ്, അവർ ഈ പരീക്ഷണത്തിൽനിന്ന് രക്ഷപ്പെട്ടുവെന്നത്. കാരണം മസീഹിന്റെ മരണത്തിൽ അവർ വിശ്വസിക്കുന്നു. മസീഹ് മൗഊദിനെക്കുറിച്ചുള്ള വിവരം എത്രമാത്രം നൈരന്തര്യമുൾക്കൊള്ളുന്നതാണെന്നാൽ, അതിനെ നിഷേധിക്കൽ അസംഭാവ്യമാണ്. ഇതിനുപുറമെ ഖുർആനികമായ സൂചനകളും സാക്ഷിയാണ്. മസീഹ് വരുമെന്ന കാര്യം ബുദ്ധിമതികൾ നിഷേധിക്കുകയില്ല. (മൽഫൂദാത്ത്, വാള്യം 2, പേജ് 38-40, 2018 ഖാദിയാൻ)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും
മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,
നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും
അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും
നിത്യവും ഖുർആൻ പാരായണം ചെയ്യാൻ
അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'
(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**


**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**



Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin